# St: Thomas Marthoma Church Karimba



# Silver Jubilee Souvenir-'78

# St. THOMAS MAR THOMA CHURCH

## KARIMBA

*Silver Jubilee Souvenir*

**1978**

# St. Thomas Mar Thoma Church

## KARIMBA



# Silver Jubilee Souvenir

# 1978

EDITED AND PUBLISHED BY:

**THE SILVER JUBILEE COMMITTEE**

ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ

PRINTED AT: C. M. C. PRESS, KUNNAMKULAM



ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ



തോമസ് മാർ അത്താനാസ്യോസ്
എപ്പിസ്ക്കോപ്പാ.



ഫിലിപ്പോസ് മാർ ക്രിസോസ്ററം
എപ്പിസ്ക്കോപ്പാ.



ജോസഫ് മാർ ഐറേനിയസ്
എപ്പിസ്ക്കോപ്പാ.



ഈശൊ മാർ തിമൊഥെയൊസ്
എപ്പിസ്കോപ്പാ.

## മാർത്തോമ്മാ സഭയിലെ കാലം ചെയ്ത തിരുമേനിമാർ



മാത്യൂസ് മാർ അത്താനാസ്യോസ്



തോമസ് മാർ അത്താനാസ്യോസ്



തീത്തൂസ് ഒന്നാമൻ



തീത്തൂസ് രണ്ടാമൻ



ഡോ: ഏബ്രഹാം മാർത്തോമ്മ



ഡോ: മാത്യൂസ് മാർ അത്താനാസ്യോസ്



ഡോ: യൂഹാനോൻ മാർത്തോമ്മ

# താളുകൾ മറിക്കുമ്പോൾ


1 സന്ദേശങ്ങൾ

നി. വ. ദി. മ. ശ്രീ. ഡോ: അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ

റൈററ് റവ: തോമസ് മാർ അത്താനാസ്യോസ്

റൈററ് റവ: ഫീലിപ്പോസ് മാർ ക്രിസോസ്റ്റം

റൈററ് റവ: ജോസഫ് മാർ ഐറേനിയോസ്

റൈററ് റവ: ഈശോ മാർ തീമോഥെയോസ്

റൈററ് റവ: ഡോ: പൗലോസ് മാർ പൗലോസ്

റവ: തോമസ് ജേക്കബ്

2 അവതാരിക

3 മുഖചിത്രം ചിത്രീകരണം 35

4 കരിമ്പ കഴിഞ്ഞ കാൽ നൂററാണ്ടിലൂടെ 37

5 സഭയും സാക്ഷ്യവും —റവ: ഡോ: കെ. വി. മാത്യൂ 45

6 പറുദീസാ-സ്വർഗ്ഗത്തിന്റെ പ്രതീകം —പി. ററി. കരുവിള 49

7 സഭയും യുവജനങ്ങളും-കാലത്രയങ്ങളിൽ —വിദ്വാൻ ററി. സി. എബ്രഹാം 53

8 മുൻ വികാരിമാർ എഴുതുന്നു 57

9 മരുപ്പച്ച —ആറന്മുള കരിക്കൻസ് 65

10 പാലക്കാട്ട് ജില്ലയും സുവിശേഷ വേലയും —റവ: കെ ററി. അലക്സാണ്ടർ 75

11 ഇടവകയുടെ ദൗത്യം —പി. എം. ജോൺസൻ 77

12 മുണ്ടൂർ-ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരം —വി. വി. മർക്കോസ് 81

13 അട്ടപ്പാടിയിലെ ആദിവാസികളുടെ
ഇടയിൽ സുവിശേഷ വെളിച്ചം —തമ്പാൻ ഡി. ജോർജ്ജ് 85

14 സ്നേഹയജ്ഞം —പി. എം. ജോസഫ് പാണ്ടിയമ്മാക്കൽ 89

15 ഇടവകയുടെ ജീവനാഡികൾ —വി. സി. ഐയ്പ് 94

16 ഇടവകയിലെ ഇപ്പോഴത്തെ പ്രാർത്ഥനാ യോഗങ്ങളും ഭവനങ്ങളും 98

17 ഇടവകയുടെ പ്രാരംഭകാലം മുതലുള്ള ഔദ്യോഗിക ഭാരവാഹികൾ 100

18 Our Advertisers 102

*I said to a man who stood at the gate of the year:*

*"Give me a Light that I may tread safely into the unknown."*

*And he replied:*

*"Go out into the darkness and put your hand into the hand of God. That shall be to you better than a light, and safer than a known way."*

*Haskins, Minnie Louise.*

**Dr. Alexander Mar Thoma Metropolitan**

MAR THOMA CHURCH

*POOLATHEEN, TIRUVALLA - 689 101*

KERALA, INDIA.


കരിമ്പ സെന്തോമസ് മാർത്തോമ്മാ ഇടവകയുടെ രജത ജൂബിലിയോട് അനുബന്ധിച്ച് ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. മദ്ധ്യതിരുവിതാംകൂറിൽനിന്നും കുടിയേറിപ്പാർത്ത കുടുംബങ്ങളാണല്ലോ കരിമ്പ ഇടവകയിലെ അധികപക്ഷം അംഗങ്ങൾ. അപ്രകാരമുള്ള സാഹചര്യങ്ങളാൽ അനുഭവമാകുന്ന പ്രയാസങ്ങൾ ധീരതയോടുകൂടെ അഭിമുഖീകരിച്ച് ക്രിസ്തീയ കൂട്ടായ്മയും ഒരുമിച്ച് പ്രവർത്തിച്ച് ആ ഇടവക ക്രമമായി വളർന്നു വന്നതിൽ ദൈവത്തെ സ്തുതിക്കുകയും, എല്ലാ അംഗങ്ങളെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് ഏററവും പ്രയോജനകരമാണ്. പൂർവ്വകാലങ്ങളിൽ ദൈവം ഇടവകയെ നടത്തിയ വിധത്തെപ്പററിയും, ത്യാഗപൂർവ്വമായി പ്രവർത്തിച്ചവരുടെ സേവനങ്ങളെപ്പററിയും വരുന്ന തലമുറകൾ മറന്നുപോകാതെ രേഖപ്പെടുത്തുന്നത് ആവശ്യമാണല്ലോ. ഇതുവരെ ലഭിച്ച ദൈവകൃപയ്ക്കായി സ്തോത്രം അർപ്പിയ്ക്കാം. അതേസമയം ഭാവിയിൽ കൂടുതലായ ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നതിന് എല്ലാവരുടേയും സമർപ്പണം പുതുക്കുന്ന ഒരവസരമായി ജൂബിലി ആഘോഷങ്ങൾ പ്രയോജനപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്, കർത്തൃശുശ്രൂഷയിൽ

(ഒപ്പ്)

(അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ)

# Mar Thoma Syrian Church of Malabar

PHONE, 8420

BETHEL ARAMANA
MANGANAM P. O.
KOTTAYAM - 686018
KERALA STATE

RT. REV. THOMAS MAR
ATHANASIUS EPISCOPA

26—3—1978

കരിമ്പ സെന്തോമസ് ഇടവകയുടെ രജത ജൂബിലി കൊണ്ടാടുന്ന അവസരം ഒരു സന്ദേശം അയയ്ക്കുവാൻ അതിയായ സന്തോഷം ഉണ്ട്. കരിമ്പയും ചുററുപാടും ഈ അടുത്ത സംവത്സരങ്ങളിൽ വളരെയധികം ആളുകൾ കുടിയേറിപ്പാർത്തിട്ടുള്ള സ്ഥലമാണ്. അവിടെയുള്ള മാർത്തോമ്മാ ഇടവകയ്ക്കു് ആരംഭ സമയത്തു് വളരെ ചെറിയ ഒരു കെട്ടിടം മാത്രമാണ് ആരാധനയ്ക്കു് ഉണ്ടായിരുന്നതു്. എന്നാൽ അവിടെയുള്ള ആളുകളുടെ സ്ഥിരോത്സാഹംകൊണ്ടും, കഠിനാദ്ധ്വാനംകൊണ്ടും ഒരു പുതിയ ദൈവാലയം പണിയുന്നതിന്നിടയായി. തുടരെ ഇടവകാംഗങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ ആ കെട്ടിടവും അപര്യാപ്തമായി തീർന്നിരിക്കുകയാണല്ലോ.

കുറെക്കൂടെ സൌകര്യപ്രദമായ ഒരു സ്ഥലംവാങ്ങി ഒരു വലിപ്പമുള്ള ദൈവാലയം പണിയുന്നതിനുള്ള പരിശ്രമം ആരംഭിച്ചിരിക്കുകയാണ്, എന്നറിയുന്നു. അഞ്ചു കൊല്ലങ്ങൾക്കുമുമ്പ് സൌകര്യപ്രദമായ ഒരു പാഴ്സനേജ് കെട്ടിടവും പൂർത്തിയാക്കുന്നതിനു് സാധിച്ചു. ഈ നേട്ടങ്ങളെല്ലാം ഓർത്തു് ദൈവത്തിനു് സ്തോത്രം ചെയ്കയും ഇടവകാംഗങ്ങളെയും കാലാകാലങ്ങളിൽ നേതൃത്വം നല്കിയിട്ടുള്ള അച്ചന്മാരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കരിമ്പ ഇടവക ആ ഭാഗത്തുള്ള ഏററവും വലിയ ഇടവകയായി ഉയർന്നിരിക്കയാണ്. സമീപെയുള്ള അട്ടപ്പാടി മുതലായ മലമ്പ്രദേശങ്ങളിൽ സുവിശേഷ പ്രയത്നങ്ങൾക്കു് ആ ഇടവക നല്കുന്നതായ നേതൃത്വവും പ്രത്യേകം ശ്രദ്ധേയമാണ്. രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരം ഇടവക ഏറെറടുത്തിരിക്കുന്ന ഭാരമേറിയ ചുമതലകൾ ഭംഗിയായി നിറവേററുന്നതിനും, ക്രിസ്തീയ സാക്ഷ്യവും സേവനവും വിജയകരമായി നിർവ്വഹിക്കുന്നതിനും അങ്ങനെ ആ ഭാഗത്തു് കരിമ്പ സെന്തോമസ് ഇടവക ഭൂമിയുടെ ഉപ്പായും ലോകത്തിൻെറ വെളിച്ചമായും ശോഭിക്കുന്നതിനിടയാകട്ടെ എന്നു് പ്രാർത്ഥിക്കയും ആശംസിക്കയും ചെയ്യുന്നു.

എന്നു്,
കർത്താവിൽ സ്വന്തം

(ഒപ്പ്)
തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ.

*MAR CHRYSOSTOM*
*11 Dacosta Square*
*Bangalore - 560 005*
*India.*

കരിമ്പ ഇടവകയുടെ രജത ജൂബിചി 1978 ഏപ്രിൽ മാസത്തിൽ നടത്തുന്നു എന്നറിഞ്ഞു സന്തോഷിക്കുന്നു. മലബാർ പ്രദേശങ്ങളിലേക്കുള്ള നമ്മുടെ ആളുകളുടെ കുടിയേറിപാർപ്പ് പല വിധത്തിലും പ്രാധാന്യമർഹിക്കുന്ന ഒരു കാൽവയ്പായിരുന്നു. അവിടെ ചെന്നുചേർന്ന് ആളുകൾ അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളിൽ എന്നപോലെ ആത്മീയ കാര്യങ്ങളിലും തല്പരരായിരുന്നു എന്നുള്ളത് സന്തോഷകരമായ ഒരു സംഗതിയാണ്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അവിടെയുണ്ടായിട്ടുള്ള പുരോഗമനം പ്രശംസാർഹമാണ്. ഇന്ന് ഇടവകകളും സ്ഥാപനകളും ക്രമീകരിക്കപ്പെടുകയും ഒരു ഭദ്രാസനംതന്നെ രൂപം കൊള്ളുകയും ചെയ്തിരിക്കുകയാണല്ലൊ.

ചിതറിപോയവർ ദൈവവചനം ഘോഷിച്ചതുപോലെ സുവിശേഷസാക്ഷ്യം നമ്മുടെ ശ്രദ്ധ കൂടുതലായി ആകർഷിക്കണം. ക്രിസ്തുവിനെ പ്രഖ്യാപിക്കുന്നതും, ക്രിസ്തീയ കൂട്ടായ്മയുടെ പ്രത്യക്ഷമായ അനുഭവങ്ങൾ പ്രകടമാക്കുന്നതും, ക്രിസ്തുവിൻെറ സ്നേഹത്തിലുള്ള സേവന പരിപാടികളിലേക്കു നീങ്ങുന്നതും കൂടുതൽ ആവശ്യമാണ്. നിങ്ങളുടെ ജൂബിലി ഈ അനുഭവത്തിലേക്കുള്ള പുതിയ വിളിയായി ഭവിക്കട്ടെ എന്ന് ആശംസിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ദൈവം കൂടുതൽ കൃപകളാൽ നിങ്ങളെ ആശിർവ്വദിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

(ഒപ്പ്)

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം എപ്പിസ്കോപ്പാ

# Mar Thoma Syrian Church of Malabar

*(QUILON-KOTTARAKARA DIOCESE)*

Rt. Rev. JOSEPH MAR IRENAEUS
EPISCOPA

HERMON
ADUR,
691 523
Phone: 240

24-2-1978

കരിമ്പ മാർത്തോമ്മാ ഇടവക അതിന്റെ രജത ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ഒരു സോവനീർ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞതിൽ സന്തോഷിക്കുന്നു. കുടിയേററപ്രദേശങ്ങളിൽ രജത ജൂബിലിയാഘോഷിക്കുന്ന മാർത്തോമ്മാ ഇടവകകളിൽ ഒരെണ്ണമാണ് കരിമ്പ ഇടവകയെന്നതു് പ്രത്യേകാൽ ഓർക്കുന്നു. വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ലഭിച്ച ദർശനം ആ ഇടവകയുടെ സ്ഥാപനത്തിന് വഴി തെളിയിച്ചുവെന്നോർക്കാം. ജൂബിലിയാഘോഷിക്കുന്ന അവസരത്തിൽ ഭവന രഹിതരായ ആളുകളെ കരുതുന്നുവെന്ന് കാണുന്നതിലും സന്തോഷമുണ്ട്. അടുത്ത വർഷങ്ങളിൽ ഇടവകയുടെ നാനാപ്രകാരേണയുള്ള വളർച്ചയ്ക്ക് സഹായമായ വിധത്തിലുള്ള ദൈവാനുഗ്രഹങ്ങൾ ഇടവകയ്ക്ക് ലഭിക്കുവാൻ ജൂബിലിപരിപാടികൾ സഹായമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(ഒപ്പ്)

ജോസഫ് മാർ ഐറേനിയസ് എപ്പിസ്കോപ്പാ.

**Mar Thoma Syrian Church of Malabar**

KUNNAMKULAM—MALABAR DIOCESE.

BISHOP EASOW MAR TIMOTHEOS

KUNNAMKULAM-680503
TRICHUR DISTRICT.
KERALA STATE,
INDIA.

28-3-1978.

നമ്മുടെ കരിമ്പ സെൻറ് തോമസ് ഇടവക അതിൻെറ രജത ജൂബിലി കൊണ്ടാടുന്ന ഈ സന്തോഷവേളയിൽ നിങ്ങളോടുകൂടെ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. നാം പിന്നിട്ട സംവത്സരങ്ങൾ ചുരുക്കവും, നമ്മുടെ മുൻപിലുള്ള കാലങ്ങളും, അവസരങ്ങളും, സാദ്ധ്യതകളും, വളരെയും വലുതുമെന്നു് ഓർക്കാം. ദൈവത്തിൻെറ ദിവ്യ വിചാരണയിൽ ഈ പ്രദേശങ്ങളിൽ നമ്മെ നിലനിർത്തിയിരിക്കുന്നതു്, തൻെറ മഹത്വത്തിനും, സുവിശേഷത്തിന്റെ പ്രസിദ്ധിക്കും, സമൂഹത്തിന്റെ ഉദ്ധാരണത്തിനുമാകയാൽ, ഇടവകയായി ഏകാത്മാവിൽ ഐകമത്യപ്പെട്ടു മുന്നോട്ടു് പോകുവാൻ ദൈവംതമ്പുരാൻ ഇടവകയെ അനുഗ്രഹിക്കട്ടെ.

ജൂബിലിയോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളും, നിർവിഘ്നം വിജയകരമായി നിറവേറുമാറാകട്ടെ എന്നു് ആശംസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു.

കർത്തൃശുശ്രൂഷയിൽ

(ഒപ്പ്)

ഈശോ മാർ തിമോഥെയോസ് എപ്പിസ്കോപ്പാ.

POULOSE MAR POULOSE
BISHOP
CHURCH OF THE EAST

METROPOLITAN'S PALACE
TRICHUR - 680001
KERALA INDIA.
Phone: 20978

March 21, 1978.

കരിമ്പ സെന്തോമസ് മാർത്തോമ്മാ പള്ളിയുടെ സിൽവർ ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് ഒരു സോവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ എനിക്കു് സന്തോഷമുണ്ട്. ജൂബിലിയാഘോഷങ്ങൾക്കും സോവനീർ പ്രസിദ്ധീകരണത്തിനും എന്റെ മംഗളാശംസകൾ നേരത്തെ നേർന്നുകൊള്ളട്ടെ.

ജന്മദിനവും ചരമദിനവും വാർഷികവുമൊക്കെ കൊണ്ടാടുന്നതിലും, സ്വീകരണവും യാത്രയയപ്പും നല്കുന്നതിലും കേരള ക്രിസ്ത്യാനികൾക്കുള്ള താല്പര്യം ഒന്നു വേറെ തന്നെയാണ്. ഒരു വർഷത്തോളമെങ്കിലും നീണ്ടുനില്ക്കാത്ത ആഘോഷപരിപാടികൾ ഇക്കാലത്ത് നന്നാ കുറവാണല്ലോ! പണം ദുർവ്യയം ചെയ്യുന്നതിനുള്ള ദുഷിച്ച പ്രവണതക്ക് വിധേയരാകാതെ ലളിതവും കാര്യമാത്ര പ്രസക്തവുമായ വിധത്തിൽ നിങ്ങൾ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നുവെന്നതു് അഭിനന്ദനീയവും മാതൃകാപരവുമായ ഒരു കാര്യമാണ്. എന്റെ അനുമോദനങ്ങൾ.

ഭാരതത്തിന്റെ അപ്പോസ്തലൻ എന്നു് നാം അവകാശപ്പെടുന്ന സെയിന്റ് തോമസിന്റെ പാവന നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള നിങ്ങളുടെ ഇടവക അതിന്റെ ദൌത്യ നിർവ്വഹണത്തിൽ ഇരുപത്തിയഞ്ച് വർഷം പിന്നിട്ടിരിക്കുകയാണല്ലോ. മഹത്തായ സുവിശേഷ പാരമ്പര്യമുള്ള മാർത്തോമ്മാ സഭയുടെ ഒരു ശാഖയാണ് നിങ്ങളുടെ ഇടവക. അക്കാരണത്താൽ തന്നെ, സുവിശേഷഘോഷണത്തിൽ നിങ്ങളുടെ ഇടവക വഹിക്കേണ്ട വലിയ ചുമതലകളെപ്പററി ഇനിയും എടുത്തു പറയേണ്ട ആവശ്യമില്ല. ഈ ആഘോഷവേളയിൽ ഇടവകയുടെ നാളിതു വരെയുള്ള പ്രവർത്തനങ്ങളെ പുനഃപ്പരിശോധിക്കുന്നതിനും, കുററങ്ങളേയും കുറവുകളേയും തുറന്ന മനസ്ഥിതിയോടെ വിചിന്തനം ചെയ്യുന്നതിനും, സഭയുടെ ദൗത്യത്തെ പുനരവലോകനം ചെയ്യുന്നതിനും, പുതിയ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിങ്ങൾക്ക് അവസരമുണ്ടാകട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും ആശംസയും. സഭ ഒരു സ്ഥാപനമല്ല, ഒരു പ്രസ്ഥാനമാണ്. ദൈവത്തിന്റെ നീതിയും, സത്യവും, സമാധാനവും, സ്നേഹവുമൊക്കെ ലോകത്തിനു് വെളിപ്പെടുത്തിക്കൊടുക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സ്ഥാപനമെന്ന നിലയിൽ സഭയുടെ വളർച്ച നാം കാംക്ഷിച്ചുകൂടാ. ചന്ദനത്തിരിപോലെ സുഗന്ധം പരത്തി കത്തിയെരിഞ്ഞു് ചാമ്പലാകുന്നതിനുള്ള ത്യാഗ മനസ്ഥിതിയാണ് ആവശ്യമായിട്ടുള്ളതു്. ഉണങ്ങിയ അസ്ഥികളെ ഉയിർത്തെഴുന്നേല്പിക്കുന്ന ദൈവം, അപ്പോൾ, തന്റെ കരങ്ങളിൽ ഒരു ഉപകരണമായിരിക്കുന്ന സഭയെക്കൊണ്ട് വൻകാര്യങ്ങൾ സാധിക്കും.

സ്നേഹത്തോടെ,

(ഒപ്പ്)

ബിഷപ്പ് പൌലൂസ് മാർ പൌലൂസ്.

# *DIOCESE OF NORTH KERALA*

CHURCH OF SOUTH INDIA

Telephone: { Res: 26 | Office: 145

REV. THOMAS JACOB
MODERATOR'S COMMISSARY

DIOCESAN OFFICE
SHORANUR-679 121
KERALA STATE. S. INDIA

13 th March 1978.

I am happy to learn that the St. Thomas Mar Thoma Church at Karimba in Palghat District is completing 25 years of its existence in Kerala, and that a Souvenir is going to be published in connection with the Silver Jubilee of the above Church.

Twenty five years, though not a long period in the life of the Church, should be the proper time to review the life and ministry of the Church and thank the Lord for the wonderful way the Lord guided and sustained His Church in this area to be a living witness for Him. By the achievements of the past we may glorify the Lord and by the short-comings of previous year's life and work, we may in all humbleness submit ourselves to the Lord of the Vine-yard, asking for renewed strength from Him, who is the sourse of all spiritual blessings, to go forward in faith and trust for the extension of His Kingdom on earth.

I am also happy to note that a special convention is arranged to be held in this occasion. May the Lord our God speak to us and revive us by His Spirit, to have new visions and adventures in the Evangelistic field that our Lord's vision about us and the Church, i. e., "Ye are my witnesses", may be fulfilled in and through us

I very well appreciate the noble intention your parish has in view of constructing a house and donating the same to a deserving and poor member of your parish. It is not by preaching alone but by practice also that we should fulfill the command of our Lord and make it a reality, "Go and do thou likewise".

On behalf of the North Kerala Diocese of the Church of South India and on my own behalf, I am happy to convey our greetings and best wishes to you on this occasion of the Silver Jubilee Celebration of Karimba Church

Wishing God's Blessings on the Jubilee functions

Yours in the Service of our Lord,

Sd/-

*Rev. Thomas Jacob*
*Moderator's Commissary.*

# അവതാരിക

ദൂരവീക്ഷണമുള്ള ക്രിസ്തീയ വിശ്വാസികളുടെ പ്രയത്നം വ്യർത്ഥമാകുകയില്ല എന്നതു് ഒരു യാഥാർത്ഥ്യമാണെന്ന വിളിച്ചറിയിക്കുകയാണു് കരിമ്പ ഇടവക അതിന്റെ രജതജൂബിലി ആഘോഷിക്കുമ്പോൾ ചെയ്യുന്നതു്. അടങ്ങാത്ത ദാഹവും ഒടുങ്ങാത്ത ആവേശവും കൈമുതലായ കുടിയേററക്കാരുടെ നിരന്തരമായ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായിട്ടത്രെ, കേരളത്തിലെ ഏററവും വലിയ പഞ്ചായത്തായ കരിമ്പയിൽ, ഒരു മാർത്തോമ്മാ ഇടവക രൂപംകൊണ്ടതു്. ഇടവകയുടെ അത്ഭുതപൂർവ്വമായ വളർച്ചകണ്ടു് ആത്മസംതൃപ്തി അടയുന്ന ഇടവകയുടെ ആദ്യകാല പ്രവർത്തകരെ എത്ര കണ്ടു് അഭിനന്ദിച്ചാലും മതിവരികയില്ല. എട്ടു വീട്ടുകാരടങ്ങിയ ഒരു ചെറിയ ഇടവക ഇന്നു് കുന്നംകുളംമലബാർ ഭദ്രാസനത്തിലെ ഏററവും വലിയ ഇടവകകളിൽ ഒന്നായിത്തീരുമെന്നു് അവർ അന്നു ചിന്തിച്ചിരുന്നുവോ? 1978ലെ മാരാമൺ കൺവൻഷൻ സമയത്തു് പുറത്തിറക്കിയ "ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ". എന്ന പുസ്തകത്തിൽ, കരിമ്പ ഇടവകയുടെ രൂപീകരണം സംബന്ധിച്ചു് പ്രസ്താവിക്കുന്നുണ്ടു്.

കഴിഞ്ഞ ഇരുപത്തിഅഞ്ചു് സംവത്സരങ്ങളായി കരിമ്പ മാർത്തോമ്മാ പള്ളി ഈ പ്രദേശങ്ങൾക്കു് ഒരു പ്രചോദന കേന്ദ്രമായി ഭക്തിയുടെയും ആദ്ധ്യാത്മിക ചിന്തകളുടെയും ഉറവിടമായി നിലകൊള്ളുന്നു. പ്രകൃതിയുടെ അവസ്ഥാവിശേഷങ്ങൾക്കു വിധേയമായി, കാലത്തിന്റെ പുതുക്കത്തിനനുസരണമായ ഭാവഭേദത്തോടുകൂടി, അനേകായിരം പേർക്കു് സമാധാനത്തിന്റെയും ശാന്തിയുടെയും സദ്വർത്തമാനവും ഭക്തിയുടെ ദിവ്യസന്ദേശവും പ്രദാനം ചെയ്യുന്നതിൽ ഈ ദേവാലയം വിജയിച്ചിട്ടുണ്ടു്. ഇന്നും ആളും അർത്ഥവും ആകാര വൈഭവവും ഉള്ള ഒന്നായി നിർവിഘ്നം പരിലസിക്കുന്നു.

ഈ ഇടവകയുടെ രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അതിന്റെ ഇതഃപര്യന്തമുള്ള ചരിത്രസംഗ്രഹം ഉൾക്കൊള്ളുന്ന ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു് തികച്ചും അഭിലഷണീയമാണെന്ന വിശ്വസിക്കുന്നു. കാൽനൂററാണ്ടിന്റെ കോരിത്തരിപ്പുകൾ ഭാവി തലമുറയ്ക്കു് ഒരു പ്രചോദനവും, പ്രേരണയും, ഭാവിയെ കരുപ്പിടിപ്പിക്കുവാനുള്ള ഒരു സർഗ്ഗ ശക്തിയുമായിരിക്കും എന്നു് ആശിക്കുന്നു.

രജത ജൂബിലി ആഘോഷിക്കുന്ന ഇത്തരുണത്തിൽ ഇടവകയ്ക്കു് നേതൃത്വം നൽകിയ എല്ലാവരെയും ഓർത്തു് ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ എല്ലാ തിരുമേനിമാരുടെയും അനുഗ്രഹാശിസ്സുകൾ ലഭിച്ചിട്ടുള്ള ഈ ഇടവക അതിന്റേതായ പ്രത്യേകതകളെ വളർത്തിയെടുത്തുകൊണ്ടു് ഒരു നവസരണിയിലേക്കു പ്രവേശിക്കുകയാണു്. ഭാവികാലം ഓർത്തു് പുഞ്ചിരി തൂകി ഉണർന്നു് ഉയരുന്ന നമ്മുടെ മുമ്പിൽ—ക്രിസ്ത്യാനികളധികം ഇല്ലാത്ത ഈ സ്ഥലത്തു്—ഒരു ക്രൈസ്തവ ദേവാലയത്തിന്റെയും അതിലുപരി—'ദേവാലയത്തെക്കാൾ വലിയവൻ' ആയ യേശുക്രിസ്തുവിന്റെയും സന്ദേശം പൂർത്തീകരിപ്പാൻ അധികമധികം യത്നിക്കാം. അതിനാൽ ജീവിതത്തിൽ പയററി തെളിഞ്ഞു്, കാലം കൊണ്ടു് പരിചയവും പക്വതയും സമ്പാദിച്ച നമ്മുടെ

പിതാക്കന്മാരുടെ സഹായ നിർദ്ദേശങ്ങളും നമ്മുടെ ഇടവക വികാരിമാരായിരുന്നവരുടെ തീക്ഷ്ണതയും, സ്ഥിരോത്സാഹവും, സഭാസ്നേഹവും, കാര്യപ്രാപ്തിയും, ഇപ്പോൾ നമ്മെ നയിക്കുന്ന ആത്മീയ പിതാക്കന്മാരുടെ സുവിശേഷ തല്പരതയും, ഉന്നമന ചിന്തകളും, ഇന്നത്തെ യുവ തലമുറയുടെ ഓജസ്സും തേജസ്സും നവ ചൈതന്യവും ഉള്ള പ്രവർത്തന സന്നദ്ധതയും ഒന്നിച്ചു കോർത്തിണക്കി ഭാവി പദ്ധതികളെ രൂപപ്പെടുത്തുമെങ്കിൽ തീർച്ചയായും കരിമ്പ മാർത്തോമ്മാ ഇടവകയ്ക്കു് സാധാരണ പടിയിൽ നിന്നും അഭിവൃദ്ധിയുടെ അത്യുന്നത സോപാനത്തിൽ എത്തിച്ചേരുവാൻ സാധിക്കും. അതിനുള്ള അവസരങ്ങൾ അനവരതം ലഭിക്കും. അവ അനശ്വരവുമായിരിക്കും. സംശയമില്ല. ആത്മീയ പാപ്പരത്വവും, ജീവിതത്തിൽ ലക്ഷ്യമില്ലായ്മയും, സഭയോടും സഭാകാര്യങ്ങളോടും ഉള്ള വിരക്തി വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ യുവതലമുറ നമ്മുടെ മുൻപിലുള്ള ഭാരിച്ച ദൗത്യത്തെക്കുറിച്ചു് ഉൽബുദ്ധരായി കർമ്മോത്സുകരായി, അർപ്പിത മനോഭാവത്തോടെ മുന്നേറുവാനുള്ള ആഹ്വാന ധ്വനിയായി ഇതു തീരട്ടെ; സുവിശേഷ കാഹളത്തിന്റെ പടഹധ്വനി മുഴക്കുവാൻ ഈ സ്മാരക ഗ്രന്ഥം പ്രേരിപ്പിക്കട്ടെ. എന്നു പ്രാർത്ഥിക്കുന്നു.

ഈ സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കത്തക്കവിധം ഞങ്ങളുടെ അഭ്യർത്ഥനയനുസരിച്ചു് ആശംസാ സന്ദേശങ്ങളും, ലേഖനങ്ങളും, കവിത, ചെറുകഥ, ഫോട്ടോ എന്നിവകളും യഥായോഗ്യം അയച്ചുതന്നു് സഹായിച്ചിട്ടുള്ള എല്ലാ മഹൽ വ്യക്തികളെയും കൃതജ്ഞതാപുരസ്സരം സ്മരിച്ചുകൊള്ളുന്നു.

കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ സ്മാരക ഗ്രന്ഥം തക്കസമയത്തു് ഭംഗിയായി മുദ്രണം ചെയ്തുതന്ന കുന്നംകുളം "സി. എം. സി. പ്രസ്സിനോടും" മനോഹരമായ കവർ പേജ് ഭംഗിയായി ചെയ്തുതന്ന തിരുവല്ല "റ്റി. എ. എം പ്രസ്സിനോടും", ബ്ലോക്കു് ചെയ്തുതന്ന തൃശ്ശൂർ "ശങ്കർ ബ്ലോക്കിനോടും" കോട്ടയം കലാ ഇൻഡസ്ട്രീസിനോടും ആവശ്യമായ ചിത്രങ്ങൾ എടുത്തുതന്നു സഹായിച്ച പാലക്കാട്ട് "മാച്ചി സ്റ്റുഡിയോ"യോടും പരസ്യങ്ങൾ തന്നു സഹായിച്ചിട്ടുള്ള മാന്യ വ്യക്തികളോടും സ്ഥാപനങ്ങളോടുമുള്ള നന്ദിയും ഈ അവസരം രേഖപ്പെടുത്തികൊള്ളുന്നു.

ഇടവകയുടെ പ്രവർത്തനങ്ങളിൽ നിർലോഭമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഇടവക ജനങ്ങളോടും, ഇടവകയുടെ അഭ്യുന്നതിയിൽ ആത്മാർത്ഥമായ താല്പര്യത്തോടു മാത്രം പ്രവർത്തിക്കുന്ന കൈസ്ഥാനസമിതിയോടും, ജൂബിലിയും സ്മാരക ഗ്രന്ഥവും പരിപൂർണ്ണ വിജയത്തിലെത്തിക്കുവാൻ ആദ്യന്തം അനുസ്യൂതം യത്നിച്ചിട്ടുള്ള ജൂബിലി കമ്മിറ്റിയോടും വിശിഷ്യാ ഇടവക വികാരി റവ. കുര്യൻ തോമസിനോടുമുള്ള നിസ്സീമമായ കൃതജ്ഞതയും അറിയിക്കട്ടെ.

മൺമറഞ്ഞ കാലത്തിന്റെ ഹൃദയങ്ങളിലൂടെയുള്ള ഒരു പ്രയാണം, നമ്മുടെ ഇടവകയുടെ വളർച്ചയിൽവന്ന നിമ്നോന്നതങ്ങളെയും ആകാഴികകളെയും പോരായ്മകളെയും സ്മരിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരം—ഇതാ. ഇടവകയ്ക്കു് ഈ രജത ജൂബിലിയിലൂടെ നവചൈതന്യം സംഭരിക്കുവാനും "സൈന്യങ്ങളുടെ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമെ" എന്നും "നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്നു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമെ" എന്നും മുഴങ്കാൽ മടക്കി പ്രാർത്ഥിക്കുവാനും ഇടയാകുമെന്നും വിശ്വസിക്കട്ടെ.

രജത ജൂബിലി കമ്മറ്റിക്കുവേണ്ടി

കൺവീനർ

വി. ജെ. വർഗ്ഗീസു്, വേണാട്ടു്.

## മുഖചിത്രം — ചിത്രീകരണം

കേരള ചരിത്രത്തിൽ സുപ്രധാന സ്ഥാനം അർഹിക്കുന്ന പാലക്കാട്ട് പട്ടണം. പട്ടണത്തിന്റെ അരികുപററി ചരിത്രപ്രസിദ്ധമായ ടിപ്പുസുൽത്താൻ കോട്ട. കോട്ടയിൽനിന്നും അകലെയല്ലാതെ തലയുയർത്തി നില്ക്കുന്ന സിവിൽ ലൈൻസ് കെട്ടിടം പാലക്കാട്ട്നിന്നും അധികം അകലെയല്ലാതെ വിനോദ സഞ്ചാരകേന്ദ്രമായ മലമ്പുഴ മലമ്പുഴയോട്ട് തൊട്ടുരുമ്മി ക്കിടക്കുന്ന, റെയിൽവെ പ്രാധാന്യമുള്ള ഒലവക്കോട്ട് പട്ടണം. പാലക്കാട്ടുനിന്നും ആരംഭിച്ച്, ഒലവക്കോടിന്റെ ഓരംപററി കടന്നുപോകുന്ന വാണിജ്യ പ്രാധാന്യമുള്ള പാലക്കാട്ട്-മണ്ണാർക്കാട്ട് റോഡ്. മണ്ണാർക്കാടിനുമപ്പുറം ആദിവാസി കേന്ദ്രമായ അട്ടപ്പാടി.

പാലക്കാട്ട്-മണ്ണാർക്കാട്ട് റോഡിൽ, ഏറെക്കുറെ ആകെ ദൂരത്തിന്റെ പകുതിയോളം വരുന്ന ഭാഗത്ത് സഹ്യന്റെ മടിയിൽ തലവെച്ചു കിടക്കുന്ന കൊച്ചു കൊച്ചു ഗ്രാമങ്ങൾ. ഈ ഗ്രാമങ്ങളുടെ ഇടയിൽ വികസനത്തിന്റെ പൊൻപുലരിയും കാത്ത് കഴിയുന്ന **"കരിമ്പ"** ഈ ഗ്രാമത്തിന്റെ ഹൃദയ ഭാഗത്തെന്നോണം തലയുയർത്തി നില്ക്കുന്ന വിശുദ്ധ ദേവാലയം, സെന്റ് തോമസ് മാർത്തോമ്മാ പള്ളി.

വർഷങ്ങൾക്കു മുമ്പ്, മെച്ചപ്പെട്ട ജീവിതം തിരക്കി ഒരു കൂട്ടം ആളുകൾ മലബാറിലേക്കു കുടിയേററം നടത്തി. അവരുടെ അശ്രാന്ത പരിശ്രമവും അടിപതറാത്ത ആത്മവിശ്വാസവും ഒത്തുചേർന്നപ്പോൾ കൊട്ടംകാടുകൾ കനകം വിളയുമാറുള്ള കൃഷിയിടങ്ങളായി. കാട്ടുമൃഗങ്ങളുടെ ആക്രമണവും, അനുകൂലമല്ലാത്ത കാലാവസ്ഥയും, അടിക്കടിയുണ്ടായിക്കൊണ്ടിരുന്ന രോഗങ്ങളും അദ്ധ്വാനശീലരായ കൃഷീവലന്മാരെ തളർത്തിയില്ല. എതിർപ്പുകളെ അതിജീവിച്ച് അവർ വളർന്നു.

അനുകൂല ജീവിതസാഹചര്യം ഇല്ലാതിരുന്ന ആ കാലഘട്ടത്തിലും അവർ തങ്ങളുടെ ആത്മരക്ഷകനിൽ അഭയം കണ്ടെത്തിയിരുന്നു. സർവ്വശക്തനായ യഹോവയിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ട് അവർ തങ്ങളുടെ അദ്ധ്വാനം തുടർന്നു. ക്രൂശിന്റെ ദർശനംകണ്ട അവർ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. ആ അനുഭവം പങ്കിടുവാൻ ഒരു ആരാധന സ്ഥല ത്തിന്റെ അനിവാര്യത അവർ മനസ്സിലാക്കി. അവരുടെ ആ സ്വപ്നത്തിന്റെ സാക്ഷാത്കാര മാണ് കരിമ്പ മാർത്തോമ്മാ പള്ളി (മുഖചിത്രം നോക്കുക)

ഒരുമിച്ചു കൂടുവാനും കൂട്ടായ്മ ആചരിക്കുവാനും അവർ ആത്മാർത്ഥമായി ആഗ്രഹിച്ചു. പക്ഷെ, അതിനുള്ള സൗകര്യം കണ്ടെത്താൻ കഴിയാതെ പ്രാർത്ഥനയും കൂട്ടായ്മയും അവരവരുടെ വീടുകൾക്കുള്ളിൽ മാത്രം ഒതുക്കിനിർത്തി. ഒരാരാധനാലയം എന്നത് അവരുടെ അടങ്ങാത്ത ദാഹമായിരുന്നു. അതിനുവേണ്ടി അവർ പ്രാർത്ഥിച്ചു; പാടുപെട്ടു; അങ്ങനെ ആരാധനാലയം രൂപംകൊണ്ടു. അതിന് ഇന്നത്തെ ദേവാലയത്തിന്റേതുപോലെയുള്ള തലയെടുപ്പോ സൗകര്യമോ ഉണ്ടായിരുന്നില്ല. മുളയും ഓലയുംകൊണ്ട് മേഞ്ഞ ഒരു ചെറിയ ഷെഡ്ഡ്; അത്രമാത്രം.

കൂടുതൽ കുടുംബങ്ങളുടെ ആഗമനവും, അംഗസംഖ്യയിലുണ്ടായ വർദ്ധനവും പ്രായേണ ഒരു വലിയ ദേവാലയത്തിൻെറ ആവശ്യകതക്ക് കളമൊരുക്കി. കൂടുതൽ വലിപ്പത്തിലുള്ള ഒരു ദേവാലയം പണിയുവാനുള്ള ആഗ്രഹവുമായി പ്രാർത്ഥനയോടെ അവർ രംഗത്തിറങ്ങി. നീണ്ട വർഷങ്ങളിലൂടെയുള്ള അശ്രാന്തപരിശ്രമഫലമായി ആ സംരംഭം വിജയിക്കുകയും ഒരു പുതിയ ദേവാലയം രൂപംകൊള്ളുകയും ചെയ്തു. അതത്രെ ഇന്നത്തെ കരിമ്പ മാർത്തോമ്മാ പള്ളി. ഈ ദേവാലയത്തിൻെറ നിർമ്മാണത്തിനുവേണ്ടി ത്യാഗം സഹിക്കുകയും പ്രാർത്ഥനയോടെ സഹകരിക്കുകയും, ഇടവകയുടെ വളർച്ചയെ സഹായിക്കുകയും അതിൻെറ അഭ്യുന്നതി കാംക്ഷിക്കുകയും ചെയ്ത എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കാം; മൺമറഞ്ഞുപോയവരുടെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

കരിമ്പ ഇടവക അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. തൻമൂലം കുറെക്കൂടി വലുതും മനോഹരവുമായ ഒരു ദേവാലയത്തിൻെറ നിർമ്മാണം ഈ ഇടവകയെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. ആത്മാർത്ഥതയും, ചുറുചുറുക്കും ദൈവാശ്രയവുമുള്ള ഇടവക അംഗങ്ങൾ പ്രാർത്ഥനയോടെ ഇതിനുവേണ്ടി മുന്നോട്ടിറങ്ങിയിരിക്കയാണ്. കുറെക്കൂടി സൗകര്യപ്രദമായ ഒരു സ്ഥാനത്ത് മനോഹരമായ ഒരു ദേവാലയം പടുത്തുയർത്താനുള്ള ഇടവകയുടെ ശ്രമം സഫലമായിത്തീരാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

കഴിഞ്ഞ കാൽനൂററാണ്ടിൻെറ ഇടവകയുടെ വളർച്ച അത്ഭുതപൂർവ്വമായിരുന്നു, അനുസ്യൂതമായിരുന്നു, നിരന്തരമായിരുന്നു. ആ വളർച്ചയിൽനിന്ന് ഉത്തേജനം ലഭിച്ച ഇടവക ഇന്ന് പല രീതിയിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചിരിക്കയാണ്. സാമൂഹ്യനീതിക്കുവേണ്ടി അടരാടുവാൻ ഇടവക തയ്യാറാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഇരുപത്തിഅഞ്ചു വർഷത്തേക്ക് തിരിഞ്ഞു നോക്കാം പരാജയങ്ങളും വീഴ്ചകളും ചുമതലരാഹിത്യവും നിറഞ്ഞ "ഇന്നലെ"യുടെ വാതിൽ അടച്ചു പൂട്ടുക. തികഞ്ഞ ആത്മാർത്ഥതയും, സ്ഥിരോത്സാഹവും കൈമുതലാക്കിക്കൊണ്ട് " ഇന്ന് " എന്ന യാഥാർത്ഥ്യത്തെ പ്രവർത്തനാവസരമാക്കി "നാളെ" ക്കായി ഒരുങ്ങുക. കാരണം ഇന്ന് എന്നതു ആരും മുമ്പ് അറിഞ്ഞിട്ടില്ലാത്ത അവസരമാണ്. വീണ്ടും അറിയാൻ കഴിയാത്ത അനുഭവമാണ്. കഴിഞ്ഞുപോകുന്ന ഇന്ന്, എന്നന്നേക്കും അകന്നുപോകുന്ന അനുഭൂതിയാണ്.

ഇടവകയുടെ പ്രവർത്തനങ്ങൾക്ക് വിരാമമിടുകയല്ല രജത ജൂബിലി ആഘോഷങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നതു്. പ്രത്യുത, ഇതേവരെ അനുഭവിച്ച ദൈവകൃപയും, നിത്യനായ ദൈവം നമ്മോടുകൂടെയുണ്ടെന്നുള്ള ദൃഢവിശ്വാസവും കൈമുതലാക്കിക്കൊണ്ട് പുതിയ പ്രവർത്തനങ്ങളിലേക്ക് കാലഘട്ടത്തിൻെറ വെല്ലുവിളികളെ അഭിമുഖീകരിപ്പാൻ, സുവിശേഷത്തിൻെറ കാവല്ക്കാരായിരിപ്പാൻ — പ്രവേശിക്കുകയാണ് ആവശ്യം. അതിനായി ഇടവകയെ ദൈവം തമ്പുരാൻ സജ്ജമാക്കട്ടെ.

രജതജൂബിലി ആഘോഷിക്കുന്ന ഇടവകയ്ക്കു് എൻെറ ഹൃദയം നിറഞ്ഞ ആശംസകൾ.

എന്ന്, കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ ഇടവക വികാരി
റവ. കുര്യൻ തോമസ്.



1978-ലെ കൈസ്ഥാന സമിതിയും, രജത ജൂബിലി കമ്മററിയും.

*Sitting L. to R.* Mrs. ആച്ചിയമ്മ കരുവിള, Messers കെ ഇ. വർഗ്ഗീസ്, പി. ഐ. ചാണ്ടി, റവ. കുര്യൻ തോമസ് (വികാരി), ചാണ്ടപ്പിള്ള, ഗീവർഗീസ് കോശി, വി. സി. ഐപ്പ്, ജേക്കബ് കോശി (വൈസ് പ്രസിഡണ്ട്)

*Standing Ist row L. to R.* Messers. എ. എം. തോമസ്, ററി. ററി. തോമസ് (കണക്കൻ, ആത്മായ ശുശ്രൂഷകൻ), ജോർജ്ജ് മാത്യു, വി. ജെ. വർഗ്ഗീസ് (ട്രസ്റ്റി, രജതജൂബിലി കൺവീനർ), പി എം. ജോർജ്ജ്, വി. ജെ. തോമസ്, വി. കെ എബ്രഹാം (ആത്മായ ശുശ്രൂഷകൻ)

*Standing 2nd row L. to R.* Messers. പി. കെ. മാത്യു (സെക്രട്ടറി) ജോൺ ഫിലിപ്പ്, കുര്യൻ പൌലോസ് (ശുശ്രൂഷകൻ)



1978 [illegible]

*Sitting L to R.* Mrs. [illegible] Messers [illegible]

*Standing 1st row L to R.* Messers [illegible]

*Standing 2nd row L to R.* Messers [illegible]

# കരിമ്പ

## കഴിഞ്ഞ കാൽ നൂററാണ്ടിലൂടെ

"ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ടു് അവിടവിടങ്ങളിൽ സഞ്ചരിച്ചു".

മലങ്കര മാർത്തോമ്മാ സഭയുടെ വളർച്ചയുടെ ചരിത്രം മദ്ധ്യതിരുവിതാംകൂറിൽ വേരൂന്നി മലബാർ പ്രദേശങ്ങളിലേക്കു് വ്യാപിച്ചു കിടക്കുന്നു. യേശുക്രിസ്തുവിനെകുറിച്ചു് കേട്ടിട്ടില്ലാത്ത സമൂഹത്തിന്റെയും, ജാതിയുടേയും മദ്ധ്യെ ശക്തമായ സാക്ഷ്യം നിർവ്വഹിച്ചതിന്റെ ത്യാഗോജ്ജ്വലമായ ചരിത്രമാണു് മലബാറിലെ സഭയുടെ ചരിത്രം. ജീർണ്ണിച്ചു തുടങ്ങിയ സാമൂഹികാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്വാധീനം ചെലുത്തിയിരുന്ന സമൂഹമായിരുന്നു അന്നു് മലബാർ പ്രദേശത്തുണ്ടായിരുന്നതു്.

കാലംചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പ്രേരണയും പ്രോത്സാഹനവും ഉൾക്കൊണ്ടുകൊണ്ടു് ഇരുപതാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ മലബാർ പ്രദേശങ്ങളിലേക്കു് വന്നവർ പിതാക്കന്മാരിൽ നിന്നുൾക്കൊണ്ട വിശ്വാസ തീക്ഷ്ണതയോടെ പുതിയ മണ്ണിൽ പുതിയ സമൂഹത്തിൽ തങ്ങളെ കാലാകാലങ്ങളിലായി നയിക്കുകയും നടത്തുകയും ചെയ്ത നല്ലവനായ യഹോവയെ ആരാധിക്കുന്നതിനും ശക്തമായ സാക്ഷ്യം നിർവ്വഹിച്ചതിലൂടെ അനേകരെ ആ വലിയ രക്ഷയുടെ അനുഭവത്തിലേക്കു് കൊണ്ടുവരുന്നതിനും ശ്രമിച്ചു ആ ശ്രമം മറേറതൊരു ഭാഗത്തെന്നപോലെ കരിമ്പയിലും സമീപ പ്രദേശങ്ങളിലും പ്രോജ്ജ്വലത്തായി തുടർന്നു കരിമ്പ സെന്തോമസ് ഇടവക രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ആ പ്രയാണത്തിന്റെ കഥ — വളർച്ചയുടെ ചരിത്രം — സ്മരിക്കുന്നതു് അനുചിതമായിരിക്കുമല്ലോ.

മലയാളത്തിലെ ക്രൈസ്തവരുടെ ആത്മീയ ജീവിതത്തിനു് ചൈതന്യം പകർന്നു പോരുന്ന മാരാമൺ കൺവൻഷനിൽ ഈ നൂററാണ്ടിന്റെ ആദ്യപകുതിയിൽ മുഴങ്ങിയ കാലംചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ശബ്ദമാണു് മലബാർ പ്രദേശങ്ങളിലേക്കുള്ള മാർത്തോമ്മാക്കാരുടെ പ്രവാഹത്തിനു് തുടക്കം കുറിച്ചതു്. ജനസാന്ദ്രത കൂടിയ തലങ്ങളിൽനിന്നു് താരതമ്യേന കുറഞ്ഞ പ്രദേശങ്ങളിലേക്കു് ജനങ്ങൾ മാറി താമസിക്കുന്നതിലൂടെ നേടാവുന്ന സാമൂഹികവും ഭൗതികവുമായ നേട്ടങ്ങളേക്കാളേറെ സുവിശേഷഘോഷണത്തിനുള്ള മാർഗ്ഗവും ഉപാധിയും ആയി ഇതിനെ കണ്ടുകൊണ്ടു് തന്റെ ഇടവക സന്ദർശന വേളയിലും മററും മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവരെ അദ്ദേഹം ഇതിനായി പ്രേരിപ്പിക്കയുണ്ടായി.

തിരുമേനിയുടെ നിർദ്ദേശപ്രകാരം ദിവംഗതനായ പി. ഐ. മത്തായി കശ്ശീശാ (പ്ലാവുങ്കലച്ചൻ)യുടെ നേതൃത്വത്തിൽ നിലമ്പൂരിൽ ആരംഭിച്ച കോളനൈസേഷൻ പദ്ധതി, ഈ പ്രയാണത്തിനു് തുടക്കം കുറിക്കയും കൂടുതൽ ആളുകളെ മലബാറിലേക്കു് ആകർഷിക്കയും സ്ഥിരതാമസക്കാരാക്കി മാററുകയും ചെയ്തു 1951—'52 ഈ കാലയളവിൽ കരിമ്പയിലും സമീപ പ്രദേശങ്ങളിലുമായി ഏതാനും കുടുംബങ്ങൾ വരികയും ഇവിടെ സ്ഥിരതാമസം ഉറപ്പിക്കയും ചെയ്തു.

ക്രൈസ്തവാരാധനയ്ക്കുള്ള സൗകര്യം പരിമിതവും ക്രൈസ്തവ ആശയങ്ങൾക്കു് പ്രചാരവും ലഭിക്കാതിരുന്ന ഈ നാട്ടിൽ, 11 കിലോമീററർ അകലെയുള്ള മണ്ണാർക്കാട്ടു് സി. എസ്. ഐ. ദേവാലയം (ബാസൽ മിഷ്യൻ) ഇവരിൽ പലർക്കും അഭയം അരുളി. നമ്മുടേതായ ആരാധനയും ആരാധനാ സ്ഥലവും ഉണ്ടാകണമെന്നുള്ള ആഗ്രഹവും, ബാസൽ മിഷ്യൻ പള്ളിയിൽ ആരാധനയ്ക്കായി അനേകം നാഴികകൾ പോകുന്നതിനുള്ള ബുദ്ധിമുട്ടും, വേർതിരിക്കപ്പെട്ട സ്ഥലങ്ങളിൽ അല്ലെങ്കിൽ കൂടിയും കൂട്ടായിചേർന്നു പ്രാർത്ഥിക്കുവാനുള്ള പ്രേരക ശക്തിയായി തീർന്നു.

അങ്ങനെ വീടുകളിൽ ആരംഭിച്ച പ്രാർത്ഥനാകൂട്ടം പൊതു ആരാധനാസ്ഥലം ഉണ്ടാകുവാനുള്ള ആഗ്രഹത്തെ ഉദ്ദീപിപ്പിക്കയും അതിനായി ധനശേഖരം ഉൾപ്പെടെയുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. നാട്ടിൽ ക്രിസ്തുമസ് ആഘോഷിച്ചവർ ഇവിടെയും ഭവനങ്ങൾതോറും ആ സദ്‌വർത്തമാനം അറിയിക്കുകയും ക്രിസ്തുമസ് ഗാന ശുശ്രൂഷയിലൂടെ സാക്ഷ്യം നിറവേററുകയും ചെയ്തു. 1952 ൽ നടത്തിയ ഈ ഗാന ശുശ്രൂഷയിൽ ഇന്നാട്ടുകാരായ ഹൈന്ദവരിൽനിന്നും മുസ്ലീംകളിൽനിന്നും നിർലോഭമായ സഹായ സഹകരണങ്ങൾ ലഭിക്കുകയുണ്ടായി അന്ന് ലഭിച്ച 24 രൂപയാണ് ഈ ഇടവകയുടെ ആദ്യ മൂലധനം.

സഭയിൽനിന്നും നിയോഗിക്കപ്പെട്ട പട്ടക്കാരോ സുവിശേഷകരോ ഇല്ലാതിരുന്നിട്ടും 1952 ജൂലൈ മുതൽ '54 ഫെബ്രുവരി വരെ ക്രമമായി വീടുകൾതോറും ആരാധനകളും പ്രാർത്ഥനാകൂട്ടങ്ങളും നടന്നുവരികയും സ്തോത്രകാഴ്ച, പിടിയരി, വിളവെടുപ്പ് തുടങ്ങിയ ധനാഗമമാർഗ്ഗങ്ങളിലൂടെ ആരാധനാസ്ഥലം വാങ്ങുന്നതിനുള്ള ശ്രമം ആരംഭിക്കയും ചെയ്തു ആ കാലത്ത് ഈ കൂട്ടായ്മയിൽ സംബന്ധിച്ച അന്നമ്മ ഇട്ടി എന്ന സഹോദരി ആഭരണത്തേക്കാൾ ആരാധനാസ്ഥലം ആവശ്യമെന്ന് ചിന്തിക്കയും തൻെറ ഒരു പവൻ തൂക്കംവരുന്ന സ്വർണ്ണമാല സംഭാവനയായി നല്കുകയും ചെയ്തു 1954 ജനുവരി 25ന് പള്ളിക്കും ശവക്കോട്ടക്കുമായി $2\frac{1}{4}$ ഏക്കർ സ്ഥലം 260രൂപയ്ക്ക് മരങ്ങാട്ട് ശ്രീ വറുഗീസിൻെറ പക്കൽ നിന്നും ചാവടിയിൽ ശ്രീ. പി ററി. തോമസ് തേരടപ്പുഴ ശ്രീ ററി. എൻ ചാണ്ടി എന്നിവരുടെ പേരിൽ എഴുതി വാങ്ങി. സ്ഥലം വാങ്ങുന്നതിന്ന് ശ്രീ പി ററി. തോമസ് ചെയ്ത സഹായ സഹകരണങ്ങൾ സ്മരണീയമാണ്. 1955 ജനുവരി 21-ാം തീയതി മെത്രാപ്പോലീത്താ തിരുമേനിയുടെ പേരിൽ പള്ളിപുരയിടം എഴുതികൊടുക്കുകയും ചെയ്തു

1953 ഏപ്രിൽ 16 മുതൽ വേണാട്ട് ശ്രീ വി. ജി. ജോണിൻെറ ഭവനത്തിൽവെച്ച് സൺഡേസ്കൂൾ പ്രവർത്തനവും ആരംഭിച്ചു

## ആദ്യത്തെ വിശുദ്ധ കുർബ്ബാന ശുശ്രൂഷ

1954 മാർച്ച് 12-ാംനു- വെള്ളിയാഴ്ച ഇവിടെയുള്ള നമ്മുടെ ആളുകളുടെ ആത്മീയ ജീവിതത്തിലെ അവിസ്മരണീയ ഒരു ദിവസമായിരുന്നു. അന്ന് മലബാർ പ്രദേശത്ത് പ്രവൃത്തിച്ചിരുന്ന റവ: കെ എ. തോമസ് ഈ സ്ഥലത്തേക്ക് വരികയും തേരടപ്പുഴ ശ്രീ ററി. എൻ. ചാണ്ടിയുടെ ഭവനത്തിൽവെച്ച് ആദ്യമായി വിശുദ്ധ കുർബ്ബാന ശുശ്രൂഷ അനുഷ്ഠിക്കുകയും ചെയ്തു. ഇവിടെ താമസക്കാരായ നമ്മുടെ ആളുകൾ എല്ലാം ഈ ശുശ്രൂഷയിൽ സംബന്ധിക്കയുണ്ടായി.

## മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ സന്ദർശനം

1954 മാർച്ച് 16-ാംനു- ഇടവകയുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു സുദിനം ആയിരുന്നു നമ്മുടെ ആളുകളുടെ ഏതാനും ദിവസത്തെ അശ്രാന്ത പരിശ്രമഫലമായി 12 കോൽ നീളം 5 കോൽ വീതിയിൽ മുളയും ഓലയും കൊണ്ട് നിർമ്മിച്ച താൽക്കാലിക ഷെഡ്ഡിൽ, തിരുമനസ്സുകൊണ്ട് കരിശുവെച്ച് കുർബ്ബാന അനുഷ്ഠിക്കയും ഈ ഇടവകയ്ക്ക് കരിമ്പ സെന്തോമസ് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 1961 മാർച്ച് ആദ്യ ഞായറാഴ്ചവരെ ഏകദേശം ഏഴ് വർഷക്കാലം ഈ ഷെഡ്ഡിൽവെച്ച് ആരാധനകൾ ക്രമമായി നടന്നുവന്നു

## പ്രഥമ വികാരിയുടെ നിയമനം

ഈ ഇടവകയുടെ പ്രഥമ വികാരിയായി അന്ന് തൃശ്ശൂർ രവിവർമ്മ അഗതി മന്ദിരത്തിൻെറ ചുമതല വഹിച്ചിരുന്ന റവ: കെ വി. ശമുവേലിനെ നിയമിച്ചു മാസത്തിൽ ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാന ശുശ്രൂഷ ലഭിക്കുന്നതിനുള്ള അവസരം ഇതുമൂലം ഉണ്ടായി. മററു ഞായറാഴ്ചകളിൽ, സുവിശേഷസംഘം നിയോഗിച്ചയച്ച കെ. ജെ ജോർജ്ജ് സുവിശേഷകൻെറ സേവനവും ലഭിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അച്ചൻെറ പരിശ്രമഫലമായി ശവക്കോട്ടയ്ക്കുള്ള അംഗീകാരം ഗവണ്മെൻറിൽനിന്നും ലഭിച്ചു ശവക്കോട്ടയ്ക്ക് അംഗീകാരം ലഭിക്കുന്നതിനായി ശ്രീ ററി സി. നൈനാൻ, ശ്രീ. പി. ററി. തോമസ് എന്നിവർ നിർവ്വഹിച്ച സേവനവും വിസ്മരിക്കാവതല്ല, 120 കിലോമീററർ അകലെയുള്ള നെല്ലിയാമ്പതിയിൽനിന്നുപോലും ഇവിടെ കൊണ്ട് വന്ന് ശവമടക്കം നടത്തേണ്ടിവന്നപ്പോൾ ഇവിടെ ഒരു ശവക്കോട്ട ഉണ്ടായതിൻെറ പ്രാധാന്യം വ്യക്തമായി.

പ്രാരംഭകാലത്തെ പ്രവർത്തകർ:— ഇന്നു ജീവിച്ചിരിക്കുന്നവർ.





L to R. Messers. ഇട്ടിമത്യു, കെ. ഇ. വർഗ്ഗീസു്, വി. സി. ഐയ്പു്, പി ററി തോമസു്.

— മരിച്ചുപോയവർ —





1. വി. ജി. ജോൺ, വേണാട്ടു്

2 ടി. എൻ. ചാണ്ടി, തേരടപ്പുഴ

3. വർഗ്ഗീസു് മരങ്ങാട്ടു്

4. മത്തായി വല്യവീട്ടിൽ

## അലക്സാണ്ടർ മാർ തെയോഫിലോസ് തിരുമേനിയുടെ സന്ദർശനം

1955 ഏപ്രിൽ 5-ാം തീയതി അലക്സാണ്ടർ മാർ തെയോഫിലോസ് തിരുമേനി (ഇപ്പോഴത്തെ മെത്രാപ്പോലീത്താ) ദിവ്യശ്രീ പി. ഐ. മത്തായി കശീശായോടുകൂടി ഇടവക സന്ദർശിക്കയും ഇടവകയുടെ നാനാമുഖങ്ങളായ വളർച്ചക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ഷെഡിൽവെച്ച് വിശുദ്ധ കുർബ്ബാന ശുശ്രൂഷ അനുഷ്ഠിക്കയും ചെയ്തു

### പള്ളിയുടെ ശിലാസ്ഥാപനം

താല്ക്കാലിക ഷെഡിൽവെച്ച് ആരാധനകളും മററു കൂട്ടായ്മകളും നടത്തുന്നതിന്റെ അപര്യാപ്തയും, കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കയും ചെയ്തതോടുകൂടി പുതിയ പള്ളികെട്ടിടം ഉണ്ടാകേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവന്നു ഈ ആവശ്യം സഫലീകൃതമാകുന്നതിന്റെ ആരംഭം എന്നവണ്ണം 1955 ഏപ്രിൽ 7-ാംനു- അലക്സാണ്ടർ മാർ തെയോഫിലോസ് തിരുമേനി പുതിയ പള്ളിക്കുള്ള ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു ഇടവകാംഗങ്ങളുടെ സ്ഥിരപരിശ്രമത്താലും ഉദാരമതികളായ സഭാസ്നേഹികളുടെ സഹായസഹകരണത്താലും ഏകദേശം 6 വർഷംകൊണ്ട് 40 അടി നീളം 20 അടി വീതിയുള്ളതും 8000 രൂപയോളം ചിലവ് വന്നതുമായ ഇന്നുകാണുന്ന പള്ളി പണി കഴിപ്പിച്ചു പള്ളിപണിക്ക് വേണ്ട നേതൃത്വം നല്കിയ റവ: കുരുൻ തോമസ് (സീനിയർ) റവ: മാത്യുവർഗീസ് പണിച്ചുമതലക്കാരായ മെസ്സേഴ്സ് ററി. എൻ. ചാണ്ടി, കെ. ഇ വർഗീസ് എൻ. എം. ദാനിയേൽ, വി. ജെ വർഗീസ്, എം. ഒ ഐസക്ക് എന്നിവരോടുള്ള നന്ദിയും ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

### കൂദാശ

1961 മാർച്ച് മാസം 12-ാം തീയതി അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനി പുതിയ പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു എട്ട് കുടുംബങ്ങൾ ചേർന്ന് ഷെഡിൽ ആരംഭിച്ച ആരാധനാക്കൂട്ടം, പുതിയ പള്ളിയുടെ കൂദാശാസമയമായപ്പോഴേക്കും മുപ്പത്തിയഞ്ചായി വർദ്ധിച്ചു

ഈ കാലയളവുകളിൽ മദ്ധ്യ തിരുവിതാംകൂറിൽ വിവിധ ഭാഗങ്ങളിൽനിന്നും അനേകർ കരിമ്പയിലും സമീപ പ്രദേശങ്ങളിലുമായി കുടിയേറി പാർത്തു. നമ്മുടെ ഇടവകാംഗമായ Dr. A. K. ജോർജ്ജ് വളരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്ന തച്ചമ്പാറ ദീനബന്ധു ഹോസ്പിററൽ, അനേകരെ ഈ സ്ഥലത്തേക്ക് കൊണ്ടുവരുന്നതിന്ന് പ്രചോദനം നല്കിയതിൽ ഒരു ഭാഗം പങ്കുവഹിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കുന്നില്ല. കരിമ്പയിലും സമീപപ്രദേശങ്ങളിലുമുള്ള വിവിധ സ്കൂളുകളും അനേകരെ ഇവിടേക്കാകർഷിക്കുവാൻ കാരണമായി.

വീടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കെ 1963 ജനുവരി മാസത്തിൽ ഇടവകയായി അംഗീകരിച്ചുകൊണ്ടുള്ള കല്പന ലഭിക്കയും അതു തുടർന്ന് നാളിതുവരെ കേന്ദ്രവുമായുള്ള ബന്ധത്തിൽ തുടർന്നു വരികയും ചെയ്യുന്നു. ഇടവകയുടെ ആത്മീയ വളർച്ചക്ക് സണ്ടേസ്കൂൾ സേവികാസംഘം, യുവജനസഖ്യം പ്രാർത്ഥനാക്കൂട്ടങ്ങൾ ഇവ നിർവ്വഹിച്ചു വരുന്ന സാക്ഷ്യവും സേവനവും ഏററം വിമലതിസ്സ്വുന്നതത്രെ (സംഘടനകളുടെ പ്രവർത്തനം അനുബന്ധം ചേർത്തിരിക്കുന്നു)

### പാഴ്സനേജ്

വീടുകളുടെ എണ്ണം നൂറോളമായതോടുകൂടി ഈ ഇടവകയിൽ മുഴുവൻ സമയം പ്രവൃത്തിക്കുന്നതിന്ന് ഒരു പട്ടക്കാരനെ ലഭിക്കണമെന്നുള്ള ആവശ്യം 1967ൽ മേലാധികാരത്തെ അറിയിക്കുകയും മെത്രാപ്പോലീത്തായുടെ നിർദ്ദേശനുസരണം പാഴ്സനേജ് ഉണ്ടാക്കുന്നതിനായി തീരുമാനിക്കയും ചെയ്തു. അതനുസരിച്ച് ഇടക്കുറിശ്ശികുന്നിന സമീപം പാഴ്സനേജിനായി ശ്രീ P. M. മാത്യൂസിൽനിന്നും 40 സെൻറ് സ്ഥലം 3000 രൂപയ്ക്ക് എഴുതിവാങ്ങുകയും 1968 ഡിസംബർ 31ന്, കാലംചെയ്ത യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രസ്തുത സ്ഥലത്ത് പാഴ്സനേജിന് ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കയും ചെയ്തു. പ്രസ്തുത സ്ഥലത്ത് കിണർ കുഴിപ്പിക്കയും തറപണിയ്ക്കായി കല്ല് ഇറക്കയും ചെയ്തു എങ്കിലും ഈ സ്ഥലത്ത് കെട്ടിടം പണിയുന്നതിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകയാൽ പണികൾ സ്തംഭനാവസ്ഥയിലായി

1971ൽ പള്ളിക്ക് സമീപമായി ഇപ്പോൾ പാഴ്സനേജ് നില്ക്കുന്ന ഒരു ഏക്കർ 64 സെൻറ് സ്ഥലം സെൻറിന് 50 രൂപ വിലക്ക് തരാമെന്ന് ശ്രീ T. C. മത്തായി സമ്മതിക്കയും പ്രസ്തുത സ്ഥലം പാഴ്സനേജിനായി വാങ്ങുകയും മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി മുൻസ്ഥലത്തു സ്ഥാപിച്ച കല്ല് അവിടെനിന്നും എടുത്ത് പുതിയ സ്ഥലത്ത്

സ്ഥാപിക്കയും കെട്ടിടത്തിന്റെ പണി തുടരുകയും ചെയ്തു. പാഴ്സനേജ് പണി പൂർത്തിയാക്കുന്നതിൽ Rev: C. I. George നിർവ്വഹിച്ച സേവനവും, പ്രായോഗിക ബുദ്ധിയോടുകൂടി നിർമ്മാണ ചുമതല വഹിച്ച മെസ്സേഴ്സ് കെ ജി തോമസ്, ജേക്കബ് കോശി, വി. ജെ വറുഗീസ് എന്നിവരുടെ അദ്ധ്വാനവും ശ്ലാഘനീയമത്രെ അർപ്പണബുദ്ധിയോടുകൂടിയുള്ള ഇടവക ജനങ്ങളുടെ സഹായ സഹകരണം, ചുരുങ്ങിയ കാലംകൊണ്ട് പാഴ്സനേജിന്റെ പണി പൂർത്തിയാക്കുന്നതിനു് സഹായിച്ചു 1973 ഏപ്രിൽ 15-ാംതിയതി പാഴ്സനേജിന്റെ കൂദാശാകർമ്മം യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ തോമസ് മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു തുടർന്നു് വികാരിമാർ പാഴ്സനേജിൽ താമസിച്ചുകൊണ്ട് ഇടവക ശുശ്രൂഷകൾ നിർവ്വഹിച്ചുപോരുന്നു.

## പുതിയ പള്ളിക്കുവേണ്ടിയുള്ള തീരുമാനവും പ്രവർത്തനവും.

ഇടവകയിൽ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചതോടുകൂടി ദേവാലയത്തിന്റെ സ്ഥലപരിമിതി ഒരു പ്രശ്നമായിതീർന്നു. ഈ സാഹചര്യം ഇപ്പോഴത്തെ പള്ളി കെട്ടിടം വലിപ്പപ്പെടുത്തുന്നതിനായി തീരുമാനം എടുക്കുന്നതിനു് പ്രേരിപ്പിച്ചു. എങ്കിലും പാഴ്സനേജിന്റെ പണി ആരംഭിച്ചതോടുകൂടി പള്ളികെട്ടിടം വിപുലീകരിക്കുന്ന പരിപാടി താല്ക്കാലികമായി മാററിവച്ചു പാഴ്സനേജ് പണി പൂർത്തിയായശേഷം പള്ളി വിപുലീകരണത്തെപററി ചിന്തിക്കയും 1974ൽ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഇടവക സംഘം, ഇപ്പോഴത്തെ പള്ളി വിപുലീകരണത്തെക്കാൾ അഭികാമ്യം പുതിയ പള്ളി ഉണ്ടാകയാണു് എന്നു് കാണുകയും പുതിയ പള്ളി പണിയുന്നതിനായി തീമാനിക്കയും ചെയ്തു അതിനായി ഒരു സ്ഥലം നിർണ്ണയ കമ്മററിയെ തെരഞ്ഞെടുക്കയും ചില പ്രത്യേക വരുമാനങ്ങൾ വേർതിരിച്ച് ചർച്ച് ബിൽഡിംഗ് ഫണ്ട് രൂപീകരിക്കുകയും ചെയ്തു 1977 നവംബറിൽ പാഴ്സനേജിനു് മുൻവശത്തുള്ളതും മെയിൻറോഡിനരികെ ഉള്ളതുമായ 54സെൻറ് സ്ഥലം ശ്രീ ററി. സി. മത്തായിയിൽ നിന്നും സെൻറിനു് 175 രൂപ പ്രകാരം പുതിയ പള്ളിക്കായി എഴുതി വാങ്ങുകയും പുതിയ പള്ളി വയ്ക്കുന്നതിനുള്ള പരിശ്രമം തുടർന്നു് നടന്നു കൊണ്ടിരിക്കയും ചെയ്യുന്നു.

## കൺവൻഷൻ

മുൻ കാലങ്ങളിൽ പള്ളി കെട്ടിടത്തിൽവെച്ച് നടത്തിവന്ന കൺവൻഷൻ തുടർന്നുള്ള വർഷങ്ങളിൽ പന്തലിൽവെച്ച് നടത്തുന്നതിനായി തീരുമാനിക്കയും, അതനുസരിച്ച് പുതിയ പള്ളിക്ക് വാങ്ങിയ സ്ഥലം നിരപ്പാക്കി പ്രസ്തുത സ്ഥലത്തു നിർമ്മിച്ച പന്തലിൽവെച്ച് ഒരാഴ്ചകാലത്തെ കൺവൻഷൻ നടത്തുകയുമുണ്ടായി.

## രജത ജൂബിലിയും പരിപാടികളും

അങ്ങനെ ക്രമാനുഗതമായ വളർച്ചയിലൂടെ കാൽ നൂററാണ്ട് പിന്നിട്ട ഇടവക രജത ജൂബിലി 1978 ഏപ്രിൽ 23മുതൽ 30വരെയുള്ള തീയതികളിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കയുണ്ടായി. ജൂബിലിയോടനുബന്ധിച്ച് നടന്ന കൺവൻഷനിൽ കുട്ടികളുടെ മീററിംഗും, യുവജന സമ്മേളനവും, സേവികാസംഘ യോഗവും കൂടാതെ മദ്യവർജ്ജന യോഗവും പന്തലിൽവെച്ച് നടക്കുകയും ഉണ്ടായി. നമ്മുടെ ഇടവകാംഗമായ ശ്രീ കെ. ററി. ചാണ്ടപ്പിള്ള സംഭാവനയായി നല്കിയ സ്ഥലത്ത് ഒരു വീട്‌വെച്ച് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത ഒരു ഇടവകാംഗത്തിനു് ദാനം ചെയ്തു എന്നതു് സഭയായി നാം ആരംഭിച്ച ഭവന ദാന പ്രസ്ഥാനത്തിൽ ഒരു മുതൽ കൂട്ടായിരിക്കും എന്നുള്ളതിനു് സംശയമില്ല. കൂടാതെ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ സ്മാരകഗ്രന്ഥം നമുക്കും വരുംതലമുറക്കും ഒരു അമൂല്യ നിധി ആയിരിക്കും.

## ഇടവകയിൽ സേവനം അനുഷ്ഠിച്ച വികാരിമാർ

ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ച വികാരിമാരുടെ നിസ്തുലവും ത്യാഗസമ്പൂർണ്ണവുമായ ശുശ്രൂഷയും പ്രവൃത്തനവും ഇടവകയുടെ വിവിധോന്മുഖങ്ങളായ വളർച്ചക്ക് കാരണഭൂതമായി എന്നുള്ളതു് കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. എന്നാൽ മനുഷ്യസഹജമായ പരിമിതികൾകൊണ്ടും ബലഹീനതകൾകൊണ്ടും ഇടവക ജീവിതത്തിൽ പലപ്പോഴും അസ്വസ്ഥതകളുടെ കാർമേഘ പടലങ്ങൾ വീശുകയും പരിണിതഫലമായി ആത്മീയ ജീവിതത്തിൽ മങ്ങലുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളതും മറച്ചുവെയ്ക്കുന്നില്ല.



പാഴ്സനേജ്. സെന്റ് തോമസ് മാർത്തോമ്മാ ഇടവക



റവ. കുര്യൻ തോമസ്
ഇപ്പോഴത്തെ ഇടവക വികാരി

## 1 റവ: കെ വി ശമുവേൽ

(1954 ഏപ്രിൽ—'55 ഡിസംബർ)

ഇടവകയുടെ പ്രഥമ വികാരി തൃശ്ശൂരിൽ താമസിച്ചുകൊണ്ടു് മാസത്തിൽ ഒരിക്കൽ ഇവിടെ വന്നു് വിശുദ്ധ കർബ്ബാന ശുശ്രൂഷയും മററു കൂട്ടായ്മകളും നടത്തി ഇടവകസംബന്ധമായ രജിസ്റ്ററുകൾ എല്ലാം സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. ശവക്കോട്ടക്കു് ഗവണ്മെൻറ് അംഗീകാരം ലഭിച്ചു ആദ്യമായി ഷെഡിൽവെച്ചു് ഒരാഴ്ചക്കാലത്തെ കൺവൻഷൻ നടത്തി. ശ്രീ പി ററി കരുവിള പ്രധാന പ്രാസംഗികൻ ആയിരുന്നു.

## 2 റവ: വി. കെ. മാത്യു

1955 ഡിസംബർ —'56 മേയ് വരെ

ആറുമാസക്കാലം മാത്രമേ ഇടവകയുടെ ചുമതല വഹിച്ചുള്ളു, എങ്കിലും സ്തുത്യർഹമായ സേവനം നിറവേററി. ശൂരിയോട്ടുഭാഗത്തു് സണ്ടേസ്കൂളും സേവികാസംഘത്തിൻെറ ശാഖയും ആരംഭിച്ചു. പാലക്കാട്ടു് കേന്ദ്രമാക്കി നിയമിതനായ ആദ്യത്തെ പട്ടക്കാരൻ.

## 3 റവ: എ. എബ്രഹാം

(1956 ജൂൺ —'57 മേയ്)

നിലമ്പൂരിൽനിന്നും ഇവിടെ വന്നു് ശുശ്രൂഷകൾ നിർവ്വഹിച്ചു ഇപ്പോഴത്തെ പള്ളി പണിയുന്നതിനെപററി ആലോചിക്കയും ആയതിനു ധനാഗമനമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. ശവക്കോട്ട നിരത്തിച്ചു് Rate നിശ്ചയിച്ചു ഇടവക ദിനവും അതോടനുബന്ധിച്ചു് ധ്യാനയോഗവും നടത്തി.

## 4 റവ: പി. എം. ജോർജ്ജ്

(1957 മേയ്—ജൂൺ)

രണ്ടുമാസക്കാലം മാത്രം സേവനം അനുഷ്ഠിച്ചു പുതിയപള്ളിക്കു് ആവശ്യമായ കട്ടിള ജന്നാലിനുള്ള മരം വാങ്ങുന്നതിനു് മുൻകയ്യെടുത്തു് പള്ളിപണി ആരംഭിച്ചു.

## 5 റവ: കുര്യൻ തോമസ് (സീനിയർ)

(1957 ജൂലൈ — 1959 ജൂൺ)

പാലക്കാടു് കേന്ദ്രമാക്കി നിയമിതനായി. ഇപ്പോഴത്തെ പള്ളി കെട്ടിടത്തിൻെറ ശിലാസ്ഥാപനകർമ്മം അലക്സാണ്ടർ മാർ തെയോഫിലോസ് തിരുമേനി നിർവ്വഹിച്ചു സണ്ടേസ്കൂൾ, പ്രാർത്ഥനാകൂട്ടങ്ങൾ ഇടവകയ്ക്കു് നേതൃത്വം നല്കി പള്ളിപണി കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ചു മററു് ഇടവകകൾ സന്ദർശിച്ചു് പള്ളിപണിക്കു് പണം പിരിക്കയും പള്ളിപണി ഭിത്തി പൂർത്തിയാക്കുകയും ചെയ്തു. മാസവരി ലിസ്റ്റു് പുതുക്കി ആദ്യഫലം കരിമ്പയിലും ശൂരിയോട്ടുംവച്ചു് നടത്തുന്ന പതിവ് ആരംഭിച്ചു

## 6 റവ: മാത്യു വറുഗീസ്

(1959 ആഗസ്റ്റ് — 63 ഏപ്രിൽ)

ആദ്യം ശെമ്മാശനായും പിന്നീടു് പട്ടക്കാരനായും സേവനം അനുഷ്ഠിച്ചു. ഇപ്പോഴത്തെ പള്ളി കെട്ടിടം പണി പൂർത്തിയാക്കി കൂദാശ നടത്തിക്കുന്നതിനു് സാധിച്ചു. പള്ളി പണിക്കായി കേരളത്തിനു് വെളിയിലുള്ള ചില ഇടവകകൾ സന്ദർശിച്ചു് പിരിവുകൾ നടത്തി. ഇടവകയായി അംഗീകരിച്ചു് കല്പന ലഭിച്ചു. ഇടവക മിഷ്യൻ ആരംഭിച്ചു പള്ളിയിലേക്കു് വഴി ലഭിക്കുന്നതിനു് വേണ്ടതു് ചെയ്തു.

## 7 റവ: പി. സി. ജോൺ

(1963 മെയ് — 65 മെയ്)

പാലക്കാട്ടു് കുടുംബമായി താമസിച്ചു് ഇടവക ശുശ്രൂഷകൾ നിർവ്വഹിച്ചു. പ്രാർത്ഥനാകൂട്ടങ്ങളും സേവികാസംഘ യോഗങ്ങളും ക്രമമായി നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. പള്ളിയിൽവച്ചു് എല്ലാ ബുധനാഴ്ചതോറും വൈകിട്ടു് ബൈബിൾ ക്ലാസ്സും, പ്രാർത്ഥനാകൂട്ടവും ആരംഭിച്ചു് ക്രമമായി നടത്തി.

## 8 റവ: ററി. ററി. ജോസഫ്

(1965 ജൂൺ —'69 മെയ്)

ഇടവകയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കു് ഉത്തേജനം നല്കി. കരിമ്പയിലും, കല്ലടിക്കോട്ടും, ഇരുമ്പാമുട്ടിയിലും സണ്ടേസ്കൂളുകൾ ആരംഭിച്ചു ഇടവകയിൽ വീടുകളുടെ എണ്ണം വർദ്ധിച്ചതിനാൽ പ്രാർത്ഥനാകൂട്ടങ്ങൾ പുനർവിഭജനം ചെയ്തു പള്ളിപുരയിടത്തിൽ റബർകൃഷി ആരംഭിച്ചു എല്ലാ വീടുകളും സന്ദർശിച്ചു് വിവരങ്ങൾ ശേഖരിച്ചു് ശരിയായ ഒരു ഇടവക രജിസ്റ്റർ എഴുതി ഉണ്ടാക്കി. മാസവരി പിടിയരി പിരിവിനായി ഇപ്പോഴത്തെ ക്രമീകരണം ഏർപ്പെടുത്തി. യുവജനസഖ്യത്തിൻെറ ശാഖ ആരംഭിച്ചു പാഴ്സനേജിൻെറ സ്ഥലം വാങ്ങിച്ചു ശിലാസ്ഥാപനകർമ്മം യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചു. ശൂരിയോട്ടും കല്ലടിക്കോട്ടും പ്രാർത്ഥനാലയത്തിനു് സ്ഥലം വാങ്ങി കെട്ടിടത്തിൻെറ തറപണി പൂർത്തീകരിച്ചു

## 9 റവ: സി. ഐ. ജോർജ്ജ്

(1969 ജൂൺ–73 മെയ്)

പള്ളി ആരാധന കൂടുതൽ ക്രമീകൃതമാക്കി. യുവജനസഖ്യവും, സേവികാസംഘവും കൂടുതൽ ശക്തിയാർജ്ജിച്ചു. പാഴ്സനേജിനായി പുതിയ സ്ഥലം വാങ്ങി പണപ്പിരിവ് നടത്തി പാഴ്സനേജ് പൂർത്തീകരിച്ചു. കുദാശ തോമസ് മാർ അത്താനാസ്യോസ് തിരുമേനി കാലംചെയ്ത ശേഷം യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നടത്തി അട്ടപ്പാടിയിൽ ഒരു പ്രാർത്ഥന കൂട്ടം ആരംഭിച്ചു. അവിടെ പ്രാർത്ഥനാലയത്തിനു സ്ഥലം സമ്പാദിച്ച് താല്ക്കാലിക ഷെഡ്ഡിൽ വിശുദ്ധ കർബ്ബാന അർപ്പിച്ചു.

## 10 റവ: പി. റ്റി. മാത്യു

(1973 ജൂൺ–75 മെയ്)

പാഴ്സനേജിൽ താമസിച്ച് ഇടവക ശുശ്രൂഷകൾ നിർവ്വഹിച്ച ആദ്യത്തെ പട്ടക്കാരൻ. പള്ളിയും പാഴ്സനേജും വയറിങ്ങ് നടത്തിച്ചു. അട്ടപ്പാടിയിൽ ദേവാലയം പണി ആരംഭിച്ചു. ഇവിടെ ഒരു പുതിയ പള്ളി പണിയുന്നതിനുള്ള തീരുമാനം എടുക്കുകയും ബിൽഡിംഗ് ഫണ്ട് രൂപീകരിക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്ത് ക്രിസ്തുമസ് കരോൾ സർവ്വീസിനു കാലംചെയ്ത തിരുവല്ലാ രൂപതയുടെ സഖറിയാസ് .മാർ അത്താനാസ്യോസ് തിരുമേനി സംബന്ധിക്കയും ക്രിസ്തുമസ് സന്ദേശം നല്കുകയുമുണ്ടായി.

## 11 റവ: കുര്യൻ തോമസ്

(1975 മെയ് മുതൽ)

ഇപ്പോഴത്തെ വികാരി. ഇടവക പ്രവൃത്തനങ്ങൾക്ക് കൂടുതൽ ശക്തിയും ഉത്തേജനവും നല്കി ഇടവകയെ പുരോഗതിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. പള്ളിയ്ക്കും പാഴ്സനേജിനും കറൻറ് ലഭിച്ചു ഇടവക റജിസ്റ്ററും, മാസവരി ലിസ്ററും പുതുക്കി. അഭിവന്ദ്യ ജോസഫ് മാർ ഐറേനിയസ് തിരുമേനിക്ക് സ്വീകരണം നല്കി. ആരാധന ഭംഗിയാക്കുന്നതിനു ഒരു ക്വയർ രൂപീകരിച്ച് പാട്ടുകൾ അഭ്യസിപ്പിച്ചു വരുന്നു. മുടങ്ങിക്കിടന്നിരുന്ന പ്രാർത്ഥന കൂട്ടങ്ങളും സണ്ടേസ്ക്കൂളുകളും പുനരാരംഭിച്ചു മുണ്ടൂരിൽ ഒരു പ്രാർത്ഥനാലയം ഉണ്ടാക്കുന്നതിനു പരിശ്രമിക്കയും ആവശ്യമായ സ്ഥലം സമ്പാദിച്ച് അവിടെ താല്ക്കാലിക ഷെഡ്ഡ് പൂർത്തിയാക്കി ആരാധന നടന്നുവരുന്ന പ്രസ്തുത പ്രാർത്ഥനാകൂട്ടം ഇന്ന് ഒരു ഇടവകയായി മാറിയിരിക്കുന്നു. തച്ചമ്പാറ പ്രാർത്ഥനാലയത്തിനു സ്ഥലം വാങ്ങുകയും പ്രാർത്ഥനാലയത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. അട്ടപ്പാടിക്ക് ഒരു സുവിശേഷകന്റെ സേവനം ലഭിച്ചു. സുവിശേഷകനു താമസിക്കുന്നതിനുള്ള വീടുപണി ആരംഭിച്ചു. അട്ടപ്പാടി പള്ളിയുടെ പണി പൂർത്തീകരിച്ചു ഇടവകയ്ക്കു ശവമഞ്ചം ഉണ്ടാക്കുന്നതിനു പ്രവൃത്തിച്ചു. ഇടവകയിൽ ആദ്യമായി വാലയാജന ശുശ്രൂഷയും V. B. S ഉം ആരംഭിച്ചു. പുതിയ പള്ളിക്ക് ആവശ്യമായ സ്ഥലം വാങ്ങി. ഭദ്രാസന യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു work camp സംഘടിപ്പിക്കയും കൺവൻഷനു വേണ്ടി സ്ഥലം നിരപ്പാക്കുകയും ചെയ്തു. ക്രിസ്തുമസ് കരോൾ സർവ്വീസ് വിവിധ പരിപാടികളോടുകൂടി അത്യാകർഷകമാക്കി നടത്തുന്നതിൽ ശ്രദ്ധിച്ചു. രജതജൂബിലി ആഘോഷങ്ങൾക്കും കൺവൻഷനും പ്രത്യേക നേതൃത്വം നല്കി. ഇടവകയിൽ സാധു സഹായ ഫണ്ടും സേവികാസംഘത്തിന്റെ ചുമതലയിൽ വിവാഹ സഹായ ഫണ്ടും ആരംഭിച്ചു.

ഈകാലഘട്ടത്തിൽ ഈ ഇടവകാംഗമായ പുളിയലേത്ത് ശ്രീ. ജോൺസൻ വൈദീക പഠനത്തിനായി തിരഞ്ഞെടുക്കപ്പെടുകയും, വൈദീക പഠനം തുടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നതും പ്രസ്താവ്യമാണ്.

## ഉപസംഹാരം.

1953 ൽ 8 വീട്ടുകാർ മാത്രം ഉൾപ്പെട്ടിരുന്നതും ഓലമേഞ്ഞ ഷെഡ്ഡിൽ ആരംഭിച്ചിരുന്നതും, ഓരോ സേവികാസംഘ ശാഖയും, സണ്ടേസ്കൂൾ ശാഖയും, സംഘടനകളായുണ്ടായിരുന്നതും, മാസത്തിൽ ഒരിക്കൽമാത്രം പട്ടക്കാരന്റെ സേവനം ലഭിച്ചുകൊണ്ടിരുന്നതും 1954–ലെ തിരട്ടിൻ പ്രകാരം 345 രൂപാ വരവുചെലവുണ്ടായിരുന്നതുമായ ഈ ഇടവക, പല ബാലാരിഷ്ടതകളും തരണംചെയ്ത് ഇന്നു 170 ൽപരം വീട്ടുകാരും 6 പ്രാർത്ഥനാ യോഗങ്ങളും, 5 സണ്ടേസ്കൂളുകളും, ഒരു യുവജനസഖ്യ ശാഖയും, 6ശാഖകൾ ഉള്ള സേവികാസംഘവും സംഘടനകളായുള്ളതും മാസത്തിൽ 3 ആഴ്ചകളിൽ വികാരിയുടെ സേവനം ലഭിക്കുന്നതും, 1977–ലെ തിരട്ടിൻപ്രകാരം മുൻ വർഷത്തെ നീക്കബാക്കിയുൾപ്പെടെ 35155 രൂപ 92 പൈസ വരവും 26008 രൂപ 01പൈസ ചെല

വുമുള്ളതുമായ കുന്നംകുളം മലബാർ ഭദ്രാസനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതെന്ന് അഭിമാനിക്കാവുന്നതുമായ ഒരിടവകയായി വളർന്നു

അർപ്പണബോധത്തോടെ അടിയുറച്ച വിശ്വാസത്തോടെ, ത്യാഗോജ്ജ്വലമായ കർമ്മശേഷിയോടെ പ്രതിബന്ധങ്ങളുടെയും പ്രശ്നങ്ങളുടെയും നടുവിൽ നമ്മെ ഇന്നേയോളം വളർച്ചയുടെ ഘട്ടങ്ങളിലൂടെ നടത്തി, കാലയവനികക്കുള്ളിൽ മറഞ്ഞ സഭാ പിതാക്കന്മാരെയും, ഇന്ന് നമ്മുടെ ഇടയന്മാരായുള്ളവരെയും—ഈ പ്രദേശത്തെ സാക്ഷ്യത്തിന് ധീരമായ നേതൃത്വം നല്കി, മൺമറഞ്ഞ പിതാക്കന്മാരെയും, ഇന്ന് നമ്മോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പിതാക്കന്മാരെയും കൃതജ്ഞതയോടെ സ്മരിക്കട്ടെ.

കാലഘട്ടത്തിന്റെ വിളിക്കനുസൃതമായി സാക്ഷ്യം നിറവേറ്റുന്നതിനും-കർമ്മമണ്ഡലത്തിൽ തളരാതെ നില്ക്കുന്നതിനും-ഈ നൂറ്റാണ്ടിന്റെ ശാപമായ ചേരിപ്പോരുകൾക്കതീതമായി കൂട്ടായ്മ അനുഭവിക്കുന്നതിനും, കൂട്ടായ സാക്ഷ്യം നിർവ്വഹിക്കുന്നതിനും, ദൈവം നമ്മെ പ്രാപ്തരാക്കട്ടെ എന്ന പ്രാർത്ഥനയോടെ ഇന്നേയോളം നമ്മെ നടത്തിയ നല്ലവനായ ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ ചരിത്ര സംഗ്രഹം ഉപസംഹരിക്കട്ടെ.

**C. K. MOHAMMED**

STALL NO. 10

MUNICIPAL BUS-STAND

***PALGHAT-1.***

പാലക്കാട്ട് മുനിസിപ്പൽ ബസ്സ് സ്റ്റാണ്ടിൽ വരുമ്പോൾ സന്ദർശിക്കുക:

സ്റ്റാൾ നമ്പർ: 10

എല്ലാവിധ പ്ലാസ്റ്റിക്ക് സാധനങ്ങൾക്കും, സൗന്ദര്യ വർദ്ധക വസ്തുക്കൾക്കും, സ്റ്റേഷനറി സാധനങ്ങൾക്കും, പോലീസ് യൂണിഫോം ആർട്ടിക്കൽസിനും ജന സമ്മിതി നേടിയ ഒരു വിശ്വസ്ത സ്ഥാപനം.

*With the best compliments from:-*

# Jai Bharath Printers

H. P. O. ROAD,

**PALGHAT-I.** 678 001

# സഭയും സാക്ഷ്യവും

റവ: ഡോ: കെ. വി. മാത്യു

സംഭവത്തിന്റെ സാക്ഷികളായിരുന്ന ആദിമ സഭയുടെ സന്താനങ്ങൾ. സാധാരണക്കാരുടെ ഇടയിൽ അസാധാരണ വ്യക്തി പ്രഭാവവും, ദിവ്യ ചൈതന്യവുമായി ജീവിച്ച ആ മഹത് വ്യക്തിയുടെ പ്രവർത്തനത്തിന് അവർ സാക്ഷികളായി. അവിടന്ന് രോഗികളെ സുഖമാക്കി; ദുഃഖിതരെ ആശ്വസിപ്പിച്ചു. അവഗണിക്കപ്പെട്ടവരെ ആശ്ലേഷിച്ചു; നീതിയും സമാധാനവും പ്രഘോഷിച്ചു; കാപട്യത്തേയും അധാർമ്മികതയേയും വെല്ലുവിളിച്ചു. തത്ഫലമായി ദുഷ്ടന്മാർ അദ്ദേഹത്തെ ക്രൂശിന്മേൽ കൊന്നു മരണത്തെ അതിജീവിച്ച അദ്ദേഹം കബറിനെ ഭേദിച്ചു. സ്നേഹിതർക്കും, തന്നിൽ വിശ്വസിച്ചവർക്കും പ്രത്യക്ഷപ്പെട്ട് നവജീവൻ പ്രദാനം ചെയ്തു. ഈ സംഭവങ്ങളുടെ സാക്ഷികളും പങ്കാളികളുമായിരുന്ന ആദിമ ക്രൈസ്തവർ. അവരുടെ സാക്ഷ്യത്തിന്റെ രേഖ പുതിയ നിയമവും ഇതുപോലെ തന്നെ ചരിത്രത്തിൽ സംഭവിച്ച ഒരു വിമോചന പ്രക്രിയയിൽ പങ്കാളികളായവരുടെ സാക്ഷ്യ രേഖയാണ് പഴയ നിയമം.

സാക്ഷ്യവും സാക്ഷ്യ രേഖകളും ഉൾക്കൊള്ളുന്നവരുടെ സമൂഹമാണ് സഭ ആദ്യ സംഭവത്തിന്റെ വർത്തമാനകാല യാഥാർത്ഥ്യം സഭയിലൂടെ നിറവേറുന്നു ആ സാക്ഷ്യം തുടരുകയാണ് സഭയുടെ ദൗത്യം. സാക്ഷ്യരേഖ വായിക്കുകയും പഠിക്കുകയും ചെയ്യുന്നതുമൂലം ആദ്യ സംഭവത്തിന്റെ പുതുമ ഉൾക്കൊണ്ടുതന്നെ ലോകത്തിൽ സാക്ഷ്യം തുടരുവാൻ സഭയ്ക്കും വ്യക്തികൾക്കും കഴിയുന്നു. ഇത് സത്യമാണെങ്കിലും പ്രയോഗ തലത്തിൽ വാസ്തവമോയെന്ന് നാം ചിന്തിക്കണം.

ഇന്ന് വേദപുസ്തകത്തിന് സഭയിലുള്ള സ്ഥാനമെന്ത്? അതിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്നതിന് നാം ശ്രമിക്കുന്നുവോ? വേദപുസ്തകം ഇല്ലാത്ത ഭവനങ്ങളും വ്യക്തികളും നമ്മുടെ ഇടവകയിൽ അപൂർവ്വമായിട്ടെങ്കിലും ഉണ്ടായിരിക്കും. സ്ഥിതി വിവര കണക്കുകൾ സ്ഥിതി വിശേഷം വെളിച്ചത്ത് കൊണ്ടുവന്നുയെന്ന് വരാം. തിരുവചനം നമ്മുടെ അപരിത്യാജ്യമായ സ്വത്തായിരിക്കണം. അതിന്റെ ധ്യാനപരമായ പഠനം കൂടാതെ സാക്ഷ്യം നിർവ്വഹിക്കുവാൻ സാധ്യമല്ല. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനേയും, സമൂഹത്തിലെ പുഴുക്കുത്തുകൾക്കെതിരായി ദൈവനാമത്തിൽ ശബ്ദമുയർത്തിയ പ്രവാചകന്മാരെയും അടുത്തു മനസ്സിലാക്കുന്നതിന് വേദപുസ്തക പാരായണം സഹായിക്കും. ആദിമ സാക്ഷികളുടെ സത്തയും, സ്വഭാവവും ഗ്രഹിക്കുന്നതിന് അത് വഴി തുറക്കും. മുന്നേറുന്നതിന് നമ്മെ പ്രചോദിപ്പിക്കയും ചെയ്യും. ക്രിസ്തു സംഭവത്തിന് ദൃക്ക് സാക്ഷികളാകുവാൻ നമുക്ക് ഭാഗ്യം ലഭിച്ചില്ല. എന്നിരുന്നാലും അതിന് പദവി ലഭിച്ചവരുടെ സാക്ഷ്യം, ക്രിസ്തുവിനെ അറിഞ്ഞ് അംഗീകരിക്കുന്നതിനും, ദൈവസ്നേഹത്തിന്റെ ആഴം അറിയുന്നതിനും നമ്മെ സഹായിക്കും. വേദപുസ്തക പഠനം നമ്മെ വിശ്വാസത്തിലേക്കും, വിശ്വാസത്തിൽ നിന്ന് ഉരുതിരിയുന്ന ഉദാത്തമായ സാക്ഷ്യത്തിലേക്കും വഴി നടത്തും.

സഭ, ചരിത്രത്തിന്റെ തുടർച്ചയാണ്. ദൈവം മനുഷ്യരെ സ്നേഹിച്ചതും, പരിപാലിച്ചതും, വിശ്വസ്തമായും അവിശ്വസ്തമായും ദൈവ സ്നേഹത്തിന് മനുഷ്യൻ പ്രതികരണം കാട്ടിയതും വേദപുസ്തക ചരിത്രത്തിന്റെ ഭാഗമാണ്. പിതാക്കന്മാരുടെ അവിശ്വസ്തത ആവർത്തിക്കാതെ, വിശ്വസ്തത അനുകരിച്ച് ആധുനിക കാലഘട്ടത്തിന് അനുസരണമായി സാക്ഷ്യം തുടരുവാൻ കടപ്പെട്ടവരാണ് നാം.

ലോകത്തിൽ "ക്രിസ്തു സംഭവ"ത്തിന് സാക്ഷ്യം വഹിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട ചെറിയ കൂട്ടമാണ് ഇടവക. എന്നാൽ സഭാംഗങ്ങൾ സാക്ഷികളാണെന്ന് അനുമാനിക്കുന്നത് ശരിയോ? പലരും യേശുക്രിസ്തുവിനെ അറിയുകയോ അനുഗമിക്കയോ ചെയ്യുന്നില്ലെന്നുള്ളതാണ് വാസ്തവം. നൂറ്റാണ്ടുകളിലൂടെ ദൃശ്യമാകേണ്ടതായ സാക്ഷ്യത്തിന്റെ അഭാവം യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം ജനതാമദ്ധ്യത്തിൽ രൂഢമൂലമാകുന്നതിന് തടസ്സമായി തീർന്നിട്ടുണ്ട്. രൂപാന്തരപ്പെടുത്തുവാൻ കഴിവുള്ള ക്രിസ്തുവിന്റെ ചൈതന്യം തന്നെ സഭയ്ക്കുള്ളിലെ കാർമേഘ

SOBHA AFZAL

**Mannarghat**

അഴകിനിണങ്ങിയ ആകർഷണീയവും ആദായകരവുമായ തുണിത്തരങ്ങൾക്ക് "ശോഭ" കാട്ടിലത്താണി മണ്ണാർക്കാട്
ഫോൺ: 247
(ബോംബെ ഡയിംഗ് അംഗീകൃതവ്യാപാരി)
Parakkal Mohammed
(Managing Partner)

മഫത്ലാൽ, ജിയാജി, ഭാരത് വിജയ്, ഗ്വാളിയോർ സൂട്ടിങ്ങ്, കല്യാണ സാരി കൾക്കും, നിത്യോപയോഗ വസ്ത്രങ്ങൾക്കും അത്യാധുനിക റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും "അഫ്സൽ" വാക്കമണ്ണറോഡ് മണ്ണാർക്കാട്. ഫോൺ 237.

with the best compliments from:

# ◆ GLASS HOUSE ◆

***PALGHAT-1.***

*With the best compliments from:*

# SOBHA TRADERS

*13, Municipal Bus-Stand Buildings, PALGHAT-1.*

നെല്ലിനെ ബാധിക്കുന്ന എല്ലാ കീടങ്ങളേയും, തണ്ട് തുരപ്പൻ, കലന്തുമ്പ്, ബ്രൌൺ ഹോപ്പർ, ഓലചുരുട്ടിപ്പുഴ, കുഴൽപ്പുഴ, ഇലപ്പേൻ എന്നീ എല്ലാ ബാധകൾക്കും ആധുനിക കീടനാശിനി **എൽസാൻ E. C. 50**

*With best compliments from:*

# *Yemkay Agencies*

*OPPOSITE HEAD POST OFFICE*

**PALGHAT** *Phone: 4028*

പടലങ്ങളാൽ മൂടപ്പെട്ടുപോയി. ദൈവത്തിൽ വിശ്വസിക്കയും, യേശുക്രിസ്തുവിലൂടെ പ്രകാശിക്കപ്പെട്ട ദൈവസ്നേഹത്തിന്റെ സാക്ഷികളായി അയക്കപ്പെടുകയും ചെയ്ത സഭയുടെ കൃത്യവിലോപത്താൽ സംഘടിത സഭയിലും, അതു് പ്രതിധാനം ചെയ്യുന്ന വിശ്വാസ സംഹിതയിലും മനുഷ്യർക്കുള്ള വിശ്വാസം കുറഞ്ഞുവരുന്നു.

ഈ പ്രതിസന്ധിയിൽ ഇടവകകളും അതിലുൾപ്പെട്ടിരിക്കുന്ന കുടുംബങ്ങളും, വൃക്തികളും എന്താണു് ചെയ്യാവുന്നതു്? സാക്ഷ്യത്തിന്റെ സംഘമായ നാം ലോകത്തെ അഭിമുഖീകരിക്കുന്ന രംഗങ്ങളിലെല്ലാം തന്നെ ദൈവസ്നേഹത്തെ മുൻനിർത്തിയുള്ള രക്ഷാപ്രവർത്തനങ്ങൾക്കു് നേതൃത്വം നല്കുക. നാം തന്നെ യേശുക്രിസ്തുവിലൂടെ ലഭ്യമായ നവജീവന്റെ പങ്കാളികളാവണം. ജീവിത ശൈലിയിലുള്ള അതിന്റെ പ്രസരണം അയൽക്കാർ അറിയുകതന്നെ വേണം. ഈ അനുഭവം ഇല്ലാത്ത മാർത്തോമ്മാക്കാർ സുവിശേഷ സാക്ഷ്യത്തിനു് വിലങ്ങുതടിയും, സഭയിലെ പുഴുക്കുത്തുകളുമാണു്. ഞാൻ ഉൾപ്പെട്ടു നിൽക്കുന്ന കുടുംബത്തിലെ അംഗങ്ങളും, ഞാനും ക്രിസ്തുവിന്റെ സാക്ഷികളാണോ? തിരുവചന പാനവും, സഭാംഗങ്ങളുടെ ജീവിത വീക്ഷണവും, ദൈവം യേശുക്രിസ്തുവിലൂടെ ഉൽഘാടനം ചെയ്ത നവയുഗത്തിന്റെ മുഖമുദ്രയായി പരിലസിക്കുവാൻ ഇടയാകട്ടെ.

*With the best compliments from:-*

# PULLOLIKAL

## DENTAL CLINIC

## PALGHAT

മാവുകണ്ടം

# വിദ്യാർത്ഥി മിത്രം

പാലക്കാട് ബ്രാഞ്ച്

H. O. കോട്ടയം

With the best compliments from:-

## St: Thomas Industrials

**V. H. Road, PALGHAT-1**

Prop: C. U. THOMAS

സോമിൽ വർക്ക്, ഓട്ടോമൊബൈൽ വർക്ക്, എല്ലാത്തരം വെൽഡിംഗ് വർക്കുകൾ (Turning & Fitting) മിഷ്യൻ റിപ്പയറുകൾ, ലെയ്ത്ത വർക്കുകൾ ഇവ ചെയ്തു കൊടുക്കുന്ന വിശ്വസ്ത സ്ഥാപനം.

# സഭയും യുവജനങ്ങളും — കാലത്രയങ്ങളിൽ

വിദ്വാൻ T. C. എബ്രഹാം പുതുപ്പള്ളി

മാനവചരിത്രത്തിൽ നിർണ്ണായകമായ ഒരു കാലഘട്ടത്തിലാണു് ഇന്നു നാം. മാനുഷികാവകാശങ്ങളെപ്പററി ഒരു നവീന ചിന്താഗതി ലോകജനതയുടെ ഇടയിൽ എന്നത്തേക്കാളുമധികമായി രൂഢമൂലമായിട്ടുണ്ടു്. സ്വാതന്ത്ര്യത്തിനും ക്രിയാത്മകമായ പ്രവർത്തനത്തിനും വേണ്ടി മനുഷ്യന്റെ പോരാട്ടത്തിൽ ഇന്നു യുവജനങ്ങൾ സുപ്രധാനമായ ഒരു പങ്കു് വഹിക്കുന്നുണ്ടു്. സാമൂഹ്യപരിവർത്തനയജ്ഞത്തിന്റെ പാതയിൽ യുവലോകം മുൻപന്തിയിൽ തന്നെ നിലകൊള്ളുന്നു. മാററം പ്രകൃതിയുടെ മാററാനാവാത്ത ഒരു നിയമമാണു് പ്രകൃതിയോടു്ബന്ധപ്പെട്ട എന്തൊന്നും ഈ മാററത്തിനു് വിധേയമാകുന്നു. ഈ പരിവർത്തനത്തിൽ സഭയ്ക്കും അതിന്റേതായ പങ്കു് വഹിച്ചേ മതിയാകൂ.

ക്രിസ്തുവിശ്വാസികളുടെ സമൂഹമായ സഭ ചലനാത്മകമാണു് പരിവർത്തനത്തിനുവേണ്ടിയുള്ളതാണു്. വളർച്ചയും തളർച്ചയും അന്തിമവിജയവും സഭയ്ക്കുണ്ടു്. ക്രൈസ്തവ സഭ, കേവലം താത്ത്വികമോ ഉപദേശപരമോ മാത്രമല്ല; ജീവൻ ത്രസിക്കുന്ന ഒരു സമൂഹമാണു്. ഈ രണ്ടു ലക്ഷ്യങ്ങളും സമഞ്ജസമായി സമ്മേളിക്കുമ്പോഴാണു് സഭയുടെ ദൌത്യം സഫലമാവുക.

എന്താണു് യുവത്വം? ആരാണു് യുവജനങ്ങൾ? യുവത്വം മനസ്സിന്റെ അവസ്ഥയാണു്. അതു് പ്രായത്തിന്റെ അടിസ്ഥാനത്തിലല്ല, കാണേണ്ടതു്. സമൂഹത്തിന്റെ അസ്വസ്ഥതകൾ യഥാവസരം ഗ്രഹിച്ചു് ജനങ്ങളെ അതിൽനിന്നു് രക്ഷിക്കുന്നതിനു് കർമ്മനിരതരാകുകയാണു് യുവജനങ്ങളുടെ ധർമ്മം. ആത്മവീര്യത്തോടുകൂടി പുരോഗതി കൈവരിക്കുകയാണു് യുവത്വത്തിന്റെ ലക്ഷണം. യഥാർത്ഥത്തിൽ പരിവർത്തനത്തിന്റെ പാതയിൽ ആരേക്കാളുമധികം മുന്നേറുവാനുള്ള തന്റേടം പ്രദർശിപ്പിക്കേണ്ടതു യുവജനങ്ങളാണു്. ശക്തിയുടെയും ധീരതയുടെയും പര്യായങ്ങളായിരിക്കണം യുവത്വം. സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ശക്തമായ അടിത്തറ, യുവജനങ്ങൾ ആണു്. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മുഖ്യ കണ്ണിയും യുവതലമുറതന്നെ.

നാളത്തെ സഭയുടെ ചുക്കാൻ പിടിക്കേണ്ടവർ അവരാണു്. അതിനാവശ്യമായ പ്രായോഗിക പരിശീലനം സഭയിൽതന്നെ ലഭിക്കേണ്ടതാണു്. നിർഭാഗ്യവശാൽ നമ്മുടെ ചില സഭകളിൽ യുവജനങ്ങൾക്കു് അർഹിക്കുന്ന സ്ഥാനവും അവസരവും ലഭിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അംഗീകാരം നിഷേധിക്കപ്പെടുമ്പോൾ, അതുലഭിക്കുന്ന അനുകൂല സാഹചര്യങ്ങളെ ആശ്ലേഷിക്കുവാൻ വെമ്പുന്ന ഒരു പ്രകൃതം യുവജനങ്ങൾക്കുണ്ടെന്നുള്ളതു് മറച്ചു് വയ്ക്കേണ്ടതില്ല. അവിടെ അപാകമോ അപൂർണ്ണങ്ങളോ ആയ പരിശീലനങ്ങൾ അവരെ അനാശാസ്യങ്ങളായ ചുററുപാടുകളിലേക്കു് വലിച്ചിഴച്ചെന്നും വരാം. ആ ആശയസംഹിതകളും പ്രേരണകളും സഭയിലും പ്രയോഗിക്കുവാനുള്ള ദുർവ്വാസനകളും ചിലപ്പോൾ പ്രകടമായെന്നും വരും. അതു് അപകടസാദ്ധ്യതയുള്ള ഒരു യാഥാർത്ഥ്യമാണു്. എന്നാൽ സഭയുടെ ഭൂതകാലചരിത്രം പരിശോധിച്ചാൽ സഭയുടെ മുതൽക്കൂട്ടായി വർത്തിച്ചിട്ടുള്ളതു് യുവജനങ്ങളായിരുന്നു എന്നുകാണാം. പാപത്തിൽനിന്നു് ലോകത്തെ വീണ്ടെടുക്കുകയെന്ന മഹത്തായ രക്ഷണ്യപ്രവർത്തനം നിർവ്വഹിച്ച കർത്താവും യൌവ്വന പ്രൗഢിയിലാണു് അതു് സാധിച്ചതു്.

## ‘ഇന്നലെ’കളുടെ സ്മരണകൾ

ആദിമസഭയിൽ ഫലകരമായ ശുശ്രൂഷചെയ്യുവാൻ യുവജനങ്ങൾക്കു് കഴിഞ്ഞിട്ടുണ്ടെന്നു് സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. ആദ്യ നൂററാണ്ടുകളിൽ മാത്രമല്ല, എന്നും സഭയുടെ ജീവനാഡികളായി യുവജനങ്ങളാണു് വർത്തിച്ചിട്ടുള്ളതു്. കാലാകാലങ്ങളിൽ സഭയുടെ നവീകരണ പ്രക്രിയയിൽ യുവജനങ്ങളുടെ പങ്കു് എടുത്തുപറയേണ്ടതാണു്. ക്രിസ്തീയവിശ്വാസ സംരക്ഷണാർത്ഥം ജീവത്യാഗംവരെ സഹിക്കുവാൻ യുവജനത സന്നദ്ധരായിരുന്നു. ക്രൈസ്തവസഭയുടെ ചരിത്രപരമായ വളർച്ചയിലെ നാഴികക്കല്ലുകൾ നവീകരണപ്രസ്ഥാനം ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അമിത പ്രാധാന്യം നല്കിയിരുന്ന കാലത്തു് സഭയുടെ ആത്മീയ ചൈതന്യം ഉദ്ബുദ്ധമാക്കി പുരോഗതിയിലേക്കു് നയിക്കുവാൻ — ഒരു

സ്വവിശേഷ വിപ്ലവത്തിന്ന് നേതൃത്വം കൊടുക്കുവാൻ — യുവജനങ്ങളാണ് മുൻകൈയെടുത്തത്. ലോകപ്രശസ്തരായ മാർട്ടിൻ ലൂഥർ, ഒറിജൻ, കാൽവിൻ, കാതറൈയിൽ, മൂഡി വില്ല്യംകേറി എന്നിവർ അവരിൽ ചിലരാണ്.

## 'ഇന്നി'ന്റെ അനുഭവങ്ങൾ

സഭ ഇന്ന് ഏറെക്കുറെ നിർജ്ജീവമാണ്. ലോകത്തിന്റെ വെളിച്ചങ്ങളായിരിപ്പാൻ, സ്നേഹിക്കപ്പെടുവാനല്ല, സ്നേഹിപ്പാൻ, സേവിക്കപ്പെടുവാനല്ല, നിസ്വാർത്ഥമായി സേവിപ്പാൻ ലോകത്തിൽ നിയമിക്കപ്പെട്ട സഭയുടെ ഇന്നത്തെ സ്ഥിതി ശോചനീയമാണ്. സ്നേഹത്താൽ പ്രചോദിതരായി സ്നേഹത്തിൽ അന്യോന്യം സേവിപ്പാൻ വിളിച്ചു വേർതിരിച്ചിരിക്കുന്ന ക്രൈസ്തവജനത പരിഹാസ്യമാംവിധം വിദ്വേഷത്തിന്റെ വിഷധൂമികയാൽ മൂടപ്പെട്ടിരിക്കുകയാണ്. പിളർപ്പും ഭിന്നതയും, കക്ഷി വഴക്കുകളും, വ്യക്തി വൈരാഗ്യങ്ങളുംമൂലം വ്രണിതമായ സഭാഗാത്രം ഇനി രോഗവിമുക്തമാകുമോ എന്നുശങ്കിക്കേണ്ട ദുസ്ഥിതിയിലായിരിക്കുകയാണ്. സഭയുടെസാക്ഷ്യം നിർവ്വഹിക്കുവാനും, ഇരുളടഞ്ഞലോകത്തിന് മാർഗ്ഗദീപമായിരിക്കുവാനും സാധിക്കുമോ എന്ന് ഭയപ്പെടേണ്ട ദുരവസ്ഥയിലാണിന്ന് സഭ. നാം ഒന്നായിരിക്കണമെന്നുള്ള സഭാനാഥന്റെ ആഹ്വാനത്തെ ബോധപൂർവ്വം നിഷേധിച്ചുകൊണ്ടല്ലേ സഭ ഇന്ന് ദൗത്യനിർവ്വഹണത്തിൽ പരാജിതരായിരിക്കുന്നത്. മനുഷ്യനെ യഥാർത്ഥമനുഷ്യനാക്കുന്നതിനും അവന്റെ ജീവിതം ധന്യമാക്കുന്നതിനും സജ്ജമുള്ള ഉത്തരവാദിത്വങ്ങളിലും കടമകളിലും പാളിച്ചകൾ സംഭവിച്ചു കഴിഞ്ഞിരിക്കയാണ്. സ്നേഹത്തിന്റെ എണ്ണ പകർന്ന് വിശ്വാസമെന്ന ദീപനാളത്തെ പ്രോജ്വലിപ്പിച്ച് പ്രത്യാശയുടെ വെളിച്ചം പരത്തുകയാണ് ക്രൈസ്തവധർമ്മം. ഈ അത്യുൽകൃഷ്ടധർമ്മം നിറവേററുന്നതിൽ സഭ എത്രമാത്രം വിജയിച്ചിട്ടുണ്ട്? ഇന്നത്തെ സഭകളെല്ലാം ഉഷ്ണവാനും ശീതവാനുമല്ലാത്ത ദുർദ്ദശയിലെത്തിയിരിക്കയാണ്.

ഇന്നത്തെ ക്രൈസ്തവ യുവജനങ്ങളിൽ ഏറിയപങ്കും തങ്ങളുടെ ഭവനങ്ങളിലും ചുററുപാടുകളിലും നിന്നു ലഭിക്കുന്ന പ്രേരണകൾക്കനുസരിച്ച് ആരാധനകളിലും സഭാകാര്യങ്ങളിലും പങ്കുകൊള്ളുന്നുണ്ടെങ്കിലും, വിശ്വാസ ജീവിതത്തിൽ ഒരു ഉറച്ച നിലപാട് ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാനം ഉറയ്ക്കാത്തതിനാൽ, ചുററുപാടുകളുടെ വെല്ലുവിളികൾക്ക് അവർ വശംവദരായിപ്പോകുന്നു. വിവിധ പ്രേരണകളിൽപെട്ടുപോയ അവർക്ക് നേരിടുന്ന സംശയങ്ങൾക്ക് നിവാരണമുണ്ടാക്കുവാൻ, സഭാ നേതൃത്വത്തിന് കഴിയുന്നില്ല. കൂടുതലായ വിശദീകരണങ്ങൾ ആവശ്യപ്പെട്ടാൽ യാഥാർത്ഥ്യങ്ങളെകണക്കിലെടുക്കാതെ മതവിദ്വേഷികളെന്നോ വിപ്ലവകാരികളെന്നോ മുദ്രകുത്തി യുവജനങ്ങളെ ഒററപ്പെടുത്തുവാനുള്ള വ്യഗ്രതയാണ് സാധാരണ കണ്ടുവരുന്നത്. ഇത് പ്രശ്നപരിഹാരമല്ല പ്രത്യുത, പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ഈ സ്ഥിതിവിശേഷങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് യുവജനങ്ങൾ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞ് മാറുന്നതും ശരിയല്ല മുതിർന്ന തലമുറയുടെ അഭിപ്രായം എന്ന കാരണത്താൽമാത്രം എന്തിനും എതിർപ്പ് പ്രകടിപ്പിക്കുന്നത് ഒരു "ഫാഷ"നായിട്ടുണ്ട് ഇന്നത്തെ യുവജനങ്ങളിൽ അതോടൊപ്പം പുരോഗമനത്തിന്റെ പേരിൽ തങ്ങളുടെ അഭിപ്രായങ്ങൾ ആരും അംഗീകരിച്ചുകൊള്ളണമെന്നുള്ള ശാഠ്യവും ഇന്നത്തെ തലമുറയിൽ ദൃശ്യമാണ്. നൂററാണ്ടുകളായി കൈമാറി പോരുന്ന വിശ്വാസ സത്യങ്ങൾ പഴയതലമുറയിൽനിന്ന് ലഭിച്ചുവെന്ന കാരണത്താൽ നിഷേധിക്കുവാൻ വെമ്പൽക്കൊള്ളുന്ന യുവജനതയുടെ മനോഭാവവും ശരിയല്ല ഗംഭീരാശയങ്ങൾ ഉൾക്കൊള്ളുന്ന മുദ്രാവാക്യങ്ങൾ ഉറച്ചുഇരിക്കുന്നതിൽ അർത്ഥമില്ല, നേരെമറിച്ച് അവ ജീവിതത്തിൽ പകർത്തിക്കാണിക്കുവാനാണ് യുവജനങ്ങൾ ഒരുമ്പെടേണ്ടത്. വ്യക്തിപരമായി ക്രിസ്തുവുമായിബന്ധമുള്ളവരും ജീവിതത്തിൽ സാക്ഷ്യമുള്ളവരുമായ എത്ര യുവസുഹൃത്തുക്കൾ ഇന്ന് സഭയിലുണ്ടെന്നുള്ളത് പരിശോധനാർഹമാണ്.

## നാളെയുടെ പ്രത്യാശ.

അരണ്ടവെളിച്ചമല്ല, വിശ്വാസമെന്ന ദീപനാളത്തിന് സ്നേഹമെന്ന എണ്ണ പകർന്നുകൊടുത്ത് പ്രത്യാശയുടെ പ്രഭാപൂരം ചുററുപാടുകളിൽ പകർന്നുകൊടുക്കുവാൻ സഭ തയ്യാറാകേണ്ടിയിരിക്കുന്നു. ആത്മാവിന്റെ ഫലങ്ങൾ ലോകത്തിൽ പ്രദാനംചെയ്യുവാൻ സമശീതോഷ്ണാവസ്ഥയിൽനിന്ന് ആധുനികസഭ ഉണർന്നെഴുന്നേല്ക്കതന്നെ വേണം. വിദ്വേഷത്തിനല്ല, സ്നേഹത്തിനും സേവനത്തിനുമായി ക്രൈസ്തവജനത ചെലവിടപ്പെടണം. സഭാ സാക്ഷ്യം വീണ്ടെടുക്കേണ്ട ശോധനയുടെ കാലഘട്ടമത്രെ നാളെയുടേത്. സാക്ഷ്യമില്ലാത്ത സഭ ജീവനില്ലാത്തതാകുന്നു. പ്രസംഗത്തോടൊപ്പം പ്രാർത്തനമണ്ഡ

ലത്തിലേക്കു സഭ ഇറങ്ങിച്ചെല്ലണം. ക്രിസ്തു ചെയ്തതും ആദിമസഭ കാണിച്ചുകൊടുത്തതും അതായിരുന്നു. അതു് എളുപ്പവഴിയല്ല, അത്യന്തം ശ്രമകരവും ക്ലേശപൂർണ്ണവുമായതുതന്നെ. ക്രിസ്തുവിനെയും ക്രിസ്തീയതത്വങ്ങളെയും അവഗണിച്ചുകൊണ്ടുള്ള ഒരു മുന്നേററമാണു് എന്നും എവിടെയും അതു് അവസാനിപ്പിച്ചേ നമ്മുടെ ലക്ഷ്യത്തിലെത്തുവാൻ കഴിയൂ

പതിനാറാംനൂററാണ്ടിൽ നവീകരണ പ്രസ്ഥാനത്തിനു് നേതൃത്വം കൊടുത്ത യുഗപ്രഭാവനായ ലൂഥറിനെപ്പോലെ മുന്നേറി നിർജ്ജീവമായ സഭാഗാത്രത്തിനു് ഉയിരും ഊർജ്ജിതവും പകരേണ്ടതു് യുവജനങ്ങളാണു്. വികാരാവേശമല്ല, വിവേകവും വിശ്വാസവുംകൊണ്ടു് കരുത്താർന്ന സമരാവേശം! യുവതലമുറ തങ്ങളെത്തന്നെ വിലയിരുത്തി സഭയെയും ചുററുപാടുകളെയും അപഗ്രഥനംചെയ്തു ക്രിസ്തീയവിശ്വാസ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ശുഭാപ്തി വിശ്വാസത്തോടെ അടരാടുവാൻ തയ്യാറാവണം. സഭാകാര്യങ്ങളിൽ യഥായോഗ്യം ഇടപ്പെടുവാൻ യുവജനങ്ങൾക്കു അവകാശം ലഭിക്കുകയും വേണം. ക്രിയാത്മകമായ അവരുടെ വിമർശനങ്ങൾ ക്ഷമാപൂർവ്വം ശ്രദ്ധിക്കയും വൈരുദ്ധ്യം പ്രദർശിപ്പിക്കാതെ സ്വീകാര്യമായവയെ പ്രാവർത്തികമാക്കുവാൻ സഭാനേതൃത്വം സന്നദ്ധരാവേണ്ടതുമാണു്. കർത്താവിനു തങ്ങളെത്തന്നെ സമർപ്പിക്കയും മററുള്ളവരെ അതിലേക്കു് ആഹ്വാനം ചെയ്യുകയും യുവജനങ്ങളുടെ ലക്ഷ്യമായിരിക്കേണ്ടതാണു്

“സുബോധമുള്ളവരായിരിപ്പാനും വിരോധി നമ്മെക്കൊണ്ടു് ഒരു തിന്മയും പറയുവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിനു് സകലത്തിലും നിന്നെത്തന്നെ സകല സൽപ്രവൃത്തികൾക്കും മാതൃകയാക്കിക്കാണിക്കുവാനുമാണു്” വി. പൗലൂസ് നമ്മെ ഉത്ബോധിപ്പിച്ചിരിക്കുന്നതു്. സഭയ്ക്കും സമൂഹത്തിനും വേണ്ടി ഫലകരമായ ശുശ്രൂഷചെയ്യുവാൻ യുവലോകം സന്നദ്ധരാകട്ടെ! ക്രിസ്തുവിൽ സകലതും പുതുതാക്കപ്പെടുന്ന മഹായത്നത്തിൽ പങ്കാളികളാകുവാൻ ഒരുങ്ങാം.

പഴമയെ കണ്ണടച്ചെതിർക്കുന്ന യുവമനോഭാവവും പുതുമയെ പല്ലും നഖവും ഉപയോഗിച്ചു് എതിർത്തു തോൽപ്പിക്കുവാൻ വെമ്പുന്ന പഴഞ്ചൻ മനോഭാവവും കൈവെടിഞ്ഞു് പഴമയിൽ പുതുമയും, പുതുമയിൽ നന്മയും ദർശിപ്പാൻ യുവതലമുറയും മുൻതലമുറക്കാരും ഒരുപോലെ മനസ്സു് പുതുക്കി രൂപാന്തരപ്പെടുക. അഭിപ്രായഭിന്നതകൾ കുട്ടിയുരസ്സി മൂർച്ചവരുത്തുവാനല്ല, പരസ്പരത്തവയെ മസൃണമാക്കുകയാണു് ഇരുകൂട്ടരും ചെയ്യേണ്ടതു്. പ്രതിസന്ധികൾ നേരിടുമ്പോൾ അടിപതറാതെ സത്യത്തെയും നീതിയേയും മുൻനിർത്തി പ്രവർത്തിപ്പാൻ യുവതലമുറ തയ്യാറാകട്ടെ. സാക്ഷ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സഭ വീണ്ടെടുക്കപ്പെടണമെങ്കിൽ യുവജനങ്ങൾ “വീണ്ടും ജനന”ത്തിന്റെ ചൈതന്യം ജീവിതത്തിന്റെ മുഖ്യധാരയായി അംഗീകരിക്കണം. വെറും ആശയപരമോ ആദർശപരമോ ആയ ജീവിതാനുഭവങ്ങൾ മാത്രമായിരിക്കരുതു് യുവശക്തി. അഥവാ, പ്രായോഗികജീവിതം ധന്യമാക്കുകയായിരിക്കണം ജീവിതലക്ഷ്യം.

‘ഇന്നലെ’കളുടെ പോരായ്മകൾ പരിഹരിച്ചു്, ‘നാളെ’യുടെ ശുഭ പ്രതീക്ഷകളിലേക്കു് വിജയപൂർവ്വം മുന്നേറുവാൻ ‘ഇന്നു’കളെ പ്രയോജനപ്പെടുത്തുകയാണു് വിജയത്തിനുള്ള മാർഗ്ഗം.

---

With the best compliments from:

DR. P. A. KURIAN D. H. M.

ANITHAS CLINIC & PHARMACY

*Coimbatore Road, SULTANPET*

*PALGHAT - 1*

# പാലക്കാട് ജില്ലാ കോ_ഓപ്പറേററീവ്

# റബ്ബർ മാർക്കററിങ്ങ് സൊസൈററി No. P. 561

ജി. ബി. റോഡ്, പാലക്കാട്_1

ശാഖകൾ

മണ്ണാർക്കാട്, തച്ചമ്പാറ & വടക്കഞ്ചേരി

റബ്ബറിന്നു് ന്യായമായ വില ലഭിക്കുന്നതിന്നും,

റബ്ബർ കൃഷിക്കാർക്കു് ആവശ്യമുള്ള ആസിഡ്, വളം,

കീടനാശിനികൾ മുതലായവ കുറഞ്ഞ വിലക്കു് ലഭിക്കുന്നതിന്നും

ഞങ്ങളെ സമീപിക്കുക.

സി. വി. കൃഷ്ണൻ
സെക്രട്ടറി.

ഒ. എം. എസ്സ്. നമ്പൂതിരിപ്പാട്
പ്രസിഡണ്ട്.

—മുൻ വികാരിമാർ—



റവ. കെ. വി. ശമുവേൽ



റവ. വി. കെ. മാത്യു



റവ. എ എബ്രഹാം



റവ. പി എം. ജോർജ്ജ്



റവ കുരുൻ തോമസ്



റവ. മാത്യു വർഗ്ഗീസ്



റവ പി ററി മാത്യു

# പറുദീസ—സ്വർഗത്തിന്റെ പ്രതീകം

—പി. ററി കരുവിള ചേന്നങ്കരി

മാറത്തായ ഇരുപത്തിയഞ്ചു് സുദീർഘ സംവത്സരങ്ങളെ പിന്നിട്ടുകൊണ്ടു് കരിമ്പ മാർത്തോമ്മാ ഇടവക ജൂബിലി മഹോത്സവം കൊണ്ടാടുന്നതിൽ ഇടവക വികാരി റവ: കുര്യൻ തോമസിനെയും അതിന്റെ സജീവ ഭാരവാഹികളെയും ഇടവകയിലെ ദൈവ ജനങ്ങളെയും അഭിനന്ദിക്കുന്നു. സകല വിജയാശംസകളും പ്രാർത്ഥനകളും ദിവ്യാനുഗ്രഹങ്ങളും നേരുന്നു. ജൂബിലിയോടനുബന്ധിച്ചു ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നതിൽ ആത്മാർത്ഥമായി ആനന്ദിക്കുന്നു.

"ഇന്നു് നീ എന്നോടു കൂടെ പറദീസയിൽ ഇരിക്കും." ലൂക്കൊ. 23. 43.

രണ്ടായിരത്തോളം സംവത്സരങ്ങൾക്കു മുമ്പ് ക്രിസ്തുദേവൻ കുരിശിൽ കിടന്നുകൊണ്ടു് പശ്ചാത്തപിച്ച ദുഷ്പ്രവൃത്തിക്കാരനോടു വിളമ്പരം ചെയ്ത മഹാത്ഭുത വാഗ്ദത്തമാണിതു്.

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സഫലീകൃതമാകുന്നതു് അതു വിശ്വസിക്കുന്ന വിശ്വാസിനീവിശ്വാസികൾക്കാണു്. ബൈബിളിൽ 3128 വാഗ്ദത്തങ്ങൾ നാം കാണുന്നുണ്ടു്. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ പലതും നിറവേറിക്കഴിഞ്ഞു. ആധുനിക യുഗത്തിൽ ചിലതു നിറവേറിക്കൊണ്ടിരിക്കുന്നു കാലത്തിന്റെ സമ്പൂർണ്ണതയിൽ ക്രിസ്തുവിന്റെ പുനരാഗമനത്തോടുകൂടെ സകല വാഗ്ദത്തങ്ങളും നിറവേറുകയും ചെയ്യുന്നു.

'പറദീസ' (Paradise) എന്ന പദം തിരുവചനത്തിൽ മൂന്നു പ്രാവശ്യം വിവിധ അർത്ഥസങ്കല്പങ്ങളോടുകൂടെ ഉപയോഗിച്ചിരിക്കുന്നു.

1. "ഇന്നു നീ എന്നോടുകൂടെ പറദീസയിൽ ഇരിക്കും." ലൂക്കൊ 23: 43

2 "ക്രിസ്തുവിലുള്ള മനുഷ്യൻ മൂന്നാം സ്വർഗ്ഗത്തോളം-പറദീസയോളം എടുക്കപ്പെട്ടു." 2 കൊരി: 12: 3

3. "ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പരദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും." വെളി: 2: 7.

ക്രിസ്തു അധിവസിക്കുന്ന പുണ്യസ്ഥലമാണു് പറദീസ സ്വർഗ്ഗത്തിന്റെ പ്രതീതി സംഭാവന ചെയ്യുന്ന സ്ഥലം പറദീസയായി ചിത്രീകരിക്കുന്നു. ഏദൻ തോട്ടത്തിന്റെ അനുഭൂതി ഉളവാക്കുന്ന സ്ഥലം പറദീസയായി വിശദീകരിക്കുന്നു.

ദൈവരാജ്യത്തിന്റെ പ്രതീകമാണു് പറദീസ. മൂന്നാം സ്വർഗ്ഗം പറദീസ എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. നഷ്ടപ്പെട്ടുപോയ ആദ്യത്തെ ഏദൻ തോട്ടത്തിന്റെ ആനന്ദാനുഭൂതി പറദീസ സംഭാവന ചെയ്യുന്നു.

അനുഗ്രഹീത പരേതാത്മാക്കളുടെ നിവാസസ്ഥാനമാണു് പറദീസ എന്നു കരുതപ്പെടുന്നു. സർവ്വസുഖ സങ്കേത നഗരമാണു് പറദീസ. അനിയന്ത്രിതമായ ആനന്ദാതിരേകത്തിന്റെയും വിനോദ വിഹാരത്തിന്റെയും ഉദ്യാനമായ ഏദൻ തോട്ടത്തെ ആവിഷ്ക്കരിക്കുന്ന മനോഹര സ്ഥലമാണു പറദീസ. വറ്റാത്ത നീരുറവ, സദാ പഴുത്തു പാകമായി തൂങ്ങിക്കിടക്കുന്ന മുന്തിരിക്കുലകൾ, ഫലസമൃദ്ധമായ വൃക്ഷങ്ങൾ, മുതലായവ പറദീസയുടെ സവിശേഷതകളാണു്. പ്രകൃതിസുന്ദരമായ ഉദ്യാനത്തിൽ വർണ്ണശബളമായി സുഗന്ധം പരത്തുന്ന പുഷ്പങ്ങളും മധുരഗാനം ആലപിക്കുന്ന പക്ഷികളും സ്വർഗ്ഗീയാനുഭൂതി നല്കുന്ന അന്തരീക്ഷവുമുണ്ടു്.

'പാരഡൈസു്' എന്ന ഗ്രീക്കു പദത്തിന്റെയും 'പാർഡീസു്' എന്ന എബ്രായ പദത്തിന്റെയും ലളിതസുന്ദരമായ അർത്ഥം സ്വർഗ്ഗത്തിന്റെ പ്രതീകമായ ഏദൻ തോട്ടം അഥവാ സർവ്വസുഖസങ്കേതസ്ഥാനം എന്നാണു്. 'പറദീസ' പുരാതന പേർഷ്യൻ പദത്തിന്റെ അനുകരണമാണു്. പേർഷ്യയിലെ രാജാവു് പ്രജകൾക്കു് രാജകീയ അവാർഡുകൾ നല്കു

മ്പോൾ രാജാവിന്റെ തൂങ്ങിക്കിടക്കുന്ന ഉദ്യാനത്തിൽ കൊണ്ടുപോയി തന്നോടുകൂടെ ഇരുത്തി രാജകീയ വിരുന്നു സല്ക്കാരം നടത്താറുണ്ട്. രാജാധിരാജനായ ക്രിസ്തുദേവനോടുകൂടെ പറുദീസയിൽ ഉദ്യാനവിരുന്നിനു് ഇരിക്കുന്ന അതുല്യപദവി ദൈവരാജ്യത്തിന്റെ സാമീപ്യം സംഭാവന ചെയ്യുന്നു.

പശ്ചാത്താപം പറുദീസയിലേക്കുള്ള പ്രവേശനം നൽകുന്നു. പശ്ചാത്തപിച്ച ദുഷ്പ്രവൃത്തിക്കാരനു് ക്രിസ്തു നിത്യപറുദീസ വാഗ്ദത്തം ചെയ്തു വലതുവശത്തെ കള്ളനു് പറുദീസ കിട്ടി എന്ന വ്യാഖ്യാനം ശരിയല്ല. ഒരുവശത്തെ കള്ളൻ — പശ്ചാത്തപിച്ച കള്ളൻ എന്നു മാത്രമേ പറയുന്നുള്ളു

ദൈവപുത്രനായ ക്രിസ്തുവിന്റെ അതുല്യസാന്നിദ്ധ്യമുള്ള സ്ഥലമാണ് യഥാർത്ഥ പറുദീസ അഥവാ ദൈവരാജ്യം. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ" റോമ 14 : 17. സാമൂഹികമായ നീതിയും ശാശ്വതമായ സമാധാനവും ആദ്ധ്യാത്മിക ചൈതന്യവും ഏകോപിച്ച സമ്മേളിക്കുന്ന പുണ്യസ്ഥലമാണ് പറുദീസ. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവാത്മാവു് നിങ്ങളിൽ അധിവസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?" ദൈവാത്മാവു് അധിവസിക്കുന്ന ദൈവത്തിന്റെ മന്ദിരങ്ങൾ സ്വാഭാവികമായി പറുദീസ ആയിത്തീരുന്നു.

പറുദീസ അഥവാ സ്വർഗരാജ്യം സ്വർഗ്ഗത്തിൽ വസിക്കുന്നവരുടെ നിത്യപാർപ്പിടമാണ്. ക്രിസ്തുവിൽ മരിച്ചു് വിശ്രമിക്കുന്ന അനുഗൃഹീത പരേതാത്മാക്കളുടെ നിവാസസ്ഥലമായും പറുദീസ കരുതപ്പെടുന്നു. ക്രിസ്തുവിനോടുകൂടെ ജീവിക്കുന്ന ആധുനികയുഗത്തിലെ വിശ്വാസിനീവിശ്വാസികളുടെ ആദ്ധ്യാത്മിക കൂട്ടായ്മയും പറുദീസയുടെ പ്രതീതി ഉളവാക്കുന്നു. സംക്ഷിപ്തമായി പറഞ്ഞാൽ ദൈവരാജ്യത്തിൽ ഇപ്പോൾ വസിക്കുന്നവരുടെയും ക്രിസ്തുവിൽ നിദ്രപ്രാപിച്ച അനുഗൃഹീത പരേതാത്മാക്കളുടേയും ഇപ്പോൾ ക്രിസ്തുവിനോടുകൂടെ അധിവസിക്കുന്നവരുടെയും സങ്കേതനഗരമാണ് സ്വർഗ്ഗം അഥവാ പറുദീസ

ക്രൈസ്തവസഭ പറുദീസയുടെ ആനന്ദാനുഭൂതി ആവിഷ്ക്കരിക്കുന്നു. ആധുനിക ക്രൈസ്തവസഭ ദൈവരാജ്യത്തിന്റെ അഥവാ പറുദീസയുടെ പ്രതീകം ആയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു

നമ്മുടെ ക്രിസ്തീയ കുടുംബങ്ങൾ ദൈവരാജ്യത്തിന്റെ ഉത്തമ മാതൃക അനുകരിക്കുകയും, അതു് കാണപ്പെടുന്ന പറുദീസയായി പ്രശോഭിക്കുകയും, വേണം. കുടുംബനായകൻ അഥവാ പിതാവു് കുടുംബത്തിന്റെ തലയാണ്. കുടുംബനായിക കുടുംബത്തിന്റെ ഭദ്രദീപവും ഹൃദയവുമാണ്. അനുസരണത്തിന്റെ സന്താനങ്ങൾ ഭവനത്തിൽ ദൈവവചനം പ്രമാണിച്ചുകൊണ്ടു് ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണം.

ക്രൈസ്തവസഭയുടെ തലയാണ് ക്രിസ്തു. സഭ ദൈവപുത്രനായ ക്രിസ്തുവിന്റെ ശരീരമാണ്. സഭയിലെ വിശ്വാസിനീവിശ്വാസികൾ പരസ്പരം അവയവങ്ങളാണ്. ശരീരത്തിന്റെ ഒരു ഭാഗത്തുമാത്രം മുറിവു സംഭവിച്ചാലും അതിന്റെ വേദന ശരീരം മുഴുവൻ അനുഭവിക്കുന്നു. സഭയിലെ ഒരു വിശ്വാസിയുടെ വേദന സഭാജനങ്ങൾ ഒന്നിച്ചു് പങ്കിടണം. സഭയുടെ വേദന തലയാകുന്ന ക്രിസ്തു അനുഭവിക്കുന്നു.

ക്രൈസ്തവസഭയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ അടിസ്ഥാനമിട്ടുപണിയുന്ന ജീവനുള്ള കല്ലുകളാണ് വിശ്വാസിനീവിശ്വാസികൾ ക്രിസ്തുവിലൂടെയുള്ള സജീവബന്ധത്തിലൂടെ മാത്രമേ ക്രൈസ്തവ സഭക്കു് വളർന്നു് മുന്നേറുന്നതിനു സാധിക്കുകയുള്ളു.

സഭയാകുന്ന മഹാവൃക്ഷത്തിന്റെ നാരായവേരാണ് ക്രിസ്തു വിശ്വാസികൾ അതുല്യവൃക്ഷത്തിന്റെ കൊമ്പുകളാണു് ക്രിസ്തുവിനോടുള്ള സജീവസാമീപ്യത്തിൽ മാത്രമേ സഭക്കു് വളർന്നു് ആദ്ധ്യാൽമിക മൂല്യങ്ങൾ സംഭാവന ചെയ്യുന്ന ഫലം വിളയിക്കുന്നതിനു സാധിക്കുകയുള്ളു.

അഗ്നി കത്തിജ്വലിച്ചു നിലനില്ക്കുന്നതുപോലെ പരിശുദ്ധാത്മാഗ്നിയാൽ ജ്വലിച്ചു് ആദ്ധ്യാൽമിക ചൈതന്യം പ്രാപിക്കുന്ന സഭക്കു മാത്രമേ സുവിശേഷഘോഷണം വിളംബരം ചെയ്യുന്നതിലൂടെ സജീവമായി നിലനില്ക്കുന്നതിനു കഴിയുകയുള്ളു.

പറുദീസയുടെ പ്രതീകമായി പ്രശോഭിക്കുന്ന ക്രൈസ്തവ സഭ നാം അധിവസിക്കുന്ന ജനതയെ സംബന്ധിച്ചു തികച്ചും ബോധവാന്മാരായിതീരണം. സാമൂഹികമായ നീതിക്കുവേണ്ടി സന്ധിയില്ലാത്ത സമരം ചെയ്യുന്ന ഒരു ക്രൈസ്തവ ജനതക്കു് മാത്രമേ

ആദ്ധ്യാത്മികമായി മുന്നേറുന്നതിനു് ശക്തി ലഭിക്കുകയുള്ളു.

ഡോ. ഈ. സ്റ്റാൻലി ജോൺസ് പ്രസ്താവിച്ചിട്ടുള്ള ഉദ്ധരണി ചിന്തോദീപകരായിട്ടുണ്ടു്. ഒരു പക്ഷിക്കു് വാനവീഥിയിലൂടെ ചിറകുകൾ വിരിച്ചു മുന്നേറണമെങ്കിൽ രണ്ടു ചിറകുകൾ അത്യന്താപേക്ഷിതമാണ്. ആധുനിക ക്രൈസ്തവസഭക്കു് മുന്നേറണമെങ്കിൽ സാമൂഹിക നീതിയെകുറിച്ചുള്ള ചിറകും, ആദ്ധ്യാത്മിക മൂല്യങ്ങളെകുറിച്ചു അന്തർദാഹമുള്ള ചിറകും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്.

ഈശ്വരന്റെ മകുടസൃഷ്ടിയായ മനുഷ്യൻ അനുസരണക്കേടിൽ നഷ്ടപ്പെടുത്തിയ പറുദീസ ക്രിസ്തുദേവൻ കുരിശുമരണത്തിലൂടെ അതു് വീണ്ടെടുത്തു. സ്വർഗ്ഗീയ സീയോനിലേക്കുള്ള പറുദീസയിലേക്കു് സകല ജനങ്ങളെയും ആനയിച്ചുടപ്പിച്ചു സ്വർഗ്ഗീയാനുഭൂതി സംഭാവന ചെയ്യുന്നതിനുള്ള അതുല്യദൗത്യം ദൈവം വിശ്വാസിനി വിശ്വാസികളെ ഭരമേല്പിച്ചിരിക്കുന്നു.

ത്യാഗോജ്ജ്വലവും സ്നേഹനിർഭരവുമായ സേവനസരണികളിലൂടെ അനേകായിരങ്ങൾക്കു് നിത്യപറുദീസ സംഭാവന ചെയ്യുന്നതിനുള്ള ആദ്ധ്യാത്മിക ചൈതന്യം ആധുനിക ക്രൈസ്തവ സഭക്കു ലഭിക്കട്ടെ എന്നു് ആശംസിക്കുന്നു.


## Steelex Agencies

*HARDWARE & PAINT MERCHANTS*

20/105 Market Road

PALGHAT-1

Phone. Shop No: **4123**

**STOCKISTS:-**

**Neycer, Sanitary ware, P. V. C. Rigid Pipes, A. C. Pipes,**

**Light Roof, Paints, etc.**

*With best compliments from:-*

J. J. PRINTERS

J. J. COLLEGE OF TECHNOLOGY

JOHNY'S INSTITUTE OF COMMERCE,

J. J. ENTERPRISES.

**MANNARGHAT.**

# —മുൻവികാരിമാർ എഴുതുന്നു—

റവ: കെ. വി. ശമുവേൽ, ചേപ്പാട്.

കരിമ്പ മാർത്തോമ്മാ ഇടവകയുടെ രജത ജൂബിലി ആഘോഷിക്കുന്നു എന്നും അതിനോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധപ്പെടുത്തുന്നു എന്നും അറിയുന്നതിൽ അതിയായി സന്തോഷിക്കുന്നു; ദൈവത്തെ സ്തുതിക്കുന്നു.

താൽക്കാലിക ഷെഡ്ഡിൽ ചുരുക്കം വീട്ടുകാരുമായി ആരംഭിച്ച ഇടവകയുടെ ആദ്യവികാരിയായിരിക്കുവാനുള്ള അവസരം ലഭിച്ചതു് നന്ദിയോടെ ഞാൻ ഓർക്കുന്നു. ഇരുപത്തഞ്ചു വർഷങ്ങൾകൊണ്ടു് ഇടവക വളരെ വളർന്നു എന്നു മനസ്സിലാക്കുന്നു. പഴയ തിരുവിതാംകൂറിന്റെ പലയിടങ്ങളിൽനിന്നു് ഓരോ കാലങ്ങളിലായി അവിടെ വന്നു പാർക്കാനിടയായ നമ്മുടെ ഇടവക ജനങ്ങൾ വിവിധതരത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടാവും. "എനിക്കു ഭവിച്ചതു് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു് കാരണമായിത്തീർന്നു." എന്നു സാക്ഷിക്കുവാൻ സാധിക്കുമെങ്കിൽ അതു് എത്രയധികം സന്തോഷകരമാണ്.

ജൂബിലി ആഘോഷിക്കുന്ന ഈയവസരത്തിൽ പുതിയ സമർപ്പണത്തോടെ മുമ്പോട്ടുപോകുവാൻ ദൈവം സഹായിക്കട്ടെ എന്നു് ആശംസിക്കുന്നു.

(ഒപ്പ്)
റവ: കെ. വി. ശമുവേൽ.

## റവ: വി. കെ. മാത്യു, ഐരൂർ

കരിമ്പ മാർത്തോമ്മാ ഇടവകയുടെ രജത ജൂബിലി ആഘോഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി അറിഞ്ഞതിൽ മുൻവികാരി എന്ന നിലയിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഇടവകയുടെ പ്രാരംഭദശയിൽ ഒരു ചുരുങ്ങിയ കാലം മാത്രം വികാരിയായി പ്രവർത്തിച്ച ഓർമ്മയേ എനിക്കുള്ളു. അന്നു് വെറും താല്ക്കാലിക ഷെഡ്ഡിൽ ആരാധന നടത്തിയ അവസ്ഥയിൽനിന്നും പുരോഗമിച്ചു് മനോഹരമായ ദേവാലയത്തിൽ ദൈവത്തെ ആരാധിക്കുന്നതിനുള്ള സൗകര്യം ലഭിച്ചതു് ദൈവത്തിന്റെ കൃപയാൽ മാത്രമാണു്. പലരുടെയും നിസ്വാർത്ഥമായ സ്നേഹവും സഹകരണവും അതിനു് ലഭിച്ചു എന്നതു് സന്തോഷകരമായ സംഗതിയത്രെ. ബാഹ്യമായ ഭൗതിക പുരോഗതിയിൽ മാത്രം തൃപ്തിപ്പെടാതെ ആത്മീയമായ വളർച്ചയും, ഉയർച്ചയും ലഭിക്കുന്നതിനു് ഈ ജൂബിലി മുഖാന്തിരമായി തീരട്ടെ എന്നു് പ്രാർത്ഥിക്കുന്നു. അതിനു് ആവശ്യമായ എല്ലാ കൃപകളും ഉയരത്തിൽനിന്നു് ദൈവം തമ്പുരാൻ നല്കട്ടെ.

എന്റെ അകമഴിഞ്ഞ ആശംസകൾ

(ഒപ്പ്)
റവ: വി. കെ. മാത്യു.

## റവ: എ. എബ്രഹാം, അട്ടൂർ

കരിമ്പ മാർത്തോമ്മാ ഇടവകയുടെ രജത ജൂബിലി കൊണ്ടാടുന്നുവെന്ന് അറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. ഒരു ഇടവകയെ സംബന്ധിച്ചിടത്തോളം 25 വർഷം സുദീർഘമായ ഒരു കാലഘട്ടമെന്നു പറയാനില്ല. ഈ ചുരുങ്ങിയ കാലംകൊണ്ട് ആ ഇടവക കൈവരിച്ച നേട്ടങ്ങളെ ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യേണ്ടതാണ്. ഇടവകയുടെ പ്രാരംഭകാലത്ത് അവിടെ സേവനം ചെയ്യുന്നതിന് ലഭിച്ച സന്ദർഭത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ഇടവക ജനങ്ങളെ സ്നേഹത്തോടുകൂടി ഓർക്കുകയും ചെയ്യുന്നു.

സുവിശേഷിക്കാത്ത ഇടവകയ്ക്കോ സഭയ്ക്കോ നിലനില്പിന് അവകാശമില്ല. ജൂബിലി കൊണ്ടാടുമ്പോൾ സുവിശേഷ പ്രവർത്തനത്തിനായി ഇടവകയെ മൊത്തമായി സജ്ജമാക്കുന്ന ഒരു അവസരമായിത്തീരുന്നതിന് പ്രാർത്ഥിക്കുന്നു.

ജൂബിലി പരിപാടികൾ അനുഗ്രഹകരമാകട്ടെയെന്ന് ആശംസിക്കുന്നു.

എന്ന്, കർത്തൃശുശ്രൂഷയിൽ

(ഒപ്പ്)

റവ: എ. എബ്രഹാം.

## റവ: പി. എം. ജോർജ്ജ്

കരിമ്പ മാർത്തോമ്മാ ഇടവകയുടെ രജത ജൂബിലി ഏപ്രിൽ മാസത്തിൽ ആഘോഷിക്കുന്നുവെന്നറിയുന്നതിൽ അതിയായി സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. 1957 മെയ് മാസം മുതൽ ഏതാനും മാസങ്ങൾ അവിടെ വികാരിയായി ശുശ്രൂഷ ചെയ്യാൻ എനിക്ക് അവസരം ലഭിച്ചതു് ഒരു പദവിയായി കരുതുന്നു. ഇപ്പോഴത്തെ പുതിയ പള്ളിപണിക്കുള്ള തടിവാങ്ങുന്നതിനാവശ്യമായ പണം പിരിക്കുന്നതിന് അന്ന് ഭവനങ്ങൾ സന്ദർശിച്ചതായി ഞാൻ ഓർക്കുന്നു. ചെറിയ കൂട്ടമെങ്കിലും, വളരെ താല്പര്യവും ദർശനവും ഉള്ള ഒരു കൂട്ടം ആളുകൾ അന്ന് അവിടെ ഉണ്ടായിരുന്നു. നമ്മുടെ ആളുകൾ പുതുതായി താമസിക്കുന്ന ഇടങ്ങളിൽ സഭയോടും സുവിശേഷത്തോടും തല്പരരായിരിക്കണമെന്നതു് നമ്മുടെ സഭയുടെ ശോഭനമായ ഭാവിയെയാണ് വിളിച്ചറിയിക്കുന്നതു്. ആ പ്രദേശത്തു് 25 വർഷക്കാലം, ഒരു നല്ല മാതൃകാ ഇടവകയായി പ്രവർത്തിക്കുവാൻ സാധിച്ചതു് ഓർത്തു് ദൈവത്തെ സ്തുതിക്കാം. ആ പ്രദേശങ്ങളിൽ ക്രിസ്തീയ സാക്ഷ്യം ഫലപ്രദമായി നിറവേററുവാൻ, ഇടവകയ്ക്കു് വലിയ ചുമതല മുമ്പിലുണ്ടെന്ന് ഓർത്തു്, ദർശനത്തോടും സമർപ്പണത്തോടുംകൂടി നമുക്ക് ഇനിയുമുള്ള പ്രവർത്തനങ്ങൾ തുടരാം. എന്റെ അകമഴിഞ്ഞ ആശംസകളും പ്രാർത്ഥനയും പ്രത്യേകം അർപ്പിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു.

(ഒപ്പ്)
റവ: പി. എം. ജോർജ്ജ്.

# റവ: കുര്യൻ തോമസ്

കരിമ്പ സെന്തോമസ് മാത്തോമ്മാ ഇടവകയുടെ രജതജൂബിലി കൊണ്ടാടുന്ന ഈ അവസരത്തിൽ 20 വർഷങ്ങൾക്ക്മുമ്പ് ആ ഇടവകയുടെ വികാരിയായി ശുശ്രൂഷചെയ്തിരുന്ന അവസരങ്ങളിലേക്ക് കണ്ണോടിക്കുകയാണ്. കേവലം 20ൽ പരം വീടുകൾമാത്രമുണ്ടായിരുന്ന ഇടവക ഇന്ന് മലബാർ പ്രദേശത്തെ ഒരു ഒന്നാംകിട ഇടവകയായി ഉയർന്നുവന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ നാഥനായ ക്രിസ്തുവിൻെറ നിറവോളം നിറഞ്ഞുവരുന്നതിന് ഇടവകയെ ദൈവം ശക്തിപ്പെടുത്തട്ടെയെന്നും സഭയുടെ ദൗത്യം ഫലകരമായി നിർവഹിക്കുവാൻ ആ ഇടവകയെ ദൈവം ഒരുക്കട്ടെ എന്നുള്ള പ്രാർത്ഥനയോടും ആശംസകളോടും കൂടെ.

25 Mar Thoma Road,
Singapore-12
20_2_1978.

കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ സ്വന്തം
Rev. Kurian Thomas

**_Rev. Mathew Varghese, Muscat._**

_Message from an old friend_

Quarter of a Century has passed unnoticed. They were years of struggle and thus of growth The hardships of that parish was part of the situation of the people Its progress is due to their progress Although members were few in the beginning, and were scattered in a vast area, approachable only by footpaths, they were knet together under one roof the Karimba Mar-Thoma Church, which was very dear to them As a fresher my ministry there for four years was thrilling The sincere love and regard of the parishioners are my sweet memories The long years that passed has not faded my lasting friendship with many members of that parish.

During those days the ambitious scheme of building a church was taken up as a challenge It was achieved by the sacrifice of the then limited members The fertile soii and the parish with a church building attracted many to that area and to its fold The news of Silver Jubilee Celebration brought me pleasant surprise either to think of the parish as so old or to watch its growth as a well wisher.

Time is now ripe to examine the materity of the parish We may compare our acheivements with our witness before the people around us The parish prefers to remain in security rather than going out of the way to help humanity The society that lives under the shadow needs a guiding light The pilgrim church is a forward movement that earn help change the course by the power of Christ the light of the world The parish must rededicate to serve that purpose.

My prayers and greedings to all on this significant occasion

Your old Vicar,
Rev. Mathew Varghese

## റവ: സി. ഐ. ജോർജ്ജ്

മാർത്തോമ്മാ സഭയിലെ ഒരു പട്ടക്കാരൻ എന്ന നിലയിൽ എന്റെ ശുശ്രൂഷയുടെ ആരംഭം കരിമ്പ ഇടവകയിലാണ്. അതുകൊണ്ടുതന്നെ ആ ഇടവകയെ കുറിച്ചുള്ള സ്മരണകൾ ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ച് നില്ക്കുന്നു. പാലക്കാട്ട് ജില്ല പലതുകൊണ്ടും സവിശേഷതകളുള്ള ഒരു സ്ഥലമാണ്. കൊടുമുടികൾ കൊണ്ടു് തിരുമുടി ചാർത്തിയ പശ്ചിമഘട്ടം കൊത്തിവച്ച നിത്യസുന്ദരമായ പശ്ചാത്തലം; ആക്രമണ പ്രത്യാക്രമണത്തിന്റെ കുതിര കുളമ്പടികൾ അടയാളപ്പെട്ടുകിടക്കുന്ന ചുരം, ആദിമദ്ധ്യാന്തങ്ങൾ ഇനിയും കണ്ടെത്തികഴിഞ്ഞിട്ടില്ലാത്ത ചരിത്രത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ ഉറങ്ങിക്കിടക്കുന്ന ഹൈദർ-ടിപ്പുകോട്ട; ആദിമജന ജീവിതത്തിന്റെ പ്രാകൃതാവസ്ഥ വിളിച്ചറിയിക്കുന്ന ആദിവാസികളുടെ ആസ്ഥാനമായ അട്ടപ്പാടി, സർവ്വോപരി വിണ്ണിൽനിന്നടർന്ന് വീണ ഒരു ഗന്ധർവ്വോദ്യാനത്തിന്റെ സമസ്തമനോഹാരിതകളും പൂവണിഞ്ഞു് നില്ക്കുന്ന മലമ്പുഴ-മൺമറഞ്ഞ മഹാകവിയോടൊത്ത് പാടുവാൻ തോന്നിപ്പോകും. "ആനന്ദലബ്ധിയ്ക്ക് ഇനിയെന്തുവേണം." കരിമ്പയിൽ മദ്ധ്യ കേരളത്തിൽനിന്നും കുടിയേറിപ്പാർത്ത മാർത്തോമ്മാക്കാർ ഏതാണ്ട് 25 വർഷങ്ങൾക്ക് മുമ്പ് ഓലമേഞ്ഞ ഒരു ഷെഡ്ഡിൽ കുരിശുവച്ച് കാലംചെയ്ത നി. വ. ദി. ശ്രീ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ ഭക്ത്യാദരപൂർവ്വം പങ്കുകൊണ്ടപ്പോൾ മേലുദ്ധരിച്ചവകളൊന്നുമല്ല മനുഷ്യന്റെ ശാശ്വത സന്തോഷത്തിന് നിദാനമായിട്ടുള്ളതെന്നും ഒരു മനുഷ്യൻ നിത്യസമാധാനവും സന്തോഷവും കണ്ടെത്തുന്നത് അവന്റെ സൃഷ്ടാവിന്റെ സന്നിധിയിൽ മാത്രമാണെന്നും വിളിച്ചറിയിക്കുകയായിരുന്നു. തുടർന്നും ആ സമൂഹത്തിലെ വ്യക്തികൾ ദൈവവുമായി സന്ധിയ്ക്കുന്നതിനും, ദൈവസാന്നിദ്ധ്യബോധം ആളുകളിൽ കൂടുതൽ കൂടുതൽ യാഥാർത്ഥ്യമായിത്തീരുന്നതിനും, "കാണുന്നതു് താല്ക്കാലികം, കാണാത്തതോനിത്യം" (2 കോരി. 4:18) ഈ സത്യം ഉദ്ഘോഷിയ്ക്കപ്പെടുന്നതിനും കരിമ്പപള്ളിയെ കർത്താവ് തന്റെ കരങ്ങളിൽ എടുത്ത് ഉപയോഗിയ്ക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ഇരുപത്തഞ്ചുവർഷങ്ങൾ പിന്നിട്ടിരിക്കുന്ന കരിമ്പ ഇടവകയുടെ വികാരിയായി 1969 മുതൽ 73 വരെ സേവനമനുഷ്ഠിക്കാനവസരംതന്ന ദൈവത്തിന് സ്തോത്രം കരേറികൊണ്ടും രജതജൂബിലി ആഘോഷങ്ങൾക്ക് സർവ്വ മംഗളങ്ങളും ആശംസിച്ചുകൊണ്ടും എന്റെ വാക്കുകൾ നിർത്തട്ടെ!

(ഒപ്പ്)
റവ: സി. ഐ. ജോർജ്ജ്

## റവ: പി. ററി. മാത്യു

കരിമ്പ ഇടവക, ആരാധിക്കുകയും പ്രവർത്തിക്കുകയും, വളരുകയും ചെയ്യുന്ന ഒരു സംപൂർണ്ണ ആളത്വത്തോടുകൂടി 25 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ സന്തോഷിക്കുകയും സർവ്വവിധ നന്മകളും ആശംസിക്കുകയും ചെയ്യുന്നു. പാലക്കാട് പട്ടണത്തിനു സമീപെ വളർന്നു പന്തലിച്ച കരിമ്പ ഇടവക മലബാറിന്റെ പ്രദേശത്തെ നമ്മുടെ എണ്ണപ്പെട്ട ഒരു ഇടവകയാണ്. ഏതാണ്ട് ആരംഭകാലം മുതൽ സ്വയത്രാണനത്തിലൂടെ എല്ലാ രംഗത്തിലും വളരുവാൻ ഈ ഇടവകയ്ക്കു് സാധിച്ചിട്ടുണ്ട്. സഭയുടെ കേന്ദ്രപ്രവർത്തനത്തെ എല്ലാ കാര്യത്തിലും ഈ ഇടവക സഹായിക്കുന്നുതന്നെ അതിന്റെ പ്രാധാന്യത വെളിവാക്കുന്നു. ആദിവാസികളുടെ നാടായ അട്ടപ്പാടിയിലെ നമ്മുടെ സഭയുടെ പ്രവർത്തനത്തിൽ ഈ ഇടവക കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇടവകാംഗമായ ഡോ: എ. കെ. ജോർജ്ജിന്റെ ആശുപത്രി പ്രവർത്തനം ഈ രംഗത്തു് നമ്മുടെ സഭയുടെയും കരിമ്പ ഇടവകയുടെയും സ്വാധീനം വളരെയധികം ദേശവാസികൾക്ക് നൽകുന്നുണ്ട്. മുണ്ടൂർ ആരംഭിച്ച മിഷൻ പ്രവർത്തനത്തിലും കരിമ്പ ഇടവക നേതൃത്വം നൽകുന്നുണ്ട്. 25 വർഷംകൊണ്ട് എല്ലാ അളവിലും ഒന്നാം നിരയിൽ നില്ക്കുവാനുള്ള എല്ലാ സവിശേഷതകളും ഈ ഇടവകയ്ക്കു് ഉണ്ട്. ആയതിൽ ഇടവകയോടും സഭയോടും ഒപ്പം ഞാനും സന്തോഷിക്കുന്നു. കർത്തൃനാമത്തിൽ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

എന്നു്, കർത്തൃശുശ്രൂഷയിൽ

കരിമ്പ ഇടവകയുടെ മുൻ വികാരി

റവ: പി. ററി. മാത്യു B. A; B. D.

ചെറുകഥ

# മരുപ്പച്ച

ആറന്മുള കരിക്കൻസ്

ഇവിടെ...

ഈ ഉഷ്ണഭൂമിയിൽ...

മണൽക്കാററ് വീശിയടിക്കുന്നു.

കൊടുങ്കാററിൻെറ പൈശാചികമായ ചൂളംവിളി.

മണലാരണ്യത്തിൻെറ വിശാലത.

കൊടുംവേനലിൻെറ തീക്ഷ്ണത.

വേനലിന് അകമ്പടി സേവിക്കുന്ന ചുഴലിക്കാററ്.

ഇവിടെ...

ഉൾക്കിടിലം ഉണ്ടാക്കുന്ന ഈ ഉഷ്ണഭൂമിയിൽ...

താനെന്ന ജീവി അലയുന്നു.

ഒരു തുള്ളി ദാഹജലത്തിനുവേണ്ടി;

മരുപ്പച്ചകൾ തിരക്കി.

ഈ യാത്ര ഇന്നും ഇന്നലെയും ആരംഭിച്ചതല്ല.
അയാൾ ഓർത്തു.
ഓർമ്മവച്ച നാൾതൊട്ട് തുടങ്ങിയ യാത്രയാണ്.
അതിന്നും തുടരുന്നു.
ഇതിന്നിടെ, പലപ്പോഴും മരുപ്പച്ചകൾ കണ്ടിട്ടുണ്ട്.
ആർത്തിയോടെ ഓടി അടുത്തുചെന്നിട്ടുണ്ട്.
പക്ഷേ, ഉണങ്ങിവരണ്ട്, വിണ്ടുകീറിയ
മണ്ണ് എല്ലാത്തവണയും തന്നെ നിരാശനാക്കി.

തൻെറ തൊണ്ട ഉണങ്ങുന്നു.

കൈകാലുകൾ കുഴയുന്നു.

ശരീരത്തിൽ അഗ്നി എരിഞ്ഞു കത്തുന്നു.

ഞരമ്പുകൾ മുറിയുന്നു.

വയ്യ......

ഇനിയും ഒരടി മുന്നോട്ടു വയ്ക്കാൻ വയ്യ.

അയാൾ നടക്കാനാവാതെ തളർന്ന്, വിവശനായി

ആ കൊടും വെയിലിൽ വീണു.

കാരുണ്യം വററിയ സൂര്യൻെറ കഠിനതാപം ഏററ് അയാൾ മയങ്ങി.

സ്വബോധം നശിച്ച മനസ്സ്.
മനസ്സിലൂടെ മിന്നിമറയുന്ന രൂപങ്ങൾ;
ചിന്തകൾ......
അപ്പച്ചൻ......
അമ്മ.........
ബന്ധങ്ങൾ......
ജീവിതം.........

അച്ഛനുമമ്മയും ഈ ലോകത്തിലെ കാണപ്പെട്ട ദൈവമാണോ?
അമ്മയല്ലാതൊരു ദൈവമുണ്ടോ എന്ന ചോദ്യം സത്യമാണോ?
മാതാപിതാക്കളെ ബഹുമാനിക്കണം എന്ന ഉപദേശത്തിൽ കഴമ്പുണ്ടോ?
തനിക്കിതൊന്നും ശരിയാണെന്നു തോന്നുന്നില്ല.
അച്ഛനും അമ്മയും നഷ്ടപ്പെട്ട സ്വപ്നങ്ങൾ മാത്രം.
ലോകത്തിൽ എല്ലാവരും തന്റെ മാതാപിതാക്കളെപ്പോലെയാണോ?
തന്റെ ദൗർഭാഗ്യം എല്ലാ മക്കൾക്കും അനുഭവിക്കേണ്ടിവരുമോ?
അയാൾ ഓർത്തു.
സ്വബുദ്ധി നശിച്ച മനസ്സിന്റെ അടക്കം ചിട്ടയും നഷ്ടപ്പെട്ട ചിന്ത.

സമ്പന്നതയുടെ മടിത്തട്ടിൽ താൻ പിറന്നുവീണു.
സുഖസൗകര്യങ്ങളുടെ പരിലാളനയിൽ താൻവളർന്നു.
പട്ടണത്തിലെ കൂററൻ മാളികയുടെ ഉള്ളിൽ വെയിലും
മഴയും കൊള്ളാതെ താൻ ഓടിക്കളിച്ചു
തന്നെ പരിചരിക്കാൻ വേലക്കാരുണ്ടായിരുന്നു.
തനിക്കാഹാരം തരാൻ ആയമാരുണ്ടായിരുന്നു.
തനിക്കു വേണ്ടതെല്ലാം അവിടെനിന്നും ലഭിച്ചു...,
ഒന്നൊഴികെ മറെറല്ലാം...
ഒരിററു സ്നേഹം...
അതു ലഭിക്കാതെ, മനുഷ്യത്വം മരവിച്ചുനിന്ന ആ വൻമാളികയിൽ
ഒരേകാന്ത പഥികനായി താൻ നിമിഷങ്ങളെ തള്ളിവിട്ടു.

വൻബിസിനസ്സിന്റെ ഉടമയായിരുന്ന അച്ഛച്ചൻ
അച്ഛച്ചന് വീട്ടിലെത്താനുള്ള സമയദൗർല്ലഭ്യം.
സുന്ദരിയായ അമ്മ...
സ്വന്തം സൗന്ദര്യത്തിൽ അഹങ്കരിക്കുന്ന അമ്മ.
അമ്മയുടെ ധിക്കാരം.
ധിക്കാരം സൃഷ്ടിച്ച വിടവ്...
ആ വിടവ് വരുത്തിവച്ച ബന്ധങ്ങളുടെ തകർച്ച

തനിക്കിതൊക്കെ ആദ്യം അജ്ഞാതമായിരുന്നു.
അഥവാ അറിയാൻ തുടങ്ങിയപ്പോഴേക്കും തന്നെ
വീട്ടിൽനിന്നും അകററി.
മൈലുകളോളം അകലെ, ബോർഡിംഗ് സ്കൂളിലെ
കർശന നിയമങ്ങളുടെ മുമ്പിൽ താൻ ധിക്കാരിയായ
ഒരു കുട്ടിയായി വളർന്നു.
തനിക്ക് തന്റെ അച്ഛച്ചന്റെ കഴുത്തിൽ കെട്ടിത്തൂങ്ങി
കിടക്കാൻ കൊതിയായിരുന്നു.
അമ്മയുടെ മടിയിൽക്കിടക്കാൻ മോഹമായിരുന്നു.
എല്ലാ മോഹങ്ങളും സ്വപ്നങ്ങളായി മാത്രം വളർന്നു.

തൻെറ ശരീരം വളർന്നു.
ഒപ്പം മനസ്സും.
ബോർഡിംഗ് വിദ്യാലയത്തിൻെറ കനത്ത
കല്പതിൽക്കെട്ടിനുള്ളിൽക്കിടന്നു് വീർപ്പു
മുട്ടിയ തൻെറ മനസ്സിൽ ആയിരം ചോദ്യങ്ങൾ
പത്തിവിടർത്തി...
തന്നെ വെക്കേഷനു് വീട്ടിൽ കൊണ്ടുപോകാത്തതെന്തു്?
തന്നെ കാണാൻ അപ്പച്ചനുമമ്മയും ഓടിഓടിവരാത്തതെന്തു്?
എന്നാൽ തനിക്കു് താൻപോന്ന പ്രായത്തിലെത്തി-
യപ്പോഴേക്കും മിക്ക ചോദ്യങ്ങളുടെയും
ഉത്തരങ്ങൾ കണ്ടെത്താൻ കഴിഞ്ഞു.

തനിക്കു് പ്രായമായപ്പോൾ...
സ്വന്തമായി യാത്രചെയ്യാമെന്നായപ്പോൾ
അധികൃതർ അറിയാതെ താൻ വീട്ടിലേക്കു പോകും
അപ്പച്ചനെ കാണാൻ...
അമ്മയുടെ സ്നേഹവാത്സല്യങ്ങൾ ലഭിക്കാൻ...
പക്ഷേ...... പലപ്പോഴും....
അരുതാത്തതു് പലതും കണ്ടു.
കേൾക്കരുതാത്തതു പലതും കേട്ടു...
മോഹം മോഹമായി മാത്രം അവശേഷിക്കെ താൻ പിന്നീടു്
വീട്ടിൽ പോകാതായി.

അപ്പച്ചൻെറ ബിസിനസ്സ് താല്പര്യം.
അമ്മയുടെ മാദകസൗന്ദര്യം.
ആ സൗന്ദര്യം സമ്മാനിച്ച അഹന്ത.
അമ്മയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച പരപുരുഷന്മാർ.
അവരുടെ അടിക്കടിയുള്ള ആഗമനം.

ഒരു വീട്ടിൽ രണ്ടു ധ്രുവങ്ങൾ.
പരസ്പരം ഇണങ്ങി കൈകോർത്തു പിടിക്കേണ്ടവർ
അന്യോന്യം സുഖദുഃഖങ്ങൾ പങ്കിടേണ്ടവർ
അവർ രണ്ടുധ്രുവങ്ങളിൽ നിലകൊണ്ടു.
ആക്രമണം വളർന്നു.
അതൊരു പൊട്ടിത്തെറിയായി മാറിയപ്പോൾ അപ്പച്ചൻ ബിസ്സിനസ്സ്
നിർത്തി.
ആരുമറിയാതെ സ്ഥലം വിട്ടു.
അമ്മയ്ക്കു്, സുന്ദരിയായ, തൻെറ അമ്മയ്ക്കു്
അനുഭാവം പറയാനുള്ള ആളുകളുടെ സംഖ്യാബലത്തിൽ
അപ്പച്ചനു് തികഞ്ഞ വിശ്വാസമുണ്ടായിരുന്നതുകൊണ്ടായിരിക്കാം
അത്തരം ഒരു സംരംഭത്തിനു് അപ്പച്ചൻ മുതിർന്നതു്.

എന്തായാലും തന്റെ അപ്പച്ചൻ മടങ്ങിവന്നിട്ടില്ല.
അപ്പച്ചനെ തിരക്കിയുള്ള തന്റെ അന്വേഷണം ഇപ്പോഴും
ഒരു പരാജയമായിത്തന്നെ അവശേഷിക്കുന്നു.

അമ്മയോ —?
അതൊരു ചോദ്യമാണ്.
ഉത്തരം കിട്ടാൻ പ്രയാസമുള്ള ചെറിയ, വലിയ ചോദ്യം,
അവർക്കൊരിക്കലെങ്കിലും ഒരമ്മയായിതിരിച്ചു
വരാൻ കഴിയുമോ?
എന്നെങ്കിലും തന്നെ സ്നേഹത്തോടെ "മോനേ"
എന്നുവിളിക്കാൻ കഴിയുമോ?
ആ വിളി തനിക്ക് കേൾക്കാൻ കഴിയുമോ?

അപ്പച്ചൻ,
അമ്മ,
ബന്ധങ്ങൾ,
ജീവിതം,
എല്ലാത്തിനോടും മടുപ്പുതോന്നി.
സർവ്വതിനോടും വിരസത.
വളർച്ച മുരടിച്ച മനസ്സ്.
ആ മനസ്സിന്റെ ഉടമയ്ക്ക് നഷ്ടമായ 'ജീവിതലക്ഷ്യം'

ഒരിത്തിരി സ്നേഹത്തിന്നായി മനസ്സ് ദാഹിച്ചു.
സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ദാഹം
മനസ്സിൽ കൊടുമ്പിരികൊണ്ടു.
അത് മനസ്സിനെ മഥിച്ചപ്പോൾ ആരുമറിയാതെ
വിദ്യാലയത്തിന്റെ ഉയരമുള്ള മതിലുകൾ ചാടി വീട്ടിലെത്തി.

വീട് തനിക്ക് തടവറയായിരുന്നു.
അങ്ങനെയായിരിക്കുമെന്ന് നേരത്തെ അറിയുകയും ചെയ്തിരുന്നു.
എന്നിട്ടും വീട്ടിൽ വന്നു.
വെറുങ്ങലിച്ച നിമിഷങ്ങളെ യാത്രയാക്കുമ്പോൾ താൻ തക്കംപാർത്തു
നിന്നു...
കൈനിറയെ പണം മോഷ്ടിക്കാൻ...
എന്നിട്ട് ലക്ഷ്യമില്ലാത്ത തന്റെ യാത്ര തുടരാൻ...

അവസരം അനുകൂലമായപ്പോൾ താനതു ചെയ്തു.
കിട്ടാവുന്നിടത്തോളം പണവുമായി വീടി
നോട് യാത്രപറഞ്ഞു.
ലക്ഷ്യമില്ലാത്ത തന്റെയാത്ര തുടർന്നു.

ഹോട്ടലുകൾ...
ലോഡ്ജുകളിലെ ഇടുങ്ങിയ മുറികൾ...
മദ്യം...

പെൺകുട്ടികൾ...
എൽ. എസ്. ഡി.
ചരസ്സ്......
മേരിഹ്വാന...
കഞ്ചാവ്......

എല്ലാം എല്ലാം ആർത്തി തീരെ ആസ്വദിച്ചു.
അവസാനം...
'പണം' ഒരു പ്രശ്നമായി മാറിയപ്പോൾ കിടപ്പ്
കടത്തിണ്ണകളിലായി.
ആവോളം 'കഞ്ചാവ്' അകത്താക്കി പരിസരം
മറന്നുകിടന്നു.
വീട്ടിലേക്കു മടങ്ങണോ?
വേണ്ട...
ആ ജയിലറയിലേക്ക് ഒരിക്കലും പോകരുത്.
മനുഷ്യത്വം മരവിച്ച ആ തടങ്കൽ പാളയ
ത്തിലേക്ക് എന്തിന് മടങ്ങണം?

തനിക്ക് കൂട്ടിന് ആളുകളുണ്ടായിരുന്നു.
തന്നെപ്പോലെ ജീവിതം മടുത്ത അനേകർ.
അച്ഛനെയും അമ്മയേയും വെറുത്ത മക്കൾ...
പരസ്പരം ഇടഞ്ഞിറങ്ങിയ ഭാര്യാഭർത്താക്കന്മാർ...
ശൈഥില്യം സംഭവിച്ച ബന്ധങ്ങളുടെ ഉടമകൾ.

ലക്ഷ്യബോധം നഷ്ടപ്പെട്ട തലമുറ
ജീവിതത്തിനോട് വെറുപ്പുതോന്നിയ മനുഷ്യരതി.
ബന്ധങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടവരുടെ പററം.

താൻ ഒററയാനാണോ?
അല്ല; ഒരിക്കലുമല്ല.
താൻ പ്രതിനിധിയാണ്.
ആയിരങ്ങളുടെ...
പതിനായിരങ്ങളുടെ...!?

പലപ്പോഴും പട്ടിണികിടന്നു.
ദാഹിച്ചുവലഞ്ഞു.
ഡിസംബർ മാസത്തിലെ മരംകോച്ചുന്ന തണുപ്പിൽ
ഉടുതുണി അഴിച്ച് പുതച്ചുകിടന്നു.
എന്നിട്ടും മടുപ്പുതോന്നിയില്ല.
ഉള്ളതിൽ സംതൃപ്തി കണ്ടെത്തി.
ഒരുതരം മൃഗീയ സംതൃപ്തി.

ഈ യാത്ര ആരംഭിച്ചിട്ട് നീണ്ട പത്തു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.
തളർന്നു...
ഇനി അധികം മുന്നോട്ട് നീങ്ങാൻ വയ്യ.
മരിച്ചുവീഴുന്നതിനുമുമ്പ് തൻെറ അച്ഛനെയെങ്കിലും ഒന്നു കാണാൻ
കഴിഞ്ഞിരുന്നു എങ്കിൽ ___?

സ്വപ്നങ്ങളുടെ പുറകേ ഓടാൻ വേണ്ടിമാത്രം ദൈവം തനിക്കെന്തിനാണീ ജന്മം നല്കിയത്?
ദൈവം ഒരു "സാഡിസ്റ്റാ"ണോ?
അല്ലെങ്കിൽ പിന്നെ എന്തിനാണ് ദുഃഖങ്ങളുടെ ഭാണ്ഡം തന്നെക്കൊണ്ട് തലയിൽ ഏറ്റുന്നത് ?

ഇന്നു രാവിലെ തുടങ്ങിയതാണ്.
ശരീരത്തിന് പതിവിൽ കവിഞ്ഞ തളർച്ച.
കൈകാലുകൾക്ക് ബലഹീനത.
എങ്കിലും ആ അവശത അവഗണിച്ച് നടന്നു.
കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി.
നില്ക്കാൻ കഴിഞ്ഞില്ല...
പിടഞ്ഞു വീണു.

മനസ്സിലെ അവ്യക്തചിത്രങ്ങൾ ഒന്നൊന്നായി മായുന്നു.
അതാ അവിടെ, ഒരു മരുപ്പച്ച മാത്രം.
മരുപ്പച്ചയിൽനിന്നും ആരോ ഒരാൾ വെള്ളം കോരുന്നു.
ഒരു പെൺകുട്ടി.
അവളുടെ കൈയിൽ ഒരു മൺകുടം ..
മൺകുടത്തിൽ വെള്ളവുമായി അവൾ നടന്നുവരുന്നു.
തന്റെ അടുത്തുവന്നിരുന്ന്, അവളുടെ മടിയിൽ തന്റെ തല ഉയർത്തിവച്ച് വെള്ളം ഒഴിച്ചുതരുന്നു.
അവളുടെ നീണ്ട സുന്ദരമായ വിരലുകൾ തന്റെ ചുണ്ടുകളിൽ സ്പർശിക്കുമ്പോൾ അവാച്യമായ ഒരനുഭൂതി.
തന്റെ തൊണ്ട നനയുന്നു.
ദാഹത്തിന് ശമനം.

അവൻ കണ്ണുകൾ പതുക്കെ തുറന്നു.
സ്വപ്നത്തിലെന്നപോലെ കണ്ടപെൺകുട്ടി
ഒരു സത്യമായി തന്റെ തൊട്ടടുത്ത്.
അവളുടെ കൈത്തണ്ടയിൽ തന്റെ തല
താങ്ങിപ്പിടിച്ചിരിക്കുന്നു.

അവളുടെ ചുണ്ടുകൾ വിടർന്നു.
വിടന്ന ചുണ്ടുകളിൽ മന്ദഹാസം.

"ഇപ്പോൾ എങ്ങനെയുണ്ട് —?"
അവൻ ഒന്നു ചിരിക്കുക മാത്രം ചെയ്തു.
"റോഡിൽ വീഴുന്നതു് അപ്പച്ചൻ കണ്ടു. അപ്പച്ചനും
അമ്മേം കൂടാ ഇവിടെക്കൊണ്ടുവന്നു കിടത്തിയതു്."

"എന്നിട്ടവർ എവിടെപ്പോയി-"

"അപ്പച്ചൻ ഡോക്ടറെ വിളിക്കാൻ പോയി.

അമ്മച്ചി അടുക്കളേൽ പ്രാതൽ ശരിയാക്കുകാ-"

അയാൾ പരിസരം ശ്രദ്ധിച്ചു. ചെറിയ ഒരു വീടിന്റെ കൊച്ചുമുറി. ഓലമേഞ്ഞ വീട്. ഭിത്തി ചെററകൊണ്ട് മറഞ്ഞിരിച്ചിരിക്കുന്നു- അതിന്റെ നടുവിൽ ക്രിസ്തുവിന്റെ ക്രൂശിത രൂപം...

ശരീരത്തിൽ അഗ്നി എരിഞ്ഞുകത്തുന്നു. ഞരമ്പുകൾ വലിഞ്ഞു മുറുകുന്നു. കണ്ണുകളിൽ ഇരുട്ട് പടരുന്നു. ആ ഇരുട്ടിൽ ക്രിസ്തുവിന്റെ ക്രൂശിത രൂപവും ആ പെൺകുട്ടിയും ഒക്കെ മങ്ങി മറഞ്ഞു.

കണ്ണുകൾ തുറന്നതു് വളരെ വൈകിയാണ്. തൊട്ടടുത്ത് ആരുമില്ല. മുമ്പിൽ, ക്രിസ്തുവിന്റെ ക്രൂശിത രൂപത്തിനു താഴെ ഈറനണിഞ്ഞ മുഖവുമായി മൂന്നു രൂപങ്ങൾ...

ആ പെൺകുട്ടി ..

അവളുടെ അപ്പച്ചൻ...

അമ്മ...

അവർ ഹൃദയം നൊന്ത് പ്രാർത്ഥിക്കുന്നു.

"പിതാവേ-നീ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവുള്ളവനാകയാൽ സ്തോത്രം. നീ മരിച്ചവരെ ഉയർപ്പിച്ചവനാണ്. പക്ഷവാതക്കാരനെ കിടക്ക എടുത്തു നടത്തിയവനാണ്. ചെകിടരെ കേൾപ്പിച്ചവനാണ്. നിന്റെ അത്ഭുതം ഈ നിന്റെ മകനിൽ നിറവേററണമേ- അവന് ബോധം നല്കാൻ കരുണ കാട്ടേണമേ-"

അവന്റെ കണ്ണുകൾ ക്രിസ്തുവിന്റെ ക്രൂശിത രൂപത്തിൽ ചെന്നു തറഞ്ഞു.

പാപികൾക്കുവേണ്ടി കാൽവറിയിൽ രക്തം ചിന്തിയ നസറായൻ.

അദ്ധ്വാനിക്കുന്നവരുടേയും ഭാരം ചുമക്കുന്നവരുടേയും അഭയസങ്കേതമായിരുന്ന ദൈവപുത്രൻ, അവശന്മാരേയും ആലംബഹീനരേയും തന്റെ അടുക്കലേക്ക് മാടിവിളിച്ച ദൈവത്തിന്റെ കുഞ്ഞാട്.

താനും ഒരു ക്രിസ്ത്യാനിയല്ലേ?

അവൻ ഓർത്തു.

മഹത്തായ ക്രിസ്തീയ പാരമ്പര്യമുള്ള

ഒരു ഭവനത്തിലല്ലേ താനും ജനിച്ചതു്?

ഈ പെൺകുട്ടിയെപ്പോലെ, അവളുടെ

മാതാപിതാക്കളെപ്പോലെ പ്രാർത്ഥിക്കാൻ

തനിക്ക് കഴിഞ്ഞിട്ടുണ്ടോ?

ബോർഡിംഗ് സ്കൂളിലായിരിക്കുമ്പോൾ പാട്ടു

പാടിയിട്ടുണ്ട്; പ്രാർത്ഥിച്ചിട്ടുണ്ട്

അതൊക്കെ അധികാരികളുടെ സംതൃ
പ്തിക്കുവേണ്ടിമാത്രം.
ഇതേവരെ ക്രിസ്തുവിനെ വാസ്തവമായി
കണ്ടെത്താൻ തനിക്ക് കഴിഞ്ഞോ?

തന്റെ വീട്ടിൽ ക്രിസ്തുവിന്റെ വലിയ ഫോട്ടോയുണ്ട്.
അതിന്റെ ചുവട്ടിൽ ഇലക്ട്രിക് മെഴുകുതിരിക്കാലുകൾ എരി
യുന്നുണ്ട്. പക്ഷേ...
അവിടെ മനുഷ്യഹൃദയങ്ങൾ എരിഞ്ഞു കത്താറില്ല.
എല്ലാം വെറും പ്രഹസനം മാത്രം.

പ്രഭുമന്ദിരങ്ങളിൽ ദൈവം കൊലചെയ്യ
പ്പെടുന്നു.
ഒന്നിലധികം തവണ ക്രൂശിലേററപ്പെടുന്നു.
പണത്തിനുവേണ്ടി 'ദൈവ'ത്തെ വി-
ല്പന ചരക്കാക്കി മാററുന്നു.
എന്തിനാണീ കപടനാടകം ?
എവിടെയാണാത്മാർത്ഥത?
എന്താണ് യഥാർത്ഥഭക്തി ?

ഇതാ...,ഇവിടെ...
ഈ മൺകുടിലിൽ...
ഈ ഗ്രാമീണ മനുഷ്യരിൽ...
യഥാർത്ഥ ഭക്തിയുടെ ഉടമകളെ താൻ കണ്ടെത്തിയിരിക്കുന്നു.
അവരുടെ ഹൃദയം ദൈവത്തിന്റെ ശ്രീകോവിലാണ്.
അവരുടെ മനസ്സ് ദൈവത്തിനുവേണ്ടി എരിഞ്ഞു കത്തുന്നു;
പ്രശോഭിക്കുന്നു.
തനിക്കുവേണ്ടി അവർ രക്ഷകനോട് യാചിക്കുന്നു.
"അപ്പച്ചാ—" താൻ വിളിച്ചു. വർഷങ്ങളോളമായി മനസ്സിൽ
അണകെട്ടിനിന്ന ആഗ്രഹം പൊട്ടിത്തകർന്നു.

മൂവരും ചാടി എഴുന്നേററു
ശബ്ദം നിലച്ചു.
കണ്ണുകളിൽ ബാഷ്പബിന്ദുക്കൾ.
മുഖത്ത് അമ്പരപ്പ്
ഹൃദയത്തിൽ ആഹ്ലാദം.

അവൻ ഓരോരുത്തരുടേയും മുഖത്ത് മാറിമാറിനോക്കി...
ആ നോട്ടം അപ്പച്ചനിൽ ചെന്നുതറച്ചുനിന്നു...
"ഞാൻ......അപ്പച്ചാ എന്നു വിളിച്ചോട്ടെ—"
ആ നല്ല അപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിതുമ്പി...
"മോന്റെ പേരെന്താ—"

“രാജു —”

„വീടില്ലേ —”

„ഇല്ല...”

„അപ്പച്ചനും അമ്മയും”

„......”......അവൻ മറുപടി പറയാതെ തെല്ലിട എന്തോ ആലോചിച്ചുകിടന്നു. പെട്ടെന്നവന്റെ കണ്ണുകൾ നിറഞ്ഞു.

„......എനിക്കറിഞ്ഞുകൂടാ......”

„മോനു് ഇഷ്ടമാണെങ്കിൽ ഇവിടെ താമസിക്കാം. എന്നെ അപ്പച്ചാ എന്നു വിളിക്കാം. ഇവളെ അമ്മയായും...ഇതാ നിന്റെ കുഞ്ഞനുജത്തി”

„അപ്പച്ചൻ ഡോക്ടരെ വിളിക്കാൻ പോയിട്ടു്......”

„കാറു കൊണ്ടുചെന്നാൽ വരാമെന്നുപറഞ്ഞു. ബസ്സിൽവരാൻ പററില്ലത്രെ. അതുകൊണ്ടു് ഞാനിങ്ങു പോന്നു —”

„എന്നാലും യേശുവപ്പച്ചൻ ഞങ്ങടെ പ്രാർത്ഥന കേട്ടു...ഞങ്ങൾ മൂന്നുപേരും കൂടി മുട്ടിപ്പായി പ്രാർത്ഥിച്ചു. യേശുവിനെക്കവിഞ്ഞൊരു ഡോക്ടറില്ലെന്നാ ഞങ്ങളെ സണ്ടേസ്ക്കൂൾ സാർ പഠിപ്പിച്ചിരിക്കുന്നതു്..”

പിന്നെ......എല്ലാം സ്നേഹം മുട്ടിനിന്നവാക്കുകൾ.
ആത്മാർത്ഥത നിറഞ്ഞ പെരുമാററം.
വർഷങ്ങളോളമായി തന്റെ മനസ്സിലുറഞ്ഞു
കിടന്ന സ്വപ്നത്തിന്റെ സാക്ഷാൽക്കാരം.
ദാഹത്തിന്റെ ശമനം.

അന്നു വൈകീട്ടു് എല്ലാവരും പ്രാർത്ഥിക്കാനിരുന്നു......
ഇരുപത്തിമൂന്നാം സങ്കീർത്തനമാണു് വായിച്ചതു്...
ഓരോരുത്തരും മാറി മാറി പ്രാർത്ഥിച്ചു...

“നിന്റെ ഭാരങ്ങൾ അവന്റെ മേൽ വയ്ക്കുക. അവൻ നിന്നെ ആശ്വസിപ്പിക്കും —” അപ്പച്ചൻ ആ വാക്യം ചൊല്ലിയാണു് പ്രാർത്ഥിച്ചതു്......അവനതു് അക്ഷരം പ്രതി ശരിയാണെന്നു മനസ്സിലായി...

വൈകിട്ടു് ഊണുകഴിക്കാനിരുന്നപ്പോൾ അവനു് തോന്നി.... ഇവിടെ......ഈ ഊഷര ഭൂമിയിൽ, ഈ ചുഴലിക്കാററിൽ ഞാൻ മരുപ്പച്ച കണ്ടെത്തിയിരിക്കുന്നു.

With the best compliments from -

**P. I. Mathewkutty & Co;**

*General Merchant & Commission Agents*

Dealers in: **Oil, Oil-cakes & Cattle Feed etc**

19/232, BIG BAZAR,

PALGHAT — 1

Gram - "PIMCO"
Phone: 1164
Res: 3239

C S. T. 1056 Pgt/21-8-69
K. G. S. T. M-310

With the best Compliments from -

M. CHIDAMBARAM

Onian Merchant & Canvasing Agent

**NAGHAMAM**

*POLLACHI*

Tel: ONION KING
Phone: 47 PL

*Best Compliments from:*

**BOMBAY TAILORS**

**New Panchayat Bus Stand**

**MANNARGHAT**

*With the best compliments from:-*

C. NACHIMUTHU CHETTIAR & SONS

*Commission Agent & General Merchant*

**52 - Ganapathy Gaunder Street**

POLLACHI.

Phone: 3075
Res: 2564

Tel: CEEYEN

# പാലക്കാട് ജില്ലയും—സുവിശേഷവേലയും

റവ: K. T. അലക്സാണ്ടർ

കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന ജില്ലയാണല്ലോ പാലക്കാട്. പാലക്കാട്, ആലത്തൂർ, ചിററൂർ, ഒററപ്പാലം, മണ്ണാർക്കാട്, വടക്കഞ്ചേരി, എന്നീ പ്രദേശങ്ങൾ പാലക്കാട് ജില്ലയിലാണ് കോയമ്പത്തൂർ പട്ടണത്തോട് വളരെ അടുത്തുകിടക്കുന്ന ഒരു പട്ടണമായ പാലക്കാട്, കേരളത്തിന്റെയും മദ്രാസിന്റെയും ബോർഡറിൽ സ്ഥിതിചെയ്യുന്നു. ജനസംഖ്യയുടെ പ്രധാനഭാഗം ഹിന്ദുക്കളാണ്. ജനസഖ്യയിൽ പിന്നിട്ടുനിൽക്കുന്നത് മുസ്ലീംങ്ങളാണ്. നമ്പൂതിരിമാരും, നായന്മാരും, ഒരു ഭാഗം ഈഴവരും, ഇവിടെ വളരെ സ്വാധീനമുള്ളവരാണ്. പാലക്കാടിന് അതിന്റേതായ ഒരു ചരിത്രപശ്ചാത്തലമുണ്ട്. പാലക്കാട് രാജാവ് കോഴിക്കോട് സാമൂതിരിയെ ഭയന്ന് ഹൈദരാലിയുടെ സഹായം അഭ്യർത്ഥിക്കുകയും, അദ്ദേഹം വലിയ ഒരു സൈന്യത്തെ അയച്ച് സാമൂതിരിയിൽനിന്നും പിടിച്ച് എടുക്കുകയും ചെയ്തു. അങ്ങനെ പാലക്കാട് രാജ്യവും, രാജകുടുംബവും ഹൈദരാലിയുടേയും, അദ്ദേഹത്തിന്റെ മകൻ ടിപ്പു സുൽത്താന്റേയും മേൽക്കോയ്മയിലായിത്തീർന്നു. എന്നാൽ ടിപ്പു ബ്രിട്ടീഷുകാരുമായി തോററപ്പോൾ 1792 ശ്രീരംഗപട്ടണത്തിലുള്ള ഉടമ്പടി പ്രകാരം മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലായി. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുശേഷം മലബാർ പ്രദേശം തിരുവിതാംകൂർ, കൊച്ചിയുടെ ഭാഗമായിത്തീരുകയും, കേരളം ഉടലെടുത്തപ്പോൾ, കേരളത്തിന്റെ ഭാഗമായിത്തീരുകയുംചെയ്തു ഇന്നും ടിപ്പുസുൽത്താന്റെ കോട്ട ഈ ചരിത്രത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് പാലക്കാട് പട്ടണത്തിന്റെ തൃശ്ശൂർനിന്നും, കോയമ്പത്തൂർനിന്നുമുള്ള കവാടത്തിൽ സ്ഥിതിചെയ്യുന്നു.

മററു ജില്ലകളെ അപേക്ഷിച്ച് മഴ അല്പം കുറവുള്ള പാലക്കാട് കേരളത്തിന്റെ നെല്ലറയായിത്തീർന്നിരിക്കുന്നതിന്റെ പ്രധാന കാരണം, മലമ്പുഴ, വാളയാർ, മംഗലം, മീൻക്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ, ചിററൂർപുഴ, മുതലായ കൃഷിക്കു പ്രയോജനകരമായ ഇറിഗേഷൻ പ്രോജക്ററുകളാണ് ഇത്രയും വലിയ നെൽകൃഷി പ്രദേശമായതിനാൽ ഏകദേശം 600 നെല്ലുകുത്തു മില്ലുകൾ പ്രവൃത്തിക്കുന്നു. ഇതിനും പുറമേ പാലക്കാട് ടൗണിനോട് ചേർന്ന ഭാഗങ്ങൾ വ്യവസായ മേഖലയായി ഉയർന്നുവരുന്നു. ഈ ജില്ലയുടെ ജനസംഖ്യ ഏകദേശം 19ലക്ഷം വരും ഇതിൽ 2%മാത്രമാണ് ക്രിസ്ത്യാനികൾ.

ഇങ്ങനെയുള്ള ഈ പ്രദേശത്ത് ഏതാണ്ട് 50 കൊല്ലങ്ങൾക്ക് മുൻപാണ് മാർത്തോമ്മാസഭ പാലക്കാട് കുഴൽമന്ദം ഗ്രാമം കേന്ദ്രമാക്കികൊണ്ട് സുവിശേഷ പ്രവർത്തനം ആരംഭിച്ചത്. ആദ്യകാലങ്ങളിൽ പല എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും, ഒരു ഉറന്ന സുവിശേഷ വയൽ പ്രദേശമായി രൂപാന്തരപ്പെടത്തക്കവണ്ണം പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നത്, പാലക്കാട്ടച്ചൻ എന്ന അപരനാമധേയത്താൽ അറിയപ്പെടുന്നതും, പിന്നീട് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യയുടെ ബിഷപ്പായിതീർന്ന Rt. Rev. ജോൺ വർഗ്ഗീസ്സ് തിരുമേനിയായിരുന്നു. അദ്ദേഹത്തോടുകൂടി ചേർന്ന് ആശ്രമത്തിന്റെ വളർച്ചയ്ക്കും, അതിൽകൂടിയുള്ള സുവിശേഷവേലയ്ക്കും നേതൃത്വം കൊടുത്തത് Dr. ഏലിമാമ്മൻ ആയിരുന്നു. തികഞ്ഞ വിശ്വാസം മാത്രം കൈമുതലായിക്കൊണ്ട് കൂടെ പ്രവർത്തിച്ചിരുന്ന ആശ്രമസഹോദരന്മാരും, സഹോദരിമാരും അന്നു സുവിശേഷത്തിനു ഒരു മുതൽക്കൂട്ടായിരുന്നു. സഭയിൽ മാത്രമല്ല, മററു ഇതര സാമൂഹ്യസംഘടനകൾക്കും നേതൃത്വം നൽകത്തക്കവണ്ണം നേതാക്കന്മാരെ വാർത്തെടുത്ത് അയയ്ക്കുന്നതിനും പാലക്കാട് ക്രിസ്തുദാസാശ്രമം ശരിയായ പങ്കു വഹിച്ചിട്ടുണ്ട്. അതുപോലെതന്നെ സമൂഹത്തിലെ ദുരാചാരത്തെ കർത്താവിന്റെ സ്നേഹത്താൽ തുടച്ചു മാററുന്നതിനും ഈ ആശ്രമം നേതൃത്വം നൽകിയിട്ടുണ്ട്. അന്നത്തെ കാലത്ത് വളരെ പ്രാബല്യത്തിലിരുന്ന Caste System തുടച്ചുമാററുന്നതിനുവേണ്ട നേതൃത്വം നല്കിയിട്ടുണ്ട്. അന്നത്തെ ഈഴവരേയും, നായാടികളേയും സംഘടിപ്പിച്ച്,

ഒരു ജാഥതന്നെ നടത്തി, തൊട്ടുകൂടാൻ പാടില്ലാത്ത ബ്രാഹ്മിൻ തറയിൽ കയറി, ബ്രാഹ്മണരുടെ പ്രതിഷേധത്തെ വെല്ലുവിളിക്കുകവരെ ചെയ്തു.

കേരളത്തിൽ ഏററവും വലിയ സാമൂഹ്യവ്യതിയാനം ഉണ്ടാക്കിയ ക്ഷേത്രപ്രവേശന വിളമ്പരത്തിന്നു് തന്നെ അധികാരികളെ ഉണർത്തത്തക്കവണ്ണം സമൂഹം ഉന്നമനപ്രവർത്തനത്തിൽ പങ്കു വഹിച്ചിട്ടുണ്ടു്. ആദ്യകാലപ്രവർത്തനത്തിൻെറ ഫലമായി പല കുടുംബങ്ങളും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു് മാർത്തോമ്മാ സഭയുടെ അംഗങ്ങളായിചേർന്നു എന്നാൽ പലയാളുകളും അവരുടെ സമുദായത്തിലേയ്ക്കും തിരിച്ചുപോകാൻ പ്രേരിതരായി. അവരുടെ സാമൂഹ്യമായ ആവശ്യങ്ങളിൽ കൈത്താങ്ങലുകൾ കൊടുക്കാൻ നമ്മുടെ സഭയ്ക്കു് സാധിച്ചില്ല. അക്കൂട്ടത്തിൽ ശ്രീ K T. Philip-ം അദ്ദേഹത്തിൻെറ ഭാര്യയും ഇപ്പോൾ നമ്മോടുകൂടെ കൂട്ടായ്മയിൽ ചേർന്നു നടക്കുന്നു.

സുവിശേഷവേലക്കായി വളരെ സാദ്ധ്യതകൾ ഉള്ള ഒരു സ്ഥലമാണു് പാലക്കാട്ടു്. ഇവിടെ ഇപ്പോൾ അഞ്ചു് സുവിശേഷകന്മാർ പല സ്ഥലങ്ങളിലായി താമസിച്ചു് വേലചെയ്യുന്ന കുഴൽമന്ദത്തു് ഏകദേശം 250 ഹൈന്ദവ കുട്ടികൾ ക്രിസ്തീയപാട്ടുകൾ പഠിക്കുന്നതിന്നും, വേദപുസ്തകം പഠിക്കുന്നതിനുമായികൂടി വരുന്നു. അതിനുവേണ്ടിയുള്ള അവരുടെ ഉത്സാഹം കാണേണ്ടതുതന്നെയാണു്. മുണ്ടൂരിലും ഏകദേശം 150 ഹൈന്ദവ കുട്ടികൾ പഠിച്ചുവരുന്നു ഇതു് തീർച്ചയായും നമ്മുടെ വേലയ്ക്കു പ്രചോദനം നൽകിവരുന്നു

ഇനിയും പുതിയ വയൽപ്രദേശം ഇവിടെ ആരംഭിക്കേണ്ടതായിരിക്കുന്നു. അതിനായിട്ടുള്ള വേലക്കാരേയും പണവും ആവശ്യമായിരിക്കുന്നു.

ഒരു കാലത്തു് വളരെ പ്രയോജനകരമായും അഭിമാനകരമായും നടന്നുവന്ന ആശ്രമപ്രസ്ഥാനം ഇപ്പോഴത്തെ ആചാര്യയായിരിക്കുന്ന ശ്രീ K. V. John-നു ശേഷം ആരെയെന്നുള്ള ചോദ്യം അവശേഷിക്കുന്നു. ആശ്രമത്തിൻെറ അംഗമായി ഏക പുരുഷൻ ജോൺസാർ മാത്രമേയുള്ളു. അദ്ദേഹം രോഗിയാണെങ്കിലും വിശ്വസ്തതയോടുകൂടി തൻെറ ജോലിചെയ്യുന്നു വിവാഹം കഴിക്കാതെ ആശ്രമത്തിൻെറ അംഗമായി ചേർന്നു പ്രവർത്തിക്കാൻ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ മുന്നോട്ടുവരേണ്ടിയിരിക്കുന്നു ഇതിനോടു് ചേർന്നു നടത്തുന്ന അനാഥശാലയും നടത്തികൊണ്ടുപോകാൻ ആളില്ലാത്ത കാരണത്താൽ നിർത്തേണ്ടിയിരിക്കുന്നു നമ്മുടെ ഈ ഫീൽഡിൻെറ ആഭിമുഖ്യത്തിൽ മൂന്നു് സ്കൂളുകളും പ്രവർത്തിക്കുന്നു

ഇതിനോടു് ചേർന്നു ആരംഭിച്ച ആശുപത്രി പൊതുജന പ്രയോജനകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു ഈ വർഷത്തിൽ തന്നെ ഒരു കമ്മ്യൂണിററി ഡവലപ്പ്മെൻറ് പ്രവർത്തനത്തിൽ (C M A I യുടെ സഹായത്തോടുകൂടി) ഏർപ്പെടുന്നതിനു് സാധിച്ചു

ഇങ്ങനെ വളരെ അധികം സാദ്ധ്യതകളുള്ള ഈ ജില്ലയിൽ കൂടുതൽ സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു

*With the best compliments from:*

Mr. T. C. George

***POPULAR HARDWARES***

HEAD POST OFFICE ROAD,

PALGHAT



# ഇടവകയുടെ ദൗത്യം

**പി. എം. ജോൺസൻ B. D. II.**

മാർത്തോമ്മാ വൈദീക സെമിനാരി, കോട്ടയം.

ഇടവക ഒരു കുടുംബമാണ്. അതിലെ ചൈതന്യധാരയാണ് സ്നേഹം. യഥാർത്ഥമായുള്ള ദൈവരാജ്യത്തിന്റെ ഭൂമിയിലുള്ള ആവിഷ്കരണമാണ്, കർത്താവായ യേശുക്രിസ്തുവിന്റെ ശരീരമായ സഭയിൽ ദർശിക്കപ്പെടേണ്ടതു്. ഇടവക ഈ ദൈവരാജ്യം വിസ്തരണത്തിന്റെ ശ്രേഷ്ഠമായ ഒരു മുഖാന്തിരമാകുന്നു. സഭയുടെ ദൗത്യത്തെ പ്രാദേശികതലത്തിൽ ആവിഷ്കരിക്കുന്ന പ്രതിഭാസമാകുന്നു ഇടവക (Parish) Paroika എന്ന ഗ്രീക്ക് പദത്തിൽനിന്നു് Parish എന്ന ഇംഗ്ലീഷ് പദം ഉത്ഭവിച്ചു ഇതിന്റെ അർത്ഥം 'അടുത്തുവസിക്കുക' (dwelling beside) എന്നത്രേ. നാം ഉൾപ്പെട്ടിരിക്കുന്ന സാമൂഹ്യതലത്തിൽ ദൈവത്തെ ആവിഷ്കരിക്കുന്നതിനുള്ള ഉത്തരവാദിത്വവും ആഹ്വാനവുമത്രേ ഈ വാക്കിൽ അന്തർലീനമായിരിക്കുന്നതു്. യേശുക്രിസ്തുവിലൂടെ പ്രദർശിപ്പിക്കപ്പെട്ട ദൈവസ്നേഹം ജീവിതത്തിന്റെ ആത്മികവും, സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ മണ്ഡലങ്ങളിലും പ്രതിഫലിക്കുമ്പോൾ മാത്രമേ ഇടവക അതിന്റെ ദൗത്യം നിർവഹിക്കുന്നുള്ളു. ഇടവകയുടെ ദൗത്യനിർവഹണത്തിനു് അതിന്റെ വലിപ്പമോ, സാമ്പത്തിക ശേഷിയോ എന്നതിനെക്കാളുപരി, അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന സ്നേഹധാരയാണ് മുഖ്യാധാരം എന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു ഏററം ചെറിയ ആരംഭത്തിൽനിന്നു് ലോകത്തിൽ ദൈവരാജ്യസ്ഥാപനം ആരംഭിച്ചു എന്നു് സുവിശേഷത്തിൽനിന്നു് നാം ഗ്രഹിക്കുന്നു. കടുകുമണിയുടെ ഉപമ (മത്താ. 13:31, 32), പെരുപ്പത്തിലും വലുപ്പത്തിലും അധിഷ്ഠിതമായ മാനുഷിക വിചിന്തനങ്ങളെ അതിലംഘിച്ചുകൊണ്ടു് ഒരു പുതിയ പ്രമാണത്തിലേക്കത്രേ വിരൽ ചൂണ്ടുന്നതു്. ഇതു് ഒരു തത്വശാസ്ത്രമായി അവശേഷിക്കാതെ ക്രിസ്തീയസഭയുടെ ഭാഗമായിത്തീർന്നു. ഒരു ഇടവക വലുപ്പത്തിൽ എത്രമാത്രം ചെറുതായിരുന്നാൽത്തന്നെയും, സാമ്പത്തികപരാധീനതകളും മററനേകം പരിമിതികളാൽ വലയം ചെയ്യപ്പെട്ടിരുന്നാലും, അതിന്റെ ദൗത്യനിർവഹണത്തിൽ കൂടെ അതു് വളന്നു് ദൈവരാജ്യകെട്ടുപണിയിൽ ഏർപ്പെടുന്നതിനുള്ള സാദ്ധ്യത എപ്പോഴുമുണ്ടു്. ഇതിനാധാരം ആയിരിക്കേണ്ടതു് ദൈവസ്നേഹാവിഷ്കരണമായ യേശുക്രിസ്തുവിനെ ഉയർത്തിക്കാട്ടുക എന്നുള്ളതാകുന്നു. ഈ യേശുക്രിസ്തുവിലൂടെ ഇടവക സ്വാതന്ത്ര്യം പ്രാപിക്കുന്നു. മരണത്തിന്മേലും പാതാളത്തിന്മേലും ജയം പ്രാപിച്ച യേശുക്രിസ്തുവിന്റെ ശരീരമായ സഭയും ലോകത്തിലുള്ള സാമ്പത്തിക – സാമൂഹ്യ – അദ്ധ്യാത്മിക ബന്ധനങ്ങളുടെ മേൽ ജയം നേടേണ്ടിയിരിക്കുന്നു.

ഇടവക സ്വാതന്ത്ര്യം പ്രാപിക്കണമെങ്കിൽ ഇടവകയിലുൾപ്പെട്ടു നിൽക്കുന്ന വ്യക്തികൾ ഈ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിൽ എത്തിയവരായിരിക്കണം. വ്യക്തിതലത്തിൽ ആരംഭിച്ചു് ഫലദായകമാകുന്ന സംരംഭത്തിനുമാത്രമേ സാമുദായികതലത്തിൽ സ്ഥായിയായ വിജയം കൈവരിക്കാനാവുകയുള്ളു. ബഹുമുഖമണ്ഡലങ്ങളിൽ—സാമൂഹ്യസാമ്പത്തിക, അദ്ധ്യാത്മിക രംഗങ്ങളിൽ—ഇന്നും അടിമകളായി കഴിയുന്ന വ്യക്തികൾക്കു് എങ്ങനെ സമൂഹത്തിൽ സ്വാതന്ത്ര്യം കൈവരുത്തുവാൻ സാധിക്കും? ഇന്നും നമ്മുടെ ഇടവകതലത്തിൽ ഉച്ചനീചത്വങ്ങളും, അനീതിയും ഇല്ലേ? യേശുക്രിസ്തു തന്റെ നസ്രേത്തു് പ്രകടനപത്രികയിൽ പ്രഖ്യാപിക്കുന്നു:–

"ദരിദ്രന്മാരോടു് സുവിശേഷം അറിയിപ്പാൻ കർത്താവു് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ടു്. ബദ്ധന്മാർക്കു് വിടുതലും കുരുടന്മാർക്കു് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അ

WITH THE BEST COMPLIMENTS FROM:

**Sri. Venkateswara & Co;**

Sri Rajeswari Agmark Gingelly Oil Suppliers

**Dhanalakshimipuram**

KAGAM (Post)

SIVAGIRI 638109 Erode (SRY)

Phone; 65
Tel. Vinayaga Sivagiri
RC. 320563

---

With the best compliments from -

**SRI VASAVI TRADING Co.,**

*General Merchant & Commission Agent*

**GUNTUR-522003 (A P.)**

Gram: CAPABLE
Tel: Office: 22840
Res: 23665
21736

---

Use Always Our

Vinayak Brand Agmark
P. P. S. Brand Agmark } GINGELLY OIL

M/s P. PERIASAMY
P. P. S. OIL MILLS
*VEERAPPANCHATRAM*
*ERODE-4*

Phone:- 3418
3902
3592

Tel: TRUTH

---

*With the best compliments from:-*

**A. V. & Co.,**

*King of Chillei*

POLLACHI
TAMIL NADU

യച്ചിരിക്കുന്നു" (ലൂക്കോ 4:18, 19) ഈ പ്രഖ്യാപനം ഇടവകയുടെയും ദൗത്യമാകുന്നു. കേവലം ആദ്ധ്യാത്മിക തലത്തിൽ മാത്രം പരിമിതപ്പെടുത്താതെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യാപരിക്കേണ്ടതത്രെ സുവിശേഷം. ഓരോ ഇടവകയും അതുൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ യേശുക്രിസ്തുവിലൂടെ ഭരമേൽപ്പിക്കപ്പെട്ട ദൗത്യം വിശ്വസ്തതയോടെ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. അപ്പോൾ മാത്രമേ, സമൂഹത്തെ ദൈവഹിതാനുസരണം രൂപാന്തരപ്പെടുത്തുവാനും, 'നിന്റെ രാജ്യം വരേണമേ' എന്ന പ്രാർത്ഥന അന്വർത്ഥമായിത്തീരുന്നതിനും ഇടയായിത്തീരുകയുള്ളൂ. ഇതിനുള്ള ഏകവും എളുപ്പവുമായ വഴി സ്നേഹം എന്നുള്ളതത്രെ. ഈ സ്നേഹത്താൽ നാം നിവേശിതരായിത്തീരുമ്പോൾ മനുഷ്യൻ അടിമയായിരിക്കുന്ന സകല ബന്ധനങ്ങളിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നു. ഈ സ്നേഹം അതിന്റെ തന്മയത്വത്തിൽ സമ്പൂർണ്ണമായി പ്രദർശിപ്പിക്കപ്പെട്ടതു് കാൽവറി കുന്നിന്റെ മുകളിൽ രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ട യേശുക്രിസ്തുവിലാണ്. ഈ സ്നേഹചൈതന്യധാര യേശുക്രിസ്തുവിൽനിന്നു് ഒരു കരംകൊണ്ടുവാങ്ങി, മറുകരം കൊണ്ടു് മററുള്ളവർക്കു് കൊടുക്കുന്ന മഹത്തായ ദൗത്യമാണ് ഇടവകയ്ക്കുള്ളതു്. അതായതു് ഇടവക മനുഷ്യരെ സത്യാന്വേഷികളാക്കിത്തീർക്കുന്നു; ആത്മിക സത്യം കണ്ടെത്തുവാൻ സഹായിക്കുന്നു. ലൗകികജീവിതത്തിനപ്പുറത്തായുള്ള അദ്ധ്യാത്മിക ലോകത്തിലേക്കുള്ള പ്രവേശനം ഈ ജീവിതത്തിൽത്തന്നെ സാദ്ധ്യമാക്കുന്ന പ്രക്രിയയാണ് ഇടവകയുടെ ദൗത്യം. അവിടെയാണ് സ്വർഗ്ഗവും!


നാടിന്റെ മുഖച്ഛായ മാററാൻ
കുടിയേററ കർഷകർ സഹിച്ച ത്യാഗങ്ങൾ
നമുക്കു് വിസ്മരിക്കാൻ കഴിയാത്തതുപോലെ

വസ്ത്രവ്യാപാര രംഗത്ത്

◀ സെലക്ഷൻസ് ▶

രചിച്ച സേവനത്തിന്റെ ചരിത്രം
ആർക്കു് മറക്കാൻ കഴിയും?

നിങ്ങൾക്കാവശ്യമുള്ള ഏതുതരം വസ്ത്രവും അനായാസം
തെരഞ്ഞെടുക്കുവാൻ പാലക്കാട്ട് ജില്ലയിലെ പ്രശസ്ത വസ്ത്രവിപണനകേന്ദ്രം

സെലക്ഷൻസ്
മണ്ണാർക്കാട്ട്

WITH THE BEST COMPLIMENTS FROM:

# Mali Studio

G. B. ROAD, PALGHAT

Phone: 3347

**For Photostat copies of your Documents & Certificates**
**Please contact**

*With the best compliments from:-*

# Mr. George Thomas

## HILROVER TYERS

TYRE DEALERS,

**V. H. Road,**

**Palghat-1**

*Phone:* 3247

*Best Compliments from:*

## Mr. P. M. GEORGE

*(Panampallil House)*

**Modern Clinical Laboratory**

***PALGHAT***

# മുണ്ടൂർ_ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരം

**മർക്കോസ് വി. വി.**

മുണ്ടൂർ സുവിശേഷകൻ.

മുണ്ടൂർ സുവിശേഷ വയൽ പ്രദേശത്തിന്റെ ഉദയദിനമായ 1975 ഡിസംബർ ഒന്നു് ഈ പ്രദേശത്തുള്ള ആളുകൾക്കു് ആയുസ്സിൽ മറക്കുവാൻ സാധിക്കാത്ത ആനന്ദത്തിന്റെ ഒരു സുദിനം ആയിരുന്നു. ഭാവിജീവിതം ഭദ്രമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടു് തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വളരെ അധികം ആളുകൾ മലബാറിന്റെ ഭാഗങ്ങളിലേക്കു് കടന്നുവരുവാൻ തുടങ്ങി. അങ്ങനെ വന്നവരിൽ ഒരുകൂട്ടം ആളുകൾ പാലക്കാട്ടു നിന്നു് 8 മൈൽ വടക്കു പടിഞ്ഞാറു് മാറി സ്ഥിതി ചെയ്യുന്നതും കോങ്ങാടു് നക്സൽ കൊലക്കേസ്സിനു് സാക്ഷ്യം വഹിച്ചതുമായ 'മുണ്ടൂർ' എന്ന മനോഹര ഗ്രാമത്തിലേക്കും വന്നു തുടങ്ങി. വിവിധ ഇടങ്ങളിൽ നിന്നു് വന്നവർ ആയിരുന്നു എങ്കിൽ തന്നേയും തങ്ങൾക്കു ലഭിച്ച ക്രിസ്തീയ വെളിച്ചം നഷ്ടപ്പെട്ടിരുന്നില്ല. ഇരുളിൽ പ്രകാശം ഉദിക്കും പോലെ, 'ക്രിസ്തേതരദേശം' എന്നു് വേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന മുണ്ടൂരു്, ക്രിസ്ത്യാനികളുടെ ആഗമനം സുവിശേഷത്തിന്റെ ഉദയം ആയിരുന്നു. കാടുവെട്ടിത്തെളിച്ചു് നാടാക്കി മാറ്റുവാനുള്ള അവിശ്രാന്ത പരിശ്രമത്തിനിടയിലും ക്രൈസ്തവധർമ്മം അവർ കൈവെടിഞ്ഞില്ല—സുവിശേഷം ജാതികൾക്കു— തത്ഫലമായി രാജേശ്വരി എന്ന യുവതി ലുദിയ ആയി രൂപാന്തരപ്പെട്ടു അതുവരെയും സഭയായി ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കാതിരുന്ന ഈ സ്ഥലത്തു് ഈ സംഭവം സഭയുടെ, പ്രത്യേകിച്ചു് സുവിശേഷ സംഘത്തിന്റെ ശ്രദ്ധയെ ആകർഷിക്കുവാനുള്ള അവസരത്തിന്റെ ആരംഭം ആയിരുന്നു. സുവിശേഷ വേലയ്ക്കു് വേണ്ട നേതൃത്വം നൽകുവാൻ ഒരു സുവിശേഷകനെ ലഭിക്കും എന്ന ചിരകാലാഭിലാഷം സാക്ഷാത്കരിക്കാതെ പോകുമോ എന്നു് സന്ദേഹിച്ച സന്ദർഭത്തിലത്രേ മാർത്തോമ്മാ സുവിശേഷ സംഘം ഒരു സുവിശേഷകനെ ഈ പ്രദേശത്തേക്കു് അയച്ചതു്. ആ സുദിനമായിരുന്നു 1975 ഡിസംബർ ഒന്നു്. ഇപ്പോൾ പ്രവർത്തനം രണ്ടര വർഷത്തിലേക്കു് കടന്നിരിക്കുന്നു.

## ജറുസലേം മാർത്തോമ്മാ ഇടവക-മുണ്ടൂർ

ആദ്യ സമയങ്ങളിൽ നമ്മുടെ ആളുകൾക്കു് ആരാധിക്കുവാനുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. ആത്മാർത്ഥതയോടുകൂടി ആയിരുന്നില്ല എങ്കിൽ തന്നെയും ആവശ്യങ്ങളുടെ നിർവ്വഹണത്തിനു് മററു മാർഗ്ഗങ്ങൾ ഒന്നുംതന്നെ കാണാതെ വന്നപ്പോൾ നമ്മുടെ ചില ആളുകൾക്കു് „റീത്തു്" ആരാധനയിൽ സംബന്ധിക്കേണ്ടതായി വന്നു എന്നാൽ നമ്മുടെ പ്രവർത്തനത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാവരും ഒരുമിച്ചുകൂടി മാർത്തോമ്മാ സഭയുടെ വിശ്വാസാചാരങ്ങൾ മുറുകെ പിടിച്ചുകൊണ്ടു് മുന്നോട്ടുപോകുവാനുള്ള ഉറച്ച തീരുമാനം എടുത്തു. പ്രാർത്ഥന കേട്ട ദൈവം അതിനുള്ള വഴികൾ ഒരുക്കി തന്നു. കൂട്ടായ്മക്കുവേണ്ടിയും, ആരാധനയ്ക്കുവേണ്ടിയും, ഭവനങ്ങൾ വേർതിരിക്കപ്പെട്ടു. ക്രിസ്തീയ വിശ്വാസത്തിൽ കുഞ്ഞുങ്ങളെ വളർത്തിയെടുക്കുവാൻ സണ്ടേസ്കൂൾ രൂപീകരിക്കപ്പെട്ടു കാലത്തിന്റെ ഒഴുക്കിൽപെട്ടു് നട്ടം തിരിയുന്ന ഒരു യുവ സമൂഹത്തിന്റെ മദ്ധ്യത്തിൽ ജീവിക്കുന്ന ഇവിടെയുള്ള ക്രിസ്തീയ യുവജനങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ മാഹാത്മ്യത്തിനു് സാക്ഷികളാകേണം എന്നുള്ള ചിന്തയോടു് യുവജനസഖ്യം രൂപീകരിക്കപ്പെട്ടു. സ്ത്രീജനങ്ങൾക്കു് ഒരുമിച്ചു് പ്രവർത്തിക്കുവാനുള്ള രംഗം സേവികാസംഘത്തിലൂടെ തുറക്കപ്പെട്ടു. ഏകദേശം ഒരു വർഷക്കാലം ഇവയെല്ലാം ഭവനാന്തരീക്ഷത്തിൽ വച്ചു് നടന്നപ്പോൾ പൊതുസ്ഥലത്തിന്റെ ആവശ്യം വ്യക്തമാവുകയും സ്ഥലം വിലയ്ക്കുവാങ്ങി ഇന്നു കാണുന്ന താല്ക്കാലിക ഷെഡ്ഡു് നിർമ്മിക്കുകയും ചെയ്തു 1977 മാർച്ചു് മാസം 5-ാം തീയതി പള്ളിക്കുവേണ്ടിയുള്ള കല്ലിടീൽ കർമ്മം അഭിവന്ദ്യ തോമസ്സ് മാർ അത്താനാസിയോസു് തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചു. മുണ്ടൂർ പള്ളിക്കു് „യെരുശലേം" മാർത്തോമ്മാ പള്ളി എന്നു് നാമകരണം ചെയ്തു ഏകദേശം 26 കുടുംബങ്ങൾ ഉള്ളതും, ഒരു മാതൃകാ ഇടവകയുമായ ഈ കോൺഗ്രിഗേഷനെ 1978 ജനുവരി മാസം മലബാർ കുന്നംകുളം ഭദ്രാസനത്തിൽ

With the best compliments from:

# NEW SURABHI

**NON - VEGETERIAN HOTEL**

*MAIN ROAD*

**MANNARGHAT**

*With best compliments from:-*

**Dr: K. THOMAS ALEXANDER**

***ALEXO HOMEO CLINIC***

*ROBINSON ROAD*

PALGHAT

പ്പെട്ട ഒരു ഇടവകയായി അംഗീകരിച്ചു ഇപ്പോൾ എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച കുർബ്ബാന ശുശ്രൂഷയും മറ്റെല്ലാ ഞായറാഴ്ചകളിലും ആരാധനയും നടക്കുന്നു. ആരംഭം മുതൽ നിർല്ലോഭമായി ചൊരിയപ്പെട്ട ദൈവകൃപയും, മിഷ്യനറി റവ: കെ. റ്റി. അലക്സാണ്ടറിൽനിന്നും, വികാരി റവ: കുര്യൻ തോമസ്സിൽനിന്നും ജനങ്ങൾക്ക് ലഭിച്ച പ്രോത്സാഹനവും ആളുകളുടെ താത്പര്യത്തോടു കൂടിയ സഹകരണ മനോഭാവവും അത്രേ ഇവിടത്തെ പ്രവർത്തനത്തിന്റെ വിജയ രഹസ്യം.

## ജാതികൾ സുവിശേഷ വെളിച്ചത്തിലേക്ക്

സുവിശേഷ വേലയുടെ പരമ ലക്ഷ്യം മനുഷ്യ വല്ക്കരണമത്രെ... ഇതു ക്രിസ്തുവിലൂടെ... അതത്രേ സുവിശേഷം. ഇത്തരുണത്തിൽ സുവിശേഷ വേല ത്വരിതഗതിയിൽ ചെയ്യുവാൻ അർഹതപ്പെട്ട സ്ഥലമത്രെ മുണ്ടൂർ. സന്മാർഗ്ഗികമായും, സാംസ്കാരികമായും, ആദ്ധ്യാത്മികമായും വളരെ പിൻപന്തിയിൽ നില്ക്കുന്നതും മനുഷ്യ വത്ക്കരണത്തിനു മററു മാർഗ്ഗങ്ങൾ ഉണ്ടു എന്നു ഉപദേശിക്കുന്ന ആളുകളുടെ സ്വാധീന വലയത്തിലേക്ക് അനധി വിദൂരതയിൽ വഴുതി പോകുവാൻ സാദ്ധ്യതയുള്ളതുമായ ഇവിടത്തുകാർക്ക് മനുഷ്യനെ മനുഷ്യനാക്കി തീർക്കുവാൻ കഴിവുള്ള ഏക വ്യക്തിയായ യേശുക്രിസ്തുവിനെ ആവശ്യമുണ്ടു. കടന്നുവന്നു സഹായിക്കേണം എന്നുള്ള ആഹ്വാനത്തിൽ മുഴങ്ങി കേൾക്കുന്നതു ഈ വിളിയുടെ ധ്വനിയത്രേ അതുകൊണ്ടു ഇവിടത്തെ പ്രവർത്തനത്തിന്റെ പ്രധാന ഉദ്ദേശം ജാതികളുടെ ഇടയിലുള്ള സുവിശേഷ വേലയാണ്. ഇടവക അതിനായി നിലകൊള്ളുന്നു. ചില നാളുകൾക്കു മുമ്പു അപരിചിതമായിരുന്ന യേശു എന്ന നാമം ആളുകൾക്ക് സുപരിചിതമായി തീർന്നിരിക്കുന്നു. ഇവിടെയുള്ള ക്രിസ്ത്യേതര കുഞ്ഞുങ്ങളുടെ അധരങ്ങളിൽനിന്നു അടർന്നു വീഴുന്ന "യേശുവിൻ നാമം മധുരിമനാമം", "ജീവിക്കുന്നു യേശു ജീവിക്കുന്നു, എന്നുള്ളത്തിൽ അവൻ ജീവിക്കുന്നു." തുടങ്ങിയ ഗാനശകലങ്ങൾ ഇവരുടെ മതപരമായ പരിപാടികളിലും മുഴങ്ങി കേൾക്കുമ്പോൾ വാസ്തവത്തിൽ രോമാഞ്ചമണിയും.

പ്രവർത്തനത്തിന്റെ പ്രധാന പരിപാടികൾ ഭവന സന്ദർശനങ്ങൾ, കുട്ടികൾക്കായുള്ള വേദപാഠ ക്ലാസുകൾ, സാമൂഹിക പ്രവർത്തനങ്ങൾ, ഇവയാണ്. ഭവനസന്ദർശനത്തിലൂടെ ഈടുററ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിനും ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുന്നതിനും സാധിക്കുന്നു. ഈ അടുത്ത സമയത്തു ക്രിസ്തുവിനെ സ്വീകരിച്ച രണ്ടാളുകളുടെ അന്ത്യസാക്ഷ്യം കേൾക്കുവാൻ സാധിച്ചു. 90 വയസ്സായി കണ്ണുകൾ രണ്ടും നഷ്ടപ്പെട്ട ഒരു ഈഴവ മുത്തശ്ശിയുടെ സാക്ഷ്യം ഈ വിധമായിരുന്നു. "യേശു എന്റെ ഉള്ളിലെ കണ്ണുകൾ തുറന്നു" "ഞാൻ മരിച്ചുകഴിയുമ്പോൾ എന്റെ യേശു ഭഗവാന്റെ പാദാരവിന്ദത്തിൽ ചെന്നുചേരണം" അന്ത്യവാചകം 'യേശു' എന്നു മൂന്നുപ്രാവശ്യം ഉച്ചരിച്ചുകൊണ്ടു ഈ ലോകത്തിൽനിന്നു വേർപെട്ട ഒരു നായർപിതാവിന്റെ ആഗ്രഹം അത്രേ മേൽ ഉദ്ധരിച്ചതു. ക്രിസ്തീയ സാക്ഷ്യം നിറവേററി ഒളിഞ്ഞും, തെളിഞ്ഞും വിളങ്ങുന്ന വിശ്വാസികളെ ഇനിയും ഇവിടെ കാണാം. ക്രിസ്ത്യേതര കുഞ്ഞുങ്ങൾക്കായി 6 സെന്ററുകളിൽ വച്ചു നടക്കുന്ന വേദപാഠ ക്ലാസുകളിലൂടെ ഏകദേശം 200 കുഞ്ഞുങ്ങൾ യേശു ജീവിക്കുന്നവൻ എന്നു ഉച്ചൈസ്തരം ഘോഷിക്കുന്നു. തങ്ങൾ ബ്രാഹ്മണ പദവികളുടെ പിൻതുടർച്ചക്കാർ എന്നു അഭിമാനിക്കുകയും എന്നാൽ ജീവിതത്തിൽ ചട്ടവും, നിഷ്ഠയും ലേശവും പേശിയിട്ടില്ലാത്ത പണ്ഡാര വർഗ്ഗങ്ങളുടെ ഇടയിലും കുഞ്ഞുങ്ങൾക്കായുള്ള വേദപാഠ ക്ലാസിലൂടെ സുവിശേഷം സ്വാധീനം ചെലുത്തിയിരിക്കുന്നു. സഹപാഠികളെ സഹായിക്കേണം എന്ന ക്രൈസ്തവ ധർമ്മം മുറുകെ പിടിച്ചു കൈകോർത്തു പ്രവർത്തിച്ചതിന്റെ ഫലമായി 20 ഹിന്ദു കുട്ടികൾക്കു പാഠപുസ്തകങ്ങൾ നൽകി സ്കൂളിൽ പറഞ്ഞയക്കുവാൻ മുണ്ടൂരുള്ള ചെറിയ യുവജന സഖ്യത്തിനു സാധിച്ചു.

ഇപ്രകാരമുള്ള ദേശങ്ങൾ കാണുമ്പോൾ നിഷേധിക്കുവാൻ സാധിക്കാത്ത ഒരു യാഥാർത്ഥ്യം വ്യക്തമാകുന്നു. 'ആളുകൾ സുവിശേഷത്തിനുവേണ്ടി ദാഹിക്കുന്നു'. കാലത്തിന്റെ വെല്ലുവിളികൾ ശക്തമായി മുഴങ്ങി കേൾക്കുന്ന ഇതുപോലുള്ള പ്രദേശങ്ങളിൽ സധൈര്യം പ്രവർത്തിക്കുവാൻ സമർപ്പിക്കപ്പെട്ട ആളുകൾ ഉയരട്ടെ. ആർ എനിക്കുവേണ്ടി പോകും എന്നുള്ള ആഹ്വാനത്തിന്റെ മുമ്പിൽ വായനക്കാരുടെ ഹൃദയം തുറന്നിരുന്നു എങ്കിൽ!

*With best compliments from:*

# C. M. C. PRESS

GURUVAYOOR ROAD

KUNNAMKULAM

# Gody Engineering Works

***Engineers & Contractors***

*Reg: No: P. 6/66*

MANNARGHAT

*Manufactures of:*

*Steel Roof Trusses, Window Grills, Compound gates, Collapsible gate, Water-tanks, Structural and other Building materials. We undertake - All kinds of Industrial Job works, Turning (Lath wcrks) Welding (Electric & gas)*

# RAGAM WATCH & RADIOS

**MANNARGHAT**

SALES & SERVICE

*Watches, Radios, Tape Recordes, Record Players, Amplifair House wiring, And All Electrical works All Automatic Watches Specialist.*

Prop: C. A. KAREEM

# അട്ടപ്പാടിയിലെ ആദിവാസികളുടെയിടയിൽ ◆
# ◆ സുവിശേഷ വെളിച്ചം

തമ്പാൻ ഡി. ജോർജ്ജ് (സുവിശേഷകൻ)

ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു സങ്കീ 19:1. ഈ ഭാഗം ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ മഹാത്മ്യത്തെ വിളിച്ചറിയിക്കുമ്പോൾ, അട്ടപ്പാടി ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. അതിലെ കുന്നുകളും താഴ്‌വരകളും ദൈവത്തിന്റെ സൃഷ്ടിപ്പിൽ കലാ വൈദഗ്ധ്യത്തെ പ്രസിദ്ധമാക്കുന്നു. ആദിവാസികളുടെ നാടായ അട്ടപ്പാടി നേരിൽ കണ്ടപ്പോൾ എനിക്കുണ്ടായ അനുഭൂതിയത്രെ ഇതു്.

സമുദ്ര നിരപ്പിൽനിന്നും ഏകദേശം 2000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും ഏകദേശം 500 ചതുരശ്ര മൈൽ വിസ്തീർണ്ണം വരുന്നതും, പ്രകൃതി അവളുടെ സൗന്ദര്യ പ്രകടമാക്കിയിരിക്കുന്ന ഫലഭൂയിഷ്ഠമായ ഒരു വനപ്രദേശമാണ് അട്ടപ്പാടി. അങ്ങിങ്ങായി തലയുയർത്തി നിൽക്കുന്ന പച്ചപ്പട്ടണിഞ്ഞ കുന്നുകളും അവതമ്മിലുള്ള ബന്ധം നഷ്ടമാക്കാതെ തമ്മിൽ കോർത്തിണക്കുന്ന താഴ്‌വരകളും ആകെ ഒരു പ്രത്യേകത തന്നെ. പാടി പറക്കുന്ന പക്ഷികളും തുള്ളിക്കളിച്ചുനിൽക്കുന്ന നെൽച്ചെടികളും കൊണ്ടു് മനോഹരമായ താഴ്‌വരകൾ. ഇരമ്പിപായുന്ന കാട്ടാറുകളും അവയുടെ കരയിൽ പരിമളം തൂകി നിൽക്കുന്ന കൈതപ്പൂക്കളും കൊണ്ടു് അട്ടപ്പാടി സജീവത പൂണ്ടുനിൽക്കുന്നു. ദൈവത്തിൻ സൃഷ്ടിപ്പിൻ മാഹാത്മ്യത്തെ ലോകത്തെ വിളിച്ചറിയിക്കുന്നതിൽ കേരളത്തിനു് നൽകുവാനുള്ള സംഭാവനയാണ് അവളുടെ വടക്കുകിഴക്കേ ഭാഗത്തു് സ്ഥിതി ചെയ്യുന്ന ഈ മനോഹര ഭൂപ്രദേശം.

ഈ മനോഹരമായ ഭൂപ്രദേശത്തു് ബാഹ്യലോകവുമായി യാതൊരു ബന്ധവും പുലർത്താതെ അവിടെ തന്നെ ഒതുങ്ങി കഴിഞ്ഞുകൂടുന്ന ഒരു കൂട്ടം മനുഷ്യരുണ്ടു് അവർ ആദിവാസികൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരിൽ ഇരുളർ മുഡുഗർ എന്നിരണ്ടു് വർഗ്ഗവുമുണ്ടു്. ആധുനിക ജീവിത സമ്പ്രദായങ്ങൾ അവരെ സ്വാധീനിച്ചിട്ടില്ല. കൂട്ടുകുടുംബ സമ്പ്രദായമാണു് അവരുടെയിടയിൽ നിലനിൽക്കുന്നതു്. പത്തോ പതിനഞ്ചോ വീടുകളുള്ള ഓരോ ചെറിയ ഗ്രാമമായി അവർ താമസിക്കുന്നു. ആ ഗ്രാമത്തിനു് ഊരു് എന്നാണു് പറയപ്പെടുന്നതു്. ഓരോ ഊരിനും ഓരോ തലവൻ ഉണ്ടായിരിക്കും. അദ്ദേഹത്തെ ഊരുമൂപ്പൻ എന്ന പേരിൽ അറിയപ്പെടുന്നു. അവരുടെ ഭരണാധികാരിയാണു് ഈ മൂപ്പൻ. ഇവരുടെ ഭാഷക്കു് ലിപിയില്ല. തമിഴ്, മലയാളം, തെലുങ്കു് തുടങ്ങിയ ഭാഷകൾ ഇടകലർന്നുള്ള ഒരു സമ്മിശ്ര ഭാഷയാണു് സംസാരിക്കുന്നതു്. അതിനു് ഒരു പ്രത്യേക രീതിയും ഉണ്ടാകും. കായ്കനികൾ ഭക്ഷിച്ചു് വന്യമൃഗങ്ങളുമായി മല്ലടിച്ചു് അവർ ഒരു കാലത്തു് ജീവിച്ചു മനുഷ്യത്വം എന്തെന്നു് അവർക്കറിഞ്ഞുകൂടാ. വിദ്യാഭ്യാസത്തിനോ, വൈദ്യസഹായത്തിനോ വേണ്ട സജ്ജീകരണങ്ങൾ അവർക്കില്ലായിരുന്നു എങ്കിലും, ഈശ്വര വിശ്വാസം അവരിൽ രൂഢമൂലമായിരുന്നു. ആരാധിക്കാനുള്ള ആഗ്രഹം അവർക്കുണ്ടു്. ഉദാഹരണമായി, ശിവരാത്രിയിൽ മല്ലീശ്വരം ക്ഷേത്രത്തിലെ ഉത്സവം. അവരുടെ ഈശ്വരഭക്തിയെ വിളിച്ചറിയിക്കുന്ന ഒരു അവസരമാണു് ഇതു്. ഈശ്വരനു് കാഴ്ചകളർപ്പിക്കുന്നതിനു് ഒരു വർഷം മുഴുവൻ ലഭിക്കുന്ന ആദായത്തിന്റെ നല്ല ഒരു ഭാഗം ഈ ഉത്സവസമയത്തേക്കു് നീക്കിവക്കും. അവരുടെ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പ്രകടമായി പാട്ടും കൂത്തും കരവയും എല്ലാം ഉണ്ടാവും.

പുരോഗമനത്തിന്റെ പാതയിലൂടെ കാലം ഇഴഞ്ഞു നീങ്ങിയപ്പോൾ ഒരു വഴിത്തിരിവിൽ വച്ചു് ആദിവാസികളെയും ശ്രദ്ധിച്ചു. അവരുടെ ഉന്നമനത്തിന്നായി പരിശ്രമിക്കുവാൻ തുടങ്ങി. വിദ്യാഭ്യാസത്തിന്നായി സ്കൂളുകൾ. കാർഷിക അഭിവൃദ്ധിക്കായി സ്ഥാപനങ്ങൾ, കോളനികൾ, മലകളെ തമ്മിൽ കോർത്തിണക്കുന്ന പാതകൾ ഇവ അവിടെ

അവിടങ്ങളിലായി തലയുയർത്തി. ഇവയുടെ സ്വാധീനം ആദിവാസികളെ പൊതുവെ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

കാൽനൂററാണ്ടുകളോളമായി അദ്ധ്വാനശീലരായ ആളുകൾ കേരളത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നും, ജീവിതസന്ധാരണത്തിന്നായി അവിടെ കുടിയേറി പാർക്കുവാൻ തുടങ്ങി. ഇവരിൽ എല്ലാ സഭാ വിഭാഗങ്ങളിൽപെട്ടവരും ഉൾപ്പെടുന്നു. (ഇന്ന് മുപ്പതോളം മാർത്തോമ്മാ ഭവനങ്ങൾ ഇവിടെയുണ്ട്). അനുയോജ്യമല്ലാത്ത കാലാവസ്ഥയും, മാരകരോഗങ്ങളും അദ്ധ്വാനശീലരായ ഈ കൂട്ടരെ തളർത്തിയില്ല. വന്യമൃഗങ്ങളുടെ ഭീകരശബ്ദം പ്രാണഭയം ഉളവാക്കി. നിരന്തരമായ അദ്ധ്വാനത്തിന്റെയും, പരിശ്രമത്തിന്റെയും, സഹിഷ്ണുതയുടേയും ഫലമായി ഘോരവനങ്ങൾ കനകം വിളയുന്ന ഭൂമിയാക്കി രൂപാന്തരപ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞു. (ഇന്ന് അട്ടപ്പാടിയിൽ കൃഷിചെയ്തുണ്ടാക്കാൻ പാടില്ലാത്ത ഒരു കാർഷിക വിഭവങ്ങളുമില്ല) പ്രതികൂലങ്ങളുമായി മല്ലടിച്ച് നിരാശയുടെ നീർച്ചുഴിയിൽ പെട്ട് നിരാലംബരായി കഴിഞ്ഞുകൂടിയ സന്ദർഭങ്ങളിലും തങ്ങളുടെ അരുമ രക്ഷകനെ അവർ മറന്നില്ല 'പാലും തേനും ഒഴുകുന്ന കനാൻദേശം' യിസ്രായേൽ ജനത്തിന് വാഗ്ദത്തം ചെയ്തത് തങ്ങളുടെ ജീവിതത്തിലും അർത്ഥവത്താണെന്നുള്ള കൃതാർത്ഥതയും അവർക്കുണ്ട്. "ഞാൻ നിങ്ങളെ ഒരു നാളും അനാഥരായി വിടുകയില്ല" ലോകാവസാനത്തോളം എല്ലാനാളും ഞാൻ നിങ്ങളോടുകൂടെയുണ്ട്. എന്നു തുടങ്ങിയ വാഗ്ദത്തങ്ങൾ ചെയ്ത പ്രാണപ്രിയൻ കൂടെയുണ്ടെന്നുള്ള അചഞ്ചലമായ വിശ്വാസത്തിൽ ജീവിതം തുടർന്നു.

ഘോര വനാന്തരത്തിൽ പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന സൃഷ്ടികർത്താവിനെ ആരാധിക്കുന്നതിനുള്ള ഒരു ആരാധനാസ്ഥലം ഉണ്ടാകണമെന്നത് അവരുടെ ഉള്ളിലെ അടങ്ങാത്ത ആവേശമായിരുന്നു അത്യദ്ധ്വാനത്തിന്റെ മദ്ധ്യത്തിലും അതിന്നായി ഹൃദയനുറുക്കത്തോടുകൂടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്തു ഈ അവസരത്തിൽ കരിമ്പ St. തോമസ് മാർത്തോമ്മാ ഇടവകയിലെ സുവിശേഷ തൽപരരായ സഹോദരങ്ങൾ അട്ടപ്പാടിയുടെ ഈ സ്ഥിതി മനസ്സിലാക്കി, ക്രിസ്തുവിൽ ഒരേ ശരീരത്തിന്റെ അവയവങ്ങളാകുന്ന അവിടത്തെ സഹോദരങ്ങളുടെ ആഗ്രഹം തങ്ങളുടെ ആവശ്യമായി അവർ കണ്ടു. അസാദ്ധ്യമായ കാര്യങ്ങളെ സാദ്ധ്യമാക്കി തീർക്കുന്ന ദൈവത്തിൽ ഈ കാര്യം ഭരമേൽപിച്ചുകൊണ്ട് റവ. സി. ഐ. ജോർജ്ജിന്റെ നേതൃത്വത്തിൽ 1972ൽ അട്ടപ്പാടിയിലെ ക്രിസ്ത്യാനികളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കുമാറ്, മാങ്ങാനം ആശ്രമത്തിൽനിന്നും നൽകിയ ഭൂമിയിൽ (ഒരു എക്കർ) ഒരു പ്രാർത്ഥനാ ഷെഡ്ഡ് നിർമ്മിച്ചു കരിമ്പ ഇടവകയുടെ ഒരു പ്രാർത്ഥനാ കൂട്ടമായി അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി അംഗീകരിക്കുകയും ചെയ്തു. അവർ ഒരുമിച്ചുകൂടി അപ്പൊസ്തോലിക കാലത്തെ ആരാധനപോലെ സന്തോഷകരമായ ആരാധന തുടങ്ങി. സാവകാശം ലഭിക്കുമ്പോഴൊക്കെയും, കരിമ്പയിൽനിന്നും അതാത് കാലത്തെ വികാരിമാരും താൽപര്യമുള്ള സഹോദരങ്ങളും അട്ടപ്പാടിയിലെ ക്രിസ്തീയ കൂട്ടായ്മയുടെ വളർച്ചക്ക് കൈതാങ്ങൽ നൽകിയിട്ടുണ്ട്. അവരിൽ മൺമറഞ്ഞുപോയ വാത്സല്യ സഹോദരങ്ങളുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുളയും പുല്ലും കൊണ്ട് നിർമ്മിച്ച പ്രാർത്ഥനാ ഷെഡ്ഡ് മാതൃ ഇടവകയുടെ സഹായത്തോടും, മററു ഗുണകാംക്ഷികളുടെ സഹകരണത്തോടും, അട്ടപ്പാടിയിലെ അദ്ധ്വാനശീലരായ വിശ്വാസികളുടെ അശ്രാന്തപരിശ്രമത്തോടുംകൂടി ഓടുമേഞ്ഞ ഒരു പള്ളിയായി നിർമ്മിക്കുവാൻ സാധിച്ചത് സന്തോഷകരമത്രെ. (പൂർത്തീകരിച്ചിട്ടില്ല) അതിന്നായി സഹായിച്ച എല്ലവരോടുമുള്ള കൃതജ്ഞതയും പ്രകാശിപ്പിക്കുന്നു.

1976 ജൂലൈ 2-ാംനു- അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് അട്ടപ്പടി സന്ദർശിക്കുന്ന അവിടത്തെ ആവശ്യം നേരിൽ മനസ്സിലാക്കുകയും ചെയ്തു തത്ഫലമായി കുന്നംകുളം മലബാർ ഭദ്രാസനത്തിന്റെ ബോർഡ് ഓഫ് മിഷന്റെ ഒരു ഫീർഡായി അട്ടപ്പാടി തെരഞ്ഞെടുത്തു അവിടെ സുവിശേഷകനായി മാർത്തോമ്മാ സഭയുടെ ജീവനാഡിയായ സുവിശേഷ സംഘത്തിൽനിന്നും ഒരു സുവിശേഷകനെ അയക്കുകയും ചെയ്തു 1977 ഓഗസ്റ്റുമുതൽ സുവിശേഷകൻ അവിടെ താമസിച്ച് പ്രവർത്തിക്കുവാൻ തുടങ്ങി. പ്രവർത്തനത്തിന്റെ കേന്ദ്രം അവിടെയുള്ള കൂട്ടായ്മയാണ്.

ഞായറാഴ്ചതോറും ആരാധന, സണ്ടേസ്കൂൾ, യുവജനസഖ്യം, ഇവ ക്രമമായി നടക്കുന്നു. കൂടാതെ,

കവിത

# സ്നേഹയജ്ഞം

വി. എം. ജോസഫ്, പാണ്ടിയമ്മാക്കൽ

കാലമാം തിരശ്ശീലയ്ക്കപ്പുറം കടന്നു നാം
കാൽവരിക്കുന്നിലേയ്ക്കു കണ്ണുകളയച്ചെന്നാൽ
പാണികൾ വിരിച്ചിരു പാദങ്ങളടുപ്പിച്ചും
കാണികൾക്കലിവേറും മട്ടിലാക്കുരിശിന്മേൽ,
ലോകപരിത്രാണാർത്ഥം ജീവൻ ബലിയർപ്പിച്ച
ത്യാഗമൂർത്തിയെ—സ്നേഹനിധിയെക്കാണാമപ്പോൾ

മുൾമുടി ശിരസ്സതിൽ—ദേഹത്തിൽ മുറിവുകൾ;
കൺമുന തെല്ലയത്തിക്കാണുവിൻ സോദരരെ!
ഓർമ്മയിൽ വരുകില്ലീമാതിരിയൊന്നുവേറെ;
മർമ്മഭേദകമത്ര ദാരുണം, ദയനീയം
ചർമ്മവും ശേഷിക്കാത്തപോലെ ശരീരത്തിലാ
ദുർമ്മതികൾ കാട്ടിയ ദുഷ്ടതയെന്തു ചൊൽവൂ.

ക്രൂർത്തുമൂർത്തുള്ള മുള്ളിൻ മുനയാൽ ചുടുനിണം
ഉത്തമാംഗത്തിൽനിന്നും ധാരയായ് വാർന്നിടുന്നു;
തീർത്തിതാ മേനിയാകെ, യേകമാം വ്രണതുല്യം
ചേർത്തൊരു മഹാക്രൂര മർദ്ദനം ഹേതുവായി;
പേർത്തുകണ്ടാലുമങ്ങു പീഡകളിത്രയൊരു
മർത്ത്യനോടഹോ! മർത്ത്യർ ചേർന്നു ചെയ്യുമീടുമെന്നോ?

വ്യാഘ്രത്തിൻ കയ്യിൽപ്പെട്ടോരാടിനെയെന്നപോലീ-
തൊക്കെയും മാന്തിക്കീറിമുറിച്ചുകൊണ്ടും ദേഹം,
മുക്കാലും മൃതപ്രായനാക്കയാണവർതന്നെ
മുഷ്ക്കോടു ക്രൂശിലേററി ഹനിച്ചതീവിധത്തിൽ;
നോക്കുവിൻ നിഷ്ഠൂരത! നഗ്നമാം മൃഗീയത!
ആർക്കിതുതോന്നും കഷ്ടം, മത്രമേൽ കിരാതമാം.

കരങ്ങൾ—ചരണങ്ങ,ളാണിയാൽ തുളച്ചവർ;
വരുന്നില്ലൊരു തൃപ്തി—അതുകൊണ്ടായിരിക്കാം
കരുണാർദ്രമാം തന്റെ ഹൃദയത്തെക്കൂടി നിഷ്-
ക്കരുണമഹോ! കുത്തിപ്പിളർന്നുവച്ചതെന്നോ?
കൊലയാളികൾക്കെന്തു്? ബലിയാകുവോരുടെ
നിലയോർത്തവർക്കൊരു ദയവുതോന്നാറുണ്ടോ?

ചിന്മയൻസുത, നേതൃദേവനിലവർ കണ്ട
തിന്മയെ, ന്തതിനാഴമിത്രമേൽ വരുമെന്നോ?
കൽമഷരഹിതനാകന്യകാപുത്രനെത്താൻ
ജന്മവൈരിയായ്ക്കണക്കാക്കുവാൻ ഹേതുവെന്തു്?
സൽമനോഭാവഃലവരേയുമാശ്ലേഷിച്ചതു
മേൻമയായില്ലെന്നാണു വാദമവർക്കിതെന്നോ?

അഗതിക, ളാതുര, രാശ്വാസ രഹിതരാം
സകലർക്കും "അത്താണി", യെന്നരുൾ ചെയ്തുകൊണ്ടു്,
അദ്ധ്വാനിക്കയും ഭാരം വഹിക്കയും ചെയ്യുന്ന
മർത്ത്യരെ സ്നേഹപൂർവ്വം മാടി വിളിച്ച ദേവൻ;
പതിത കാരുണികൻ—പരമസാത്വികനീ?
പുരുഗുണാബ്ധിയോടവർക്കിത്ര പകയെന്തു്?

പാപിയെ കല്ലെറിവിൻ—കണ്ണിനു കണ്ണും, പിന്നെ
പല്ലിനു പല്ലുമെന്ന, മൂശതൻ കാലത്തേതാം
പകരംവീട്ടലിൻെറ പരമനിന്ദ്യമായ
പഴയനിയമത്തെ പിഴുതെറിഞ്ഞുകൊണ്ടു്
സമത്വസുന്ദരമാം സാഹോദര്യത്തിൻ, പുരു
മഹത്വമെഴും പുതു പ്രമാണം തന്നു ദേവൻ.

സമ്പന്നർ, ദരിദ്രർതൻ, സങ്കല്പം മാററിക്കൊണ്ടും
ഏമ്പാടുമസ്സമത്വം തുടച്ചുനീക്കിക്കൊണ്ടും,
സംതൃപ്തി, സമാധാന, മങ്ങിനെ സന്തുഷ്ടിയും;
അങ്ങിവയെല്ലാമേകി മർത്ത്യനെയുയർത്തുവാൻ,
ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ യത്നിച്ചപ്പോൾ
ഭൂകമ്പം വരുന്നെന്നു ഭയന്നുപോയി ചിലർ

ആചാര, മര്യാദകൾ—വിശ്വാസമധികാരം;
ആയവയെല്ലാം ചോദ്യം ചെയ്യപ്പെടുന്നിതിപ്പോൾ;
ആശയസംഘട്ടനം: ആയതുമൂർച്ഛിച്ചൊരു
പ്രശ്നമായെങ്ങും തലയുയർത്തി നില്ക്കുന്നഹോ!
അടിവഴുതിയവ വീഴുന്നു സമസ്തവും,
തടയുവതിനൊരു മാർഗ്ഗമെന്തിനിയെന്നു്.

സംഭീതർ—സമുദായനേതൃത്വമെന്നല്ലേതും
സന്തുഷ്ടരല്ല പുരോഹിതൻമാർ, ധനികളും;
സംഘടിച്ചവർ പ്രതികാരത്തിൻ കൊടിക്കീഴിൽ,
സ്വാധീനമാക്കിയധികാരികൾ വർഗ്ഗത്തേയും;
നിക്ഷിപ്ത താല്പര്യങ്ങൾക്കുടവു തട്ടുന്നേരം
കക്ഷിഭേദങ്ങൾ താനേ മറന്നുപോകുമല്ലോ.

പഴമയുടെ പടിവാതിലിൽ കാവൽനില്ക്കും
പിടിവാശിക്കാരായ പ്രതിലോമകരവർ
പടവാളെടുത്തുടൻ—പോരാട്ടമാരംഭിച്ചു:
പരത്തുഭീഷണികൾ—ദോഷാരോപണങ്ങളാം
പടധ്വനിപൊങ്ങി: എന്നാലുമവിടുന്നു
വിരമിച്ചില്ല തന്റെ സൽപഥങ്ങളിൽനിന്നും.

പാവങ്ങളൊത്തുവാസം—പാപിയിൽ സഹതാപം;
ഈവിധമാകുന്നവൻ ജീവിതരീതികളും;
പാരമ്പര്യങ്ങളെത്താൻ പുച്ഛിച്ചുതള്ളുന്നഹോ;
കാര്യങ്ങളതിലൊന്നുമില്ലെന്നു വാദിക്കുന്നു.
"സാബത്തു" ലംഘിച്ചവൻ—അതിനാൽത്തന്നെദൈവ.
കോപത്തിന്നർഹനായിത്തീർന്നുവെന്നതുതിട്ടം.

വാഗ്ദത്തം ചെയ്യപ്പെട്ട "മിശിഹ" യാണു പോലും
വാക്കുകൾ, പ്രവൃത്തികൾ, കൊണ്ടതു ഭാവിക്കുന്നു.
വഴിയും ജീവനുമാണവനെക്കൂടാതാർക്കും
കഴിവില്ലേതും നിത്യപിതാവിലെത്തിക്കൊൾവാൻ.
വെളിച്ചമാകുന്നവൻ—അനുഗമിപ്പവർക്കു
അലച്ചിലന്ധകാരം കൊണ്ടുളവാകില്ലെന്നും.

മൂശക്കുമുമ്പനാ, ണബ്രാഹത്തെക്കണ്ടിട്ടുണ്ട്;
ഏശയ്യാ ചൊന്നിട്ടുണ്ട് അവനെപ്പററി, യെന്നും,
ക്രൂസലറെറന്തുമിദം ജൽപിച്ചുകൊള്ളുമവൻ;
സാദൃശ്യരൂപത്തിലെ ഭാഷിതമുള്ളതാനും;
തക്കുത്തരങ്ങൾകൊണ്ടു തോൽപ്പിക്കുമാരേയും താൻ;
ദുർഗ്രാഹ്യമാണിതവൻ ഭാഷയാശയങ്ങളും;

"വെള്ളപൂശിയ കുഴിമാടങ്ങൾ നിങ്ങ"ളെന്നും,
"ഉള്ളതുവിററു സാധുസംരക്ഷണംചെയ്ക" എന്നും
"സർപ്പസന്തതികളെ! കപടഭക്തന്മാരെ!
സ്വർഗ്ഗരാജ്യത്തു നിങ്ങൾ കടക്കയില്ല"യെന്നും
പരിധിവിട്ടമവൻ വാരിവിതറുന്നൊരു
പരിഹാസങ്ങൾകൊണ്ടു പൊറുതിമുട്ടിക്കുന്നു.

ജാതിവിരുദ്ധൻ—ജനവഞ്ചകൻ—ദുഷ്ടഭൂത—
പ്രേതാദികളെക്കൂടി സേവയുമിവനുണ്ട്.
ജാലവൈദഗ്ദ്ധ്യമേററം—മികച്ചമന്ത്രതന്ത്ര—
വേലകൾകൊണ്ടു മായാ വലയം സൃഷ്ടിക്കുന്നു.
നേരറിയാതെ ചെന്നു വീഴുന്നു ജനമത-
ലാരോടും തുറന്നതു കഥിക്കയില്ലയവർ;

തീരെക്കുറഞ്ഞു പക്ഷത്താളുകൾ നമുക്കിപ്പോൾ
ഭീരുക്കളെന്നതന്നെ, എണ്ണുന്നു നമ്മെയവർ;
തീരുമുള്ളതും കൂടി, സംശയം വേണ്ടാ തെല്ലും;
രീതികളിദംവച്ചു പുലർത്തിക്കൊണ്ടിരുന്നാൽ;
ധീരമായ് നേരിടുക; വെട്ടിവീഴ്ത്തുകവേണം
വേരുറച്ചീടും മുമ്പാ വിഷവൃക്ഷത്തെ, യെന്നു്
ഏറിപ്പോയ്, നേരിൽ ദയാദാക്ഷിണ്യങ്ങളു, മൊരു
പോരായ്മയതുമാത്രം—നയത്തിൽ വന്നദോഷം.

സീസറിനെതിരിവൻ, രഹസ്യമായിട്ടോതാ
കാര്യസാദ്ധ്യത്തിന്നാളെ സംഘടിപ്പിക്കുന്നുണ്ടു്
ഗൂഢസംഘങ്ങളവർ, പേടിപ്പെടുത്തുന്നവർ;
നാടിനാപത്താണവർ,—പീഡിപ്പിക്കയും ചെയ്യും
എവിടെ-എപ്പോളേതു സാഹചര്യത്തിലാണു
പിടിവീഴുന്നതെന്നുമറിവാൻ മാർഗ്ഗമില്ല;

വ്യക്തമല്ലഭിപ്രായം കപ്പം നല്കുന്നതിലും;
യുക്തിവാദത്താലവ, നൊഴിഞ്ഞുമാറിക്കൊണ്ടു,
തച്ചൻതൻമക, നൊരുതാർക്കികനായിനിൽപ്പു;
ഇഷ്ടംപോലെന്തുമവൻ വ്യാഖ്യാനിക്കയും ചെയ്യും:
ശാന്തമായൊരു ജനജീവിതം താറുമാറായ്;
ചിന്തതൻ കോളിളക്കം സൃഷ്ടിച്ചുവിട്ടതിനാൽ,

നിരത്തിവച്ചുകൊണ്ടു, രക്ഷകൻപേരിൽപലേ-
തരത്തിലുള്ളതവർ-കുറ്റങ്ങൾ നിരവധി,
വിപ്ലവകാരിയെന്നു മുദ്രയടിച്ചു, പിന്നെ
നിഗ്രഹിക്കുവാനവർ സമയം പാർത്തിരുന്നു.
മഹത്താമൊരു യുഗപ്പിറവി-നവോത്ഥാന
പ്രബുദ്ധത കാഹളം മുഴക്കി നിന്നീടുമ്പോൾ,

നീതിയിലധിഷ്ഠിതം; ചേതസ്സമാകർഷകം;
നിത്യനൂതനംപരം—സത്യസുന്ദരമേറ്റം
എത്രയുമങ്ങുദയാമസൃണ രക്ഷകന്റെ
നിസ്തുലസ്നേഹമാർഗ്ഗപ്പൊന്നുഷസ്സെത്തി; അതു
പൊട്ടിവിരിഞ്ഞു പ്രഭാകന്ദളം പരത്തവെ
ഞെട്ടിപ്പോയ് നേതൃമന്യർ-നീതിപാലകന്മാരും;

ഒട്ടമില്ലവൎക്കുമേൽ ചൊന്നവയൊന്നും,—പുറം
ചട്ടയെയുള്ളു—ചീന്തിപ്പോകുമായതുമെന്ന
മട്ടവർകണ്ടു പരിഭ്രാന്തിയും പൂണ്ടുപാരം;
കിട്ടിയതൊന്നുമാൎക്കും കൈവിട്ടുപോകരുതു്;
കൂട്ടിവെക്കണമെന്ന വിഭ്രാന്തിപിടിപെട്ടു
നട്ടംതിരിയും മർത്ത്യർ—കിട്ടുമൊ സുഖംപിന്നെ.

അന്യോന്യനാശത്തിനു കാരണമായിത്തീരും
അന്ധമാം വൈരാഗ്യത്തിനറുതി വരുത്തുവാൻ
കടുത്തരോഷംപൂണ്ടു കടിച്ചുകീറിരക്തം
കുടിക്കുംരീതികൾക്കു വിരാമമിട്ടുകൊൾവാൻ
വെറുപ്പുമസൂയയും—ഹൃദയമാലിന്യങ്ങൾ;
വെടിപ്പായവയെല്ലാം കഴുകിനീക്കിക്കൊൾവാൻ.
കരുത്തുനൽകുംതന്റെ സ്നേഹകാരുണ്യത്തിന്റെ
സരിൽപ്രവാഹമൊന്നിതവരൊ കണ്ടതില്ല.

അയവും സ്നിഗ്ധതയും കൊണ്ടായുർ ദൈർഘ്യംകൂട്ടാൻ
ദയയും ശാന്തതയും ഹൃദയെ വളൎത്തുവാൻ,
മയമേതിലും ബന്ധം മുറിയാതിരിക്കുവാൻ,
സ്വയമാനന്ദത്തിന്റെ മധുനുകൎന്നുകൊൾവാൻ
സന്തതമാശ്വാസത്തിൻ തെന്നലെപ്പുൽകീടുവാൻ
അന്തഃരാത്മാവിലൊരു ചെറുപുഞ്ചിരിയുടെ
പൂത്തിരികത്തിക്കുവാൻ—പുളകം ചാൎത്തീടുവാൻ
പ്രാപ്തിനൽകുമാ ജ്യോതിസ് ദൎശിച്ചതില്ലയവർ.

# ● ഇടവകയുടെ ജീവനാഡികൾ ●

വി. സി. ഐയ്പ്

ഒരു സഭയോ ഇടവകയോ നവംനവങ്ങളായ അനുഭവങ്ങളിലേക്ക് വളരണമെങ്കിൽ അതിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ ചില ഉപാധികൾ അത്യാവശ്യമാണ്. സഭയിലും ഇടവകയിലും അതിന്റെ ആത്മീയ സംഘടനകൾ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇടവകയിൽ കുഞ്ഞുങ്ങളുടെ ആത്മീയ അഭ്യസനത്തിനായി സണ്ടേസ്കൂളും, യുവജനങ്ങളുടെ ആദ്ധ്യാത്മിക ശിക്ഷണത്തിനായി യുവജനസഖ്യവും, മാതാക്കളുടെ ആത്മിക പോഷണത്തിനായി സേവികാസംഘവും, ദൈവമക്കളുടെ കൂട്ടായ്മക്കും സാക്ഷ്യത്തിനുമായി പ്രാർത്ഥനാക്കൂട്ടങ്ങളും ഇന്നു് സ്തുത്യർഹമായ വിധത്തിൽ നടന്നുവരുന്നു എന്നുള്ളതു് അഭിമാനിക്കാൻ വക നല്കുന്ന വസ്തുതയാണ്. ഈ സംഘടനകളെ "ഇടവകയുടെ ജീവനാഡികൾ" എന്നു വിളിക്കുന്നതിൽതെല്ലും അതിശയോക്തിയില്ല.

## 1. സണ്ടേസ്കൂൾ.

ഏററം ചുരുങ്ങിയ വീട്ടുകാരുടെ അതീവ താല്പര്യത്തിന്റെ ഫലമാണ് ഇടവകരൂപം കൊണ്ടതെന്നു് ഇടവകയുടെ ചരിത്രം വെളിപ്പെടുത്തുന്നതുപോലെ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി അനുഗ്രഹപ്രദമായി തീരുന്നതിനു് തിരുവചനപഠനം അപരിത്യാജ്യമാണെന്നുള്ള വിശ്വാസത്തിലുടലെടുത്തതാണ് കരിമ്പ മാർത്തോമ്മാ സണ്ടേസ്കൂൾ.

സണ്ടേസ്കൂൾ നടത്തുന്നതിനു് സ്വന്തമായി സ്ഥലവും സൗകര്യങ്ങളും ഇല്ലാതിരുന്ന പ്രാരംഭകാലത്തു്, വേണാട്ടു് ശ്രീ. വി. ജി. ജോൺ താമസിച്ചിരുന്ന ഭവനത്തിൽ 1953 ഏപ്രിൽ 16-ാം തീയതി, ശ്രീ വി. ജി ജോൺ, ശ്രീ. വി. സി. ഐയ്പ്പ് എന്നിവർ 12 കുട്ടികളോടുകൂടി ആരംഭിച്ച സണ്ടേസ്കൂൾ ഇന്നു്, പള്ളിഭാഗം, കല്ലടിക്കോടു്, ഇരുമ്പാമുട്ടി, തച്ചമ്പാറ, ചൂരിയോടു് എന്നീ അഞ്ചു് സണ്ടേസ്കൂളുകളിലായി ഏകദേശം 225 കുട്ടികളും 27 അദ്ധ്യാപകരുമുള്ള ഒരു വലിയ സണ്ടേസ്കൂൾ ആയി വളരുവാൻ തക്കവണ്ണം ലഭിച്ച ദൈവിക നടത്തിപ്പുകൾക്കായി സ്തോത്രം ചെയ്യുന്നു.

സണ്ടേസ്കൂളിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ വേണ്ട പ്രോത്സാഹനം നല്കിക്കൊണ്ടിരുന്ന അതതുകാലത്തെ ഇടവകപട്ടക്കാരോടുള്ള ഹൃദയംഗമമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നതിൽ പ്രത്യേക സന്തോഷമുണ്ടു്. അതുപോലെ തന്നെ ഇടവകയുടെ സഹായസഹകരണങ്ങൾക്കും പ്രത്യേകാൽ നന്ദി അറിയിക്കുന്നു.

### a) പള്ളിഭാഗം.

1953 ഏപ്രിൽ 16-ാംനു- വേണാട്ടു് ശ്രീ. വി ജി ജോണിന്റെ ഭവനത്തിൽ ആരംഭിച്ച ആദ്യത്തെ പള്ളിക്കെട്ടിടം (ഷെഡ്) പൂർത്തിയായപ്പോൾ സണ്ടേസ്കൂൾ ഷെഡിൽവച്ചു നടത്തുവാൻ തുടങ്ങി. അതിനുശേഷം ഇപ്പോഴത്തെ പള്ളിയിൽവച്ചു് നടന്നുവരുന്ന ക്രമാനുഗതമായ വളർച്ചയാൽ ഇപ്പോൾ എട്ടു ക്ലാസ്സുകളിലായി ഏകദേശം 75-ഓളം കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. സമാജത്തിന്റെ പാഠപദ്ധതിയനുസരിച്ചുള്ള പഠനവും, പരീക്ഷയും, വാർഷിക മീററിംഗുകളും, സമ്മാനദാനവും നടത്തിക്കൊണ്ടുപോകുവാൻ സാധിച്ചിട്ടുണ്ടു്. 1977ൽ ആദ്യമായി ഒരു കുട്ടി (കുരുവിള ജോസഫ്) ബിരുദ പരീക്ഷയിൽ ചേരുകയും സമ്മാനാർഹനാകുകയും ചെയ്തിട്ടുണ്ടു്.

ഇപ്പോഴത്തെ അദ്ധ്യാപകരെ (പേരു വിവരം അന്യത്ര) കൂടാതെ മെസ്സേഴ്സ് വി. ജി ജോൺ, കെ വി ഈപ്പൻ, വലിയവീട്ടിൽ ജോയി, ഈപ്പച്ചൻ, ററി എ അബ്രഹാം മിസ്സസ്സ്. വി ഐ ഏലിയാമ്മ മിസ്സ്. എലിസബെത്തു് മാത്യു എന്നിവർ ഈ സണ്ടേസ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

### b) ചൂരിയോടു്.

1956ൽ ഈ ഭാഗത്തു് സണ്ടേസ്കൂൾ ആരംഭിച്ചു എങ്കിലും ഇടക്കാലത്തു് മുടങ്ങുകയുണ്ടായി. എന്നാൽ 1978 ജനുവരിയിയിൽ സണ്ടേസ്കൂൾ പ്രവർത്തനം പുനരാരംഭിക്കുകയുണ്ടായി. ഇപ്പോൾ 6 ക്ലാസ്സുകളിലായി ഏകദേശം അറുപതിൽ പരം കുട്ടികളും 6 അദ്ധ്യാ



പള്ളിഭാഗം, കല്ലടിക്കോട്ട് സണ്ടേസ്ക്കൂളുകാർ,



തച്ചമ്പാറ, ചൂര്യോട്, ഇരുമ്പാമുട്ടി സണ്ടേസ്ക്കൂളുകൾ



യുവജനസഖ്യം

പകരമുള്ള ഈ സൺഡേസ്കൂളിന്റെ ഒരാവശ്യം, സ്ഥലസൗകര്യമുള്ള ഒരു സൺഡേസ്കൂൾ കെട്ടിടമാണ്.

## c) തച്ചാമ്പാറ.

ദീനബന്ധു ഹോസ്പിററലിൽവച്ച് ഡാ: എ കെ. ജോർജ്ജിന്റെ ചുമതലയിൽ, നേഴ്സുമാരുടെ സഹകരണത്തോടുകൂടി നടന്നുവന്നിരുന്ന സൺഡേസ്കൂൾ 1978 ഫെബ്രുവരി മാസത്തിൽ, പ്രാർത്ഥനായോഗത്തിന്റെ ചുമതലയിൽ നടന്നുവരുന്ന തച്ചമ്പാറയിലും, ചുറ്റുപാടുമുള്ള കുട്ടികളുടെ ആത്മീക വളർച്ചയ്ക്ക് ദീനബന്ധു ഹോസ്പിററൽ സ്റ്റാഫ് ചെയ്ത വിലപ്പെട്ട സേവനങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഈ സൺഡേസ്കൂളിൽ ഇപ്പോൾ 6 ക്ലാസ്സുകളിലായി ഏകദേശം 60ൽ പരം കുട്ടികൾ പഠിക്കുന്നു. 6 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. പ്രാർത്ഥനായോഗത്തിന്റെ വകയായി പ്രാർത്ഥനാലയത്തിന്റെ പണി പൂർത്തിയാകുന്നതോടുകൂടി, കുട്ടികൾക്ക സൗകര്യമായിരുന്ന് പഠിക്കുവാനുള്ള അവസരം ലഭിക്കുന്നതുമാണ്.

## d) കല്ലടിക്കോട്.

പരേതനായ ശ്രീ എൻ എം ദാനിയേലിന്റെ ഭവനത്തിൽ 1965ൽ രണ്ടു ക്ലാസ്സുകളിലായി ആരംഭിച്ച സൺഡേസ്കൂൾ ഇടക്കാലത്ത് മുടങ്ങി. എന്നാൽ 1975ൽ സൺഡേസ്കൂൾ വീണ്ടും ആരംഭിച്ചു. ഇപ്പോൾ പ്ലാക്കാട്ടുപ്പിൽ ശ്രീ ജോണിന്റെ ഭവനത്തിൽ ശിശുവകുപ്പ്, ബാലവകുപ്പ്, കുമാര വകുപ്പ്, എന്നീ മൂന്നു ക്ലാസ്സുകളിലായി ഏകദേശം 25_ഓളം കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു 3 പേർ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നു. 1977ലെ ബിരുദ പരീക്ഷയിൽ കുമാരി സാലികുട്ടി ജോൺ സമ്മാനാർഹയായി.

## e) ഇരുമ്പാമുട്ടി.

പുളിന്തറക്കുന്നൽ പി ഐ. ചാണ്ടിയുടെ ഭവനത്തിൽ 1965ൽ തുടങ്ങി. പി. ഐ ചാണ്ടി, ററി വി. മാത്യു എന്നിവർ രണ്ടു ക്ലാസ്സുകളിലായി ആരംഭിച്ചു എങ്കിലും, പിന്നീട് മുടങ്ങാൻ ഇടയായി. 1977_ൽ അത് പുനരാരംഭിച്ചു ഇപ്പോൾ രണ്ടു ക്ലാസുകളിലായി 15ൽ പരം കുട്ടികൾ പഠിക്കുന്നു രണ്ടുപേർ അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്നു

## യുവജനസഖ്യം

വളരുന്ന തലമുറയുടെ ആത്മീകമായ വളർച്ചയ്ക്ക് നേർപാഥയൊരുക്കുവാനാണല്ലോ സഭയായി യുവജനസഖ്യം രൂപവൽക്കരിച്ചിരിക്കുന്നത്. ആരാധന, പഠനം, സേവനം, സാക്ഷ്യം എന്നീ ചതുർഭുജ ലക്ഷ്യങ്ങൾക്ക് മുൻതൂക്കം നല്കികൊണ്ട് സഭയുടെ നട്ടെല്ലായി പ്രവർത്തിക്കത്തക്കവണ്ണം യുവജനങ്ങളെ ഒരുക്കുകയായിരുന്നു, ആ സംഘടന രൂപമെടുക്കുന്നതിനു് പിൻപിൽ പ്രവർത്തിച്ചിരുന്നവരുടെ ലക്ഷ്യം· സഭയിലെ വിവിധ ഇടവകകളിൽ വളരെ വേഗം പ്രസ്തുത സംഘടനയുടെ ശാഖകളുടലെടുത്തതു്, അതിനു് ലഭിച്ച അംഗീകാരത്തിന്റെ മകുടോദാഹരണമായി കരുതാം. 1967ൽ, ഇപ്പോഴത്തെ മെത്രാപ്പോലീത്താ തിരുമേനി ഇടവക സന്ദർശിച്ച അവസരത്തിൽ യുവജനസഖ്യത്തിന്റെ ശാഖരൂപീകരിച്ചു. യുവജനസഖ്യത്തിന്റെ ത്വരിത വളർച്ചയിൽ അതാതു സമയങ്ങളിൽ സേവനം അനുഷ്ഠിച്ച ഇടവക വികാരിമാർ ചെയ്ത വിലപ്പെട്ട ശുശ്രൂഷകൾ നന്ദിയോടെ സ്മരിക്കുന്നു ക്രമാനുഗതമായ വളർച്ചയുടെ ഒരു ചരിത്രമാണ് യുവജനസഖ്യത്തിനുള്ളതു്. ഇപ്പോഴത്തെ വികാരിയുടെ നേതൃത്വത്തിൽ സഖ്യം കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നു.

യുവജനസഖ്യം എല്ലാ ഞായറാഴ്ചയും ശുശ്രൂഷാനന്തരം പള്ളിയിൽ കൂടുന്നു അവരുടെ താലന്തുകൾ പ്രകടിപ്പിക്കുകയും അതു വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നു കാലാനുസൃതമായ പ്രവർത്തനങ്ങളിലും അവർ താല്പര്യം കാണിക്കുന്നു. ചർച്ചകളിലൂടെയും ഡിബേററുകളിലൂടെയും, പ്രസംഗങ്ങളിലൂടെയും അവരുടെ കഴിവുകൾ അവർ പ്രദർശിപ്പിക്കുന്നു. മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായും, ഉപവാസ പ്രാർത്ഥനയ്ക്കായും ചില ദിവസങ്ങൾ അവർ വേർതിരിക്കുന്നു.

ഇടവകയുടെ നാനാമുഖമായ പ്രവർത്തനങ്ങളിൽ യുവജനസഖ്യം അതിന്റെ ആരംഭകാലം മുതൽ ഗണ്യമായ തോതിൽ സഹായിച്ചിട്ടുണ്ടു്. പള്ളിശുശ്രൂഷാമദ്ധ്യേ പാഠങ്ങൾ വായിച്ചും, ആരാധനയിൽ അസിസ്റ്റു ചെയ്തും, ഗായകസംഘം രൂപീകരിച്ച് പാട്ടുകൾക്ക് നേതൃത്വം നല്കി ആരാധന കൂടുതൽ ആകർഷകമാക്കുകയും ചെയ്യുന്നു. 1977ൽ നടന്ന V. B. S.ൽ അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചതു് യുവജനസഖ്യാംഗങ്ങളാണ്, ഏററവും ഭംഗിയായ രീതിയിൽ ക്രിസ്തുമസ്സ് കരോൾ സർവ്വീസ് എല്ലാവർഷവും നടത്തുന്നതിലും സഖ്യം മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ടു്. സാമൂഹ്യമായ പ്രവർത്തനങ്ങളിലും യുവജനസഖ്യം അതിവതാല്പര്യം കാണിക്കുന്നുണ്ടു്.

അർഹരായ ആളുകൾക്ക് വീടുമേയുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്. 1977ൽ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന് സഹായം നല്കി. പാലക്കാട്ട് സെൻറർ യുവജനസഖ്യത്തിൻെറ വകയായി രൂപീകരിച്ച മെഡോപ്പോലീററൻ ഫണ്ടിലേക്ക് ഈ ശാഖയും, ആഴ്ചയിൽ ഒരു ദിവസം ഉപവസിച്ച് അതിൽനിന്നും ലഭിക്കുന്ന തുക നല്കുന്നുണ്ട്. മുണ്ടൂരിൽ ഒരു ഹിന്ദു കുടുംബത്തിന് വീടും ഭൂമിയും നല്കുന്നതിലേക്കാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. 1977ൽ, പാഴ്സനേജിലെ ഒരു ഭാഗം സ്ഥലത്ത് കപ്പകൃഷി ചെയ്യുകയും, അതിൽനിന്നുള്ള ആദായം സഖ്യത്തിനു ലഭിക്കുകയും ചെയ്തു. ഇടവകയിൽ, യുവജനസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ലൈബ്രറി തുടങ്ങിയിട്ടുണ്ട്.

300ൽ പരം യുവജനങ്ങളുള്ള ഈ ഇടവകയിൽ 50ൽ പരം യുവജനങ്ങൾ മാത്രമെ ഈ ശാഖയുടെ അംഗങ്ങളായിട്ടുള്ളു. നിർമ്മാണപ്രവർത്തനങ്ങളിലേർപ്പെടുന്നതിനും, ഇടവകയുടെ വളർച്ചയെ സഹായിക്കുന്നതിനും യുവജനങ്ങളുടെ സഹകരണം ഏററവും ആവശ്യമാണ്.

## സേവികാസംഘം

ഇടവകയുടെ രൂപീകരണം മുതൽ സേവികാസംഘത്തിൻെറ ശാഖ ഇവിടെ ആരംഭിച്ചു. പ്രാരംഭകാലങ്ങളിൽ സൗകര്യങ്ങളുടെ പരിമിതി ഉണ്ടായിരുന്നിട്ടും, തീക്ഷ്ണതയോടെ പ്രവർത്തിച്ച ഈ ശാഖ, ഇന്നു് അതേ തീക്ഷ്ണതയോടെ പ്രവർത്തിക്കുകയും, വളർച്ചയുടെ പാതയിലായിരിക്കുകയുമാണ്. ഇടവകയുടെ സേവികാസംഘം വിജയകരമായി നടന്നുവരുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഓരോ ഭാഗത്തുമുള്ള സ്ത്രീകൾ ഇതിനുവേണ്ടി മുൻകൈ എടുക്കുന്നത് എത്രയോ അഭിലഷണീയമാണ്. ഇടവകയുടെ വികസനപ്രവർത്തനങ്ങളിലും ആത്മീക കൂട്ടായ്മകളിലും സംഘം ഗണ്യമായ പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു. ഇടവകയുടെ പ്രവർത്തനങ്ങളിൽ (പള്ളിപണി, പാഴ്സനേജ് പണി) പങ്ക് ചേരുകയും സാമ്പത്തികമായ സഹായം നല്കുകയും ചെയ്തു.

എല്ലാ ആഴ്ചയിലും സേവികാസംഘ കൂട്ടങ്ങൾ ഓരോ ഭാഗത്തുവച്ച് നടന്നുവരുന്നു. ചൊവ്വാഴ്ച ചൂരിയോട്, ബുധനാഴ്ച തച്ചമ്പാറയിലും, മരുതംകാടും, വെള്ളിയാഴ്ച കരിമ്പയിലും, ഇരുമ്പാമുട്ടിയിലും, ശനിയാഴ്ച പള്ളിഭാഗത്തുംവച്ച് സേവികാസംഘ യോഗങ്ങൾ ക്രമമായി ഇപ്പോൾ നടന്നുവരുന്നു.

ഓരോ മാസത്തിൻെറയും ആദ്യത്തെ ശനിയാഴ്ച പള്ളിയിൽവച്ച് മാസാരംഭ യോഗവും നടക്കുന്നുണ്ട്.

സേവികാസംഘ വാരത്തിൽ അക്രൈസ്തവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ക്രിസ്തീയസാക്ഷ്യം നിറവേററുകയും ചെയ്തുവരുന്നു. തച്ചമ്പാറ ദീനബന്ധു ഹോസ്പിററൽ സന്ദർശിച്ച് രോഗികൾക്കു ആശ്വാസം പകരുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, അർഹരായ ആളുകൾക്ക് സാമ്പത്തിക സഹായം നല്കുകയും ചെയ്യുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളെ സഹായിക്കുന്നതിൽ ചില ഭാഗത്തുള്ള സേവികാസംഘ അംഗങ്ങൾ കാണിക്കുന്ന ശുഷ്കാന്തി പ്രശംസനീയമാണ്.

അർഹരായ ആളുകളെ സഹായിക്കുന്നതിലേക്കായി വിവാഹ സഹായ ഫണ്ട് രൂപീകരിക്കുകയും, അതിനായി ഒരു കോഴി അല്ലെങ്കിൽ 10 രൂപ, നല്കുകയും വേണമെന്ന ആഹ്വാനം സംഘാംഗങ്ങൾ ശ്രവിക്കുകയും സംഭാവന നല്കുകയും ചെയ്തു. സേവികാസംഘത്തിൻെറ ഈ ഉദ്യമം ശ്ലാഘനീയമത്രെ. കേന്ദ്ര സേവികാസംഘവുമായി നല്ല ബന്ധം പുലർത്തുന്ന ഈ ശാഖ, കേന്ദ്രത്തിലേക്ക് നല്കേണ്ട എല്ലാ പിരിവുകളും നല്കി സഹായിച്ചിട്ടുമുണ്ട്.

## പ്രാർത്ഥന കൂട്ടങ്ങൾ

ആരംഭകാലത്ത് 8 ഭവനങ്ങളും ഒരു പ്രാർത്ഥന യോഗവും ഉണ്ടായിരുന്ന ഈ ഇടവകയ്ക്ക് ഇന്നു് 170ഓളം വീടുകളും, ചൂരിയോട്, തച്ചമ്പാറ, പള്ളിഭാഗം, കരിമ്പ, കല്ലടിക്കോട്, ഇരുമ്പാമുട്ടി ഇങ്ങനെ 6 പ്രാർത്ഥനായോഗങ്ങളും ഉണ്ട്. എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്കുശേഷം അതാതുഭാഗത്തുവച്ച് വീടുകൾതോറും പ്രാർത്ഥനക്കൂട്ടങ്ങൾ ക്രമമായി നടന്നുവരുന്നു. ഇടവകയുടെ ആത്മീക ജീവിതത്തിൻെറ നട്ടെല്ല് പ്രാർത്ഥന യോഗങ്ങളാണെന്നുള്ള വസ്തുത വിസ്മരിക്കപ്പെടുന്നുവോ എന്നു തോന്നുമാറുള്ള അനുഭവം പല പ്രാർത്ഥന യോഗങ്ങളിലുമുണ്ടാകുന്നു എന്നുള്ളത് വിസ്മരിക്കുന്നില്ല

എല്ലാഭാഗത്തും സണ്ടേസ്കൂൾ നടത്തുന്നതിനും, പ്രാർത്ഥനാകൂട്ടങ്ങൾ നടത്തുന്നതിനും, കൂട്ടായ്മ യോഗങ്ങൾ നടത്തുന്നതിനും, പ്രാർത്ഥനാലയങ്ങൾ ഉണ്ടാകേണ്ടത് ഏററവും ആവശ്യമാണ്. അതിനുവേണ്ടി പല പ്രാർത്ഥന യോഗങ്ങളും ശ്രമിക്കുന്നു എന്നതു് പ്രശംസാർഹമത്രെ. കല്ലടിക്കോട്,



സേവികാസംഘം

ചൂര്യോട്ട് ഈ സ്ഥലങ്ങളിൽ, 1968 ൽ പൊതു സ്ഥലം സമ്പാദിച്ച് പ്രാർത്ഥനാലയത്തിന് തറ കെട്ടിയതിനുശേഷം പണികൾ പുരോഗമിക്കാതെ സ്തംഭനാവസ്ഥയിൽ കിടക്കയാണ്. ചൂര്യോട്ട് ഭാഗത്തുള്ളവർ അതിന്റെ പണി പുനരാരംഭിക്കുവാൻ ശ്രമിക്കുകയാണ്. 1377ൽ തച്ചമ്പാറയിൽ ഒരു സ്ഥലം വാങ്ങി പ്രാർത്ഥനാലയത്തിന്റെ പണി തുടർന്നു വരുന്നു. ഇരുമ്പാമുട്ടിയിൽ ഒരു പ്രാർത്ഥനാലയത്തിന്റെ പണിയ്ക്കാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, അട്ടപ്പാടി കൂട്ടായ്മയും ഈ ഇടവകയുടെ പ്രാർത്ഥനാകൂട്ടമായി താൽക്കാലികമായി അംഗീകരിച്ചിരിക്കുകയാണ്. അട്ടപ്പാടി, തച്ചമ്പാറ ഈ പ്രാർത്ഥനാലയങ്ങൾക്ക് ഇടവകയിൽനിന്ന് ധനസഹായം നല്കിയിട്ടുമുണ്ട്.

പ്രാർത്ഥനായോഗങ്ങൾ കൂടാതെ എല്ലാ ബുധനാഴ്ച വൈകിട്ടും പാഴ്സനേജിൽ വെച്ചും, എല്ലാ വെള്ളിയാഴ്ച വൈകിട്ട് ഓരോ ഭവനങ്ങളിൽവച്ചും കൂട്ടായ്മ യോഗങ്ങൾ നടന്നു വരുന്നുണ്ട്.

ദ്രുതഗതിയിലുള്ള പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, കാൽ നൂറ്റാണ്ടു ഇടവകയായി, സംഘടനകളായി പ്രവർത്തിപ്പാൻ ദൈവം നമ്മെ അനുവദിച്ചു. "ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവ കുഞ്ഞാടിനെ" ചൂണ്ടിക്കാണിച്ചുകൊടുത്ത യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയാണല്ലോ സഭയായി നമ്മുടെ സുപ്രധാനമായ ദൗത്യം. ഈ ദൗത്യ നിർവ്വഹണത്തിന് "സിംഹാസനത്തിന്റെയും, നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും നില്ക്കുന്ന അറുക്കപ്പെട്ട കുഞ്ഞാടായ" ദിവ്യ രക്ഷകന്റെ ദർശനം നമുക്കും ലഭിക്കേണ്ടതാണ്. ഈ മഹത്തായ ദർശനം കണ്ടിട്ടും നമ്മുടെ ശുശ്രൂഷ നിർവ്വഹിക്കുന്നതിൽ പലവിധ വീഴ്ചകളും താഴ്ചകളും വന്നുപോയിട്ടുണ്ടെന്നുള്ളത് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. തന്റെ ശുശ്രൂഷയ്ക്കായി നമ്മെ വിളിച്ച് വേർതിരിച്ച്, ബലഹീനതകൾ കണക്കിടാതെ നമ്മെ അനുഗ്രഹിച്ച് ബലപ്പെടുത്തിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗസ്ഥ പിതാവിനെ സ്തുതിക്കാം, ഇടവകയായി നാം നിർവ്വഹിക്കേണ്ട എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ ദിവ്യ ദർശനവും ആന്തരിക പ്രചോദനവും നിരന്തരമായി ലഭിച്ചുകൊണ്ടിരിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യാം.



# ഇടവകയിലെ ഇപ്പോഴത്തെ പ്രാർത്ഥനായോഗങ്ങളും ഭവനങ്ങളും

**ചുരേത്യാട്ട്**

1 ചാക്കോ അലക്സാണ്ടർ, തെക്കെമുറിയിൽ
2 മറിയാമ്മ ചെറിയാൻ, ,,
3 അലക്സാണ്ടർ, ,,
4 എബ്രഹാം ,,
5 വർഗ്ഗീസ് ,,
6 ററി. സി. ചാക്കോ ,,
7 ററി. എ. ജോർജ്ജ് ,,
8 ഏലിയാമ്മ ചെറിയാൻ, ,,
9 ചെറിയാൻ ചെറിയാൻ, ,,
10 ററി. എ. എബ്രഹാം ,,
11 മത്തായി ഇട്ടൂപ്പുട്ടി, പൂവത്താനത്ത്
12 തോമസ്, പടിയറ
13 അന്നമ്മ വർഗ്ഗീസ്, പടിയറ
14 തോമസ് തോമസ് പടിത്തറയ്ക്കൽ
15 ജോർജ്ജ്, ചുഴലിയ്ക്കൽ
16 മത്തായി കുരുൻ ,,
17 ചെറിയാൻ ചാക്കോ, പട്ടേരിൽ
18 ഇട്ടിമാത്യു, ,,
19 ശോശാമ്മ ജോർജ്ജ്, ,,
20 എബ്രഹാം മത്തായി, കഴിക്കാലായിൽ
21 മറിയാമ്മ മത്തായി, ,,
22 ഇസ്ഹാക്ക മത്തായി, കമ്പളോലിൽ
23 മത്തായി മത്തായി, ,,
24 തോമസ് മത്തായി, തറകുന്നിൽ
25 ജോൺ മത്തായി, തറകുന്നിൽ
26 വർഗ്ഗീസ് മത്തായി, ,,
27 ജോർജ്ജ് ഉമ്മൻ, തേക്കാട്ടിൽ
28 ശമുവേൽ ഉമ്മൻ, ,,
29 വി വി. വർഗ്ഗീസ്, വലിയതാന്നിക്കൽ
30 ദാനിയേൽ, എലിമുള്ളിൽ
31 സി. ററി. തോമസ് ചക്കാലമണ്ണിൽ
32 കെ. ഐ കുരുൻ, കൊച്ചുപറമ്പിൽ
33 തോമസ് എബ്രഹാം, ,,
34 എം. ഒ. ഐക്ക്, മാവിള
35 എൻ. കെ. ജോസഫ്, നാകാപുരത്ത്
36 എം. സി. ജോൺ, മുരുപ്പേൽ
37 ററി. എ മാത്യു, കൊച്ചിപറമ്പിൽ
38 ഉലഹന്നാൻ വർഗ്ഗീസ്, ഈരേച്ചേരിൽ
39 കെ. എം. ചാക്കോ കൊച്ചുപറമ്പിൽ
40 എബ്രഹാം, കെ. വി.
St പോംസ് ഡിസ്പൻസറി
41 വർഗ്ഗീസ്, മാളിയേക്കൽ

**തച്ചമ്പാറ**

42 വർഗ്ഗീസ് കോശി, ശാന്തിപുരം
43 വർഗ്ഗീസ് തോമസ് ,,
44 ഫിലിപ്പ് തോമസ്, മേപ്രത്തുനിരവിൽ
45 ബേബി തോമസ്, കിടാരക്കുഴിയിൽ
46 വി എം. ഈശോ, കോയിക്കലേത്ത്.
47 പി. ജെ. വർഗ്ഗീസ്, പ്ലാന്തോട്ടത്തിൽ
48 പി വി. വർഗ്ഗീസ്, പ്ലാവിള.
49 കെ എം. എബ്രഹാം, മുല്ലമംഗലത്ത്.
50 മറിയാമ്മ വർഗ്ഗീസ്, കല്ലുംപറമ്പിൽ.
51 എം. എ തോമസ്, മേപ്രത്ത്
52 കെ. എം. തോമസ്, കഴിക്കാലായിൽ.
53 പി എം. ജോർജ്ജ്, പുളിയിലേത്ത്.
54 തോമസ് മാത്യു. ,,
55 എബ്രഹാം മത്തായി ,,
56 പി. ഐ. ഉമ്മൻ, മാവിള.
57 ജോൺ സോളമൻ, ചോഴിയാട്ടിൽ.
58 ററി. ഒ ജോൺ, താന്നിമൂട്ടിൽ.
59 പി. എം. വർഗ്ഗീസ്, പട്ടേരിൽ
60 ഗീവർഗ്ഗീസ്, കോശി, കൈമണ്ണിൽ.
61 കെ ഒ. കുരുൻ, കോയിക്കലേത്ത്.
62 കെ. ജി തോമസ്, കുററാഴത്തിൽ.
63 ഡോ: എ. കെ. ജോർജ്ജ്, പറമ്പോട്ടിൽ
64 കെ എ ചെറിയാൻ,
കൊച്ചുപറമ്പിൽ മുടമ്പള്ളിക്കുഴിയിൽ
65 എബ്രഹാം മാത്യു, കരിക്കാട്ടിൽ.
66 മാത്തൻ എബ്രഹാം, ,,
67 കരുവിള, ,,
68 ശമുവേൽ, തേവരോട്ട്
69 കരുൻ മത്തായി, തേവരോട്ട്.
70 എബ്രഹാം, തേവരോട്ട്
71 മാത്യു, ,,
72 വർഗ്ഗീസ്, ,,
73 ജോർജ്ജ് ജോൺ, പടിപ്പുരയ്ക്കൽ.
74 മറിയാമ്മ ചാക്കോ, കുററിപ്പുറത്ത്.
75 എം കെ. ജോർജ്ജ്, മുളംകുന്നിൽ

**പള്ളിഭാഗം**

76 റവ: കുരുൻ തോമസ്, പാഴ്സനേജ്.
77 ചാക്കോ ജോൺ, വിത്തിരിക്കുന്നേൽ.
78 കരുവിള ജോസഫ്, മററത്ത്.

79 മാത്തൻ മത്തായി, തൊക്കമുറിയിൽ.
80 ററി എം മത്തായി, ,,
81 കെ. എ എബ്രഹാം, കച്ചുകഴിമേപ്രത്തു്.
82 സാറാമ്മ, മരങ്ങാട്ടു്.
83 പി. എം. മാത്യൂസ്, പുത്തുരേത്തു്.
84 പി. എം. ജോർജ്ജ്, ,,
85 പി. കെ. എബ്രഹാം, പട്ടേരിൽ.
86 കെ. വി നൈനാൻ, കരോട്ടു്.
87 കെ ഇ വർഗ്ഗീസ്, ,,
88 തോമസ് മാത്യു, തയ്യിൽ.
89 വി. സി. ഐയ്പ്, വടക്കേടത്തു്.
90 കുരുൻ പൌലാസ്, മണ്ണാരത്തു്.
91 ഫിലിപ്പ് ചിറയ്ക്കൽ.
92 എബ്രഹാം, ,,
93 മാത്യു, ,,
94 കെ എ എബ്രഹാം, കുന്നംപുറത്തു്.
95 വി എം ചാക്കോ, വലുവീട്ടിൽ.
96 പി. ററി സഖറിയ, പുത്തൻപറമ്പിൽ.
97 കെ ഇ. തോമസ്, പൂവത്താനത്തു്.
98 കോരുള മാത്യു, കല്ലറവാലിക്കൽ.
99 ററി. ററി. മത്തായി, തേലമല.
100 വർഗ്ഗീസ് തോമസ്, ,,
101 വി. ജെ വർഗ്ഗീസ്, വേണാട്ടു്.
102 വി ജെ. തോമസ്, ,,
103 ശോശാമ്മ ജോൺ, ,,
104 സി ററി തോമസ്, എട്ടുർപ്ലാക്കീഴ്.
105 പി ററി ചാക്കോ, പനംതോട്ടത്തിൽ.
106 ചാക്കോ മത്തായി, തെക്കേമുറിമേപ്രത്തു്.
107 ചെറിയാൻ മത്തായി, പാട്ടേരിൽ.
108 യോഹന്നാൻ മത്തായി, ആഞ്ഞിലിമാവേലിൽ.
109 സാറാമ്മ ചെറിയാൻ, പഴയമഠത്തിൽ.
110 വി ജെ വർഗ്ഗീസ്, ,,
111 പി. ജെ. എബ്രഹാം, ,,
112 അന്നമ്മ ചാണ്ടി, തേരടപ്പുഴ.
113 വി. എ ജോസഫ്, വരിക്കാനിക്കഴിയിൽ

### കരിമ്പ & മരുതംകാട്ട്

114 ഗ്രേസി മാത്യു, മോടയിൽ.
115 തോമസ് സ്ക്കറിയ, പുറത്തൂട്ടു്.
116 അന്നമ്മ, കളങ്ങര.
117 മാത്തൻ മാത്തൻ, മണ്ണിപ്പറമ്പിൽ.
118 കെ. ജി. ജോർജ്ജ്, ചാലാശ്ശേരിൽ.
119 സി പി. തോമസ്, കുഞ്ചാംകാലായിൽ.
120 കെ ററി. ചാണ്ടപ്പിള്ള, കോയിലാത്തുമണ്ണിൽ.
121 മാമ്മൻ മാത്യു, പന്നിക്കഴി കരോട്ടു്.
122 ററി. ജെ. ജേക്കബ്ബ്, തണ്ടംങ്ങപതിക്കൽ.
123 ജേക്കബ്ബ് കോശി, ശാന്തി നിവാസ്.
124 പി ററി. തോമസ് ചാവടിയിൽ.
125 സി ജെ. ഫിലിപ്പ് ചെറുകര.
126 ജോർജ്ജ്, വാറു കുന്നേൽ.
127 എം. എ ജോൺ, മണ്ണിൽ.
128 എം. എം ജോസഫ് മണ്ണാത്തിമാക്കൽ.
129 മാത്തൻ ചാക്കോ, കാവുങ്കൽ.
130 ദാനിയേൽ, മുരുപ്പേൽ.
131 ചാക്കോ നൈനാൻ, കാവുങ്കൽ.
132 ചാക്കോ മാത്യു, ,,
133 കെ. സി വർഗീസ്, കൊച്ചുപനയ്ക്കൽ
134 കെ. സി. ശമുവേൽ, ,,
135 കെ. സി മാത്യു, ,,
136 പി. വി. ചാക്കോ, പാലത്തുങ്കൽ.
137 പി. ജി ജോർജ്ജ്, പള്ളിയമ്പിൽ.
138 എം വി ചാക്കോ, മരങ്ങാട്ടു്.
139 ചാക്കോ, പാലക്കഴി.
140 വി. എം. കുരുൻ, വലുവീട്ടിൽ.
141 ചെറിയാൻ കുരുൻ, പട്ടേരിൽ.
142 ഇട്ടി വർഗീസ് പട്ടേരിൽ.
143 മത്തായി ജോൺ, പുത്തൻപറമ്പിൽ.

### കല്ലടിക്കോട്.

144 ഈപ്പൻ, കിഴക്കേൽ.
145 ററി ററി, ജോർജ്ജ്, കുന്നത്തു്.
146 കെ. ഇ വർഗീസ്, പൂവത്താനത്തു്.
147 കെ. സി. തോമസ്, കൊച്ചുപനയ്ക്കൽ.
148 വി എം. ജോസഫ്, വലുകാലായിൽ.
149 ചാക്കോ ചാക്കോ, കുവക്കരപീടിക
150 വർഗീസ്, മററത്തിൽ.
151 കെ. ഐ അച്ചൻ കുഞ്ഞു്, വലുവീട്ടിൽ.
152 ജോൺ, പ്ലാക്കട്ടപ്പിൽ.
153 യോഹന്നാൻ ജോൺ പ്ലാക്കാട്ടപ്പിൽ
154 മാത്യു സി. ഫിലിപ്പ്, കുഞ്ചാംകാലായിൽ.
155 ഇടിക്കള ചാക്കോ, മുണ്ടയ്ക്കൽപീടിക.
156 ററി. എ എബ്രഹാം, താന്നിമുണ്ടയ്ക്കൽ.
157 സ്ക്കറിയ വർഗീസ്, പുത്തൻപറമ്പിൽ.
158 ജോർജ്ജ് വൈദ്യൻ, ശാന്തഭവനം.
159 Mrs. എൻ. എം. ദാനിയേൽ, നെടിയകാലായിൽ.

### ഇരുമ്പാമുട്ടി.

160 ററി. സി. ഫിലിപ്പോസ്, തെക്കേപറമ്പിൽ.
161 സ്ക്കറിയ, കാട്ടുമററത്തിൽ.
162 എം. എം മത്തായി, മണ്ണാത്തിമാക്കൽ
163 പി. ജെ കുരുൻ, പാപ്പള്ളിച്ചിറ.
164 ഗീവർഗീസ്, തച്ചിരിക്കൽ.
165 വർഗീസ്, ,,
166 പി. ഐ. ചാണ്ടി, പുളിന്തറക്കുന്നേൽ.
167 ഏലിയാസ് വർഗീസ്, പൂന്തോട്ടത്തിൽ.

# ഇടവകയുടെ പ്രാരംഭകാലംമുതലുള്ള
# ഔദ്യോഗിക ഭാരവാഹികൾ

ട്രസ്റ്റികൾ

1. മി: വി. ജി. ജോൺ, വേണാട്ട്.
2. ,, റ്റി. എൻ. ചാണ്ടി, തേരടപ്പുഴ.
3. ,, പി. എം. ജോർജ്ജ്, പട്ടേരിൽ.
4. ,, എം. ഒ. ഐസക്ക്, മാവിള.
5. ,, പി. എം. മാത്യൂസ്, പുത്തുരത്ത്.
6. ,, പി. റ്റി. തോമസ്, ചാവടിയിൽ.
7. ,, എൻ. എം. ദാനിയേൽ, നെടിയകാലായിൽ
8. Dr. പി. ഐ. എബ്രഹാം, പറപ്പള്ളിച്ചിറ.
9. Mr. പി. ഐ. ചാണ്ടി, പുളിന്തറക്കുന്നേൽ.
10. ,, കെ. ജി. തോമസ്, കുറ്റോഴത്തിൽ.
11. ,, ജേക്കബ് കോശി, ശാന്തിനിവാസ്.
12. ,, വി. ജെ. വർഗീസ്, വേണാട്ട്

(ഇപ്പോഴത്തെ ട്രസ്റ്റി)

കണക്കന്മാർ

1. മി: വി. സി. ഐയ്പ്, വടക്കീടത്ത്.
2. ,, കെ. വി. ഈപ്പൻ, കരോട്ട്.
3. ,, വി. ജെ. തോമസ്, വേണാട്ട്.
4. ,, പി. എം. വർഗീസ്, പട്ടേരിൽ
5. ,, ചാണ്ടപ്പിള്ള, കോളോത്തുമണ്ണിൽ.
6. ,, റ്റി. റ്റി. തോമസ്, തേലമല

(ഇപ്പോഴത്തെ കണക്കൻ)

സെക്രട്ടറിമാർ

1. മി: വി. സി. ഐയ്പ്, വടക്കീടത്ത്.
2. ,, കെ. വി. ഈപ്പൻ, കരോട്ട്.
3. ,, വി. എം. എബ്രഹാം, വലുവീട്ടിൽ.
4. ,, പി. എം. എബ്രഹാം, പട്ടേരിൽ.
5. ,, ചെറിയാൻ ചാക്കോ, പട്ടേരിൽ.
6. ,, കെ. വി. നൈനാൻ, കരോട്ട്.
7. ,, വി. ജെ. വർഗീസ്, വേണാട്ട്.
8. ,, തോമസ് പി. തോമസ്, എടൂർപ്ലാക്കീഴ്.
9. ,, പി. കെ. മാത്യു, പട്ടേരിൽ.
10. ,, കെ. എ. എബ്രഹാം, ചിറക്കൽ

(ഇപ്പോഴത്തെ സെക്രട്ടറി)

ആത്മായ ശുശ്രൂഷകന്മാർ

1. Mr. വി. ജി. ജോൺ, വേണാട്ട്
2. ,, എൻ. എം. ദാനിയേൽ, നെടിയകാലായിൽ.
3. ,, കെ. ജി. തോമസ്, കുറ്റോഴത്തിൽ
4. ,, പി. കെ. എബ്രഹാം, പട്ടേരിൽ
5. ,, ജോൺ ഫിലിപ്പ് ചെറുകര.
6. ,, റ്റി. റ്റി. തോമസ്, തേലമല

മണ്ഡലാംഗങ്ങൾ:

1. Mr. പി. എം. മാത്യൂസ്, പുത്തുരേത്ത്
2. ,, എൻ. എം. ദാനിയേൽ, നെടിയകാലായിൽ
3. ,, പി. ഐ. ചാണ്ടി, പുളിന്തറക്കുന്നേൽ.
4. Dr. എ. കെ. ജോർജ്ജ്, പറമ്പാട്ടിൽ

(ഇപ്പോഴത്തെ അംഗം)

അസംബ്ളി അംഗങ്ങൾ:

1. Mr. വി. ജെ. വർഗീസ്, വേണാട്ട്.
2. ,, പി. റ്റി. തോമസ്, ചാവടിയിൽ.
3. ,, കെ. ജി. തോമസ്, കുറ്റോഴത്തിൽ.
4. ,, സി. ജെ. ഫിലിപ്പ്, ചെറുകര.
5. ,, റ്റി. റ്റി. മത്തായി, തേലമല.
6. ,, വി. ജെ. തോമസ്സ്, വേണാട്ട്
7. ,, ജേക്കബ് കോശി, ശാന്തിനിവാസ്

(6, 7: ഇപ്പോഴത്തെ അംഗങ്ങൾ)

വൈസ് പ്രസിഡന്റന്മാർ:

1. Mr. പി. റ്റി. തോമസ്, ചാവടിയിൽ
2. ,, റ്റി. എൻ. ചാണ്ടി, തേരടപ്പുഴ.
3. ,, വി. സി. ഐയ്പ്, വടക്കീടത്ത്.
4. Dr. പി. ഐ. എബ്രഹാം, പറപ്പള്ളിച്ചിറ.
5. Mr. എൻ. കെ. ജോസഫ്, നാകപുരത്ത്.
6. ,, ജേക്കബ് കോശി, ശാന്തിനിവാസ്

(ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്)

ശുശ്രൂഷകന്മാർ

1. Mr എം വി. ചാക്കോ, മരങ്ങാട്ട്.
2. ,, ചാക്കോ മത്തായി, തെക്കേമുറി മേപ്രത്ത്.
3. ,, കുരുൻ പൌലോസ്, മണ്ണാരത്ത്



(ഇപ്പോഴത്തെ ശുശ്രൂഷകൻ)

1978ലെ ഇടവക കൈസ്ഥാന സമിതി.

1 Rev: കുരുൻ തോമസ് (പ്രസിഡണ്ട്)
2. Mr: ജേക്കബ് കോശി, (വൈസ്പ്രസിഡണ്ട്)
3 ,, വി. ജെ വർഗ്ഗീസ് (ട്രസ്റ്റി)
4 ,, ററി. ററി തോമസ് (കണക്കൻ)
5. ,, കെ എ എബ്രഹാം (സെക്രട്ടറി)
6 Dr എ കെ ജോർജ്ജ് (മണ്ഡലാംഗം)
7. Mr: ജേക്കബ് കോശി (അസംബ്ലി മെമ്പർ)
8. ,, വി. ജെ തോമസ് ( ,, )
9. ,, ജോർജ്ജ് മാത്യു (ചൂരക്കോട്)
10. ,, എൻ. കെ ജോസഫ് ( ,, )
11 ,, പി. എം. ജോർജ്ജ് (തച്ചമ്പാറ)
12. ,, ഗീവർഗീസ് കോശി ( ,, )
13. ,, വി. ജെ തോമസ് (പള്ളിഭാഗം)
14. ,, ജോൺ ഫിലിപ്പ് (കരിമ്പ)
15 ,, ചെറിയാൻ കുരുൻ ( ,, )
16. ,, പി ഐ ചാണ്ടി (ഇരുമ്പാമുട്ടി)
17. ,, പി കെ എബ്രഹാം (സണ്ടേസ്കൂൾ)
18. ,, എ എം. തോമസ് (യുവജനസഖ്യം)
19. Mrs ആച്ചിയമ്മ കുരുവിള (സേവികാസംഘം)

കണക്കു പരിശോധകർ

1 Mr സി ററി തോമസ്, എടൂർ പ്ലാക്കീഴ്.
2. ,, എം എം. മത്തായി, മണ്ണിപ്പറമ്പിൽ

രജത ജൂബിലി – കൺവൻഷൻ കമ്മററി.

1. Rev. കുരുൻ തോമസ് (പ്രസിഡണ്ട്)
2. Mr. വി ജെ. വർഗീസ് (കൺവീനർ)
3. ,, പി. ഐ ചാണ്ടി.
4. ,, വി. സി. ഐയപ്പ്.
5. ,, ജേക്കബ് കോശി.
6. ,, കെ. ററി ചാണ്ടപ്പിള്ള.
7. ,, കെ. ഐ അച്ചൻകുഞ്ഞ്.
8. ,, വി ജെ. തോമസ്.
9. ,, കെ ഇ. വർഗീസ്.
10. Mrs ആച്ചിയമ്മ കുരുവിള.

യുവജനസഖ്യം

1. Rev കുരുൻ തോമസ് (പ്രസിഡണ്ട്)
2. Mr വി സി. ഐസ്സ് (വൈസ്പ്രസിഡണ്ട്)
3. ,, മാത്യു ചെറിയാൻ (സിക്രട്ടറി)
4. Miss ആനി തോമസ് (ലേഡി സെക്രട്ടറി)
5. Mr. പി. സി രാജൻ (കണക്കൻ)

സേവികാസംഘം

1 Rev. കുരുൻ തോമസ് (പ്രസിഡണ്ട്)
2 Mrs. ആച്ചിയമ്മ കുരുവിള (വൈ പ്രസിഡണ്ട്)
3. Mrs. തങ്കമ്മ ജോർജ്ജ് (സെക്രട്ടറി)
4. Mrs. അന്നമ്മ തോമസ് (ട്രഷറർ)

## സണ്ടേസ്കൂൾ അദ്ധ്യാപകർ

ചൂരക്കോട്

1. Mr. ജോർജ്ജ് മാത്യു (ഹെഡ്മാസ്റ്റർ)
2. ,, തോമസ് എബ്രഹാം.
3. ,, കെ എ. കുരുൻ.
4. ,, ചെറിയാൻ ചാക്കോ.
5. Miss സാറാമ്മ ഐസക്ക്.
6. ,, വത്സ ജോർജ്ജ്.

തച്ചമ്പാറ

1. Mr. എബ്രഹാം മത്തായി (ഹെഡ്മാസ്റ്റർ)
2. ,, പി. വി. വർഗീസ്.
3. ,, ഈശോ മാമ്മൻ.
4. ,, ററി. എം. ശമുവേൽ.
5. ,, പി. വി ജോൺ
6 Miss ലിസി എബ്രഹാം.
7. ,, മേരിക്കുട്ടി.

പള്ളിഭാഗം

1. Mr വി. സി. ഐസ്സ് (ഹെഡ്മാസ്റ്റർ)
2. ,, പി. കെ എബ്രഹാം.
3. ,, വി ജെ. തോമസ്.
4. ,, ററി. എം മത്തായി.
5 ,, ജോൺ മാത്യു.
6. ,, ററി. ററി തോമസ്
7. ,, വി. സി. ചാക്കോ.
8. ,; മാത്യു ചെറിയാൻ.

കല്ലടിക്കോട്

1. Miss. ലീലാമ്മ (ഹെഡ് മിസ്ട്രസ്)
2. ,, മറിയാമ്മ ജോൺ.
3. ,, സാറാമ്മ ജോൺ.

ഇരുമ്പാമുട്ടി.

1. Mr. പി. ഐ. ചാണ്ടി (ഹെഡ്മാസ്റ്റർ)
2. ,, പി. സി. രാജൻ.
3 ,, ററി. വി മാത്യു.

# *Our Advertisers*

1 A. G. Janardhanan
2 A. V. & Co.,
3 C. A. John
4 C. A. Kareem
5 C. K. Mohammad
6 C. M. C. Press
7 C. Nachimuthu Chettiar & Sons
8 C. V. Thomas
9 Dr. K. Thomas Alexander
10 Dr: P. A. Kurian
11 George Thomas
12 Glass House
13 Gody Engineering Works
14 Jacob Koshy & Co,
15 J. J. Printers
16 Mali Studio
17 M. Chidambaram
18 P. Periasamy
19 P. I. Thomas
20 Palghat District Rubber Marketing Society
21 P. Janardhanan
22 P. M. George
23 P. I. Mathukutty
24 Selections
25 Shoba & Afzal
26 Sri Vasavi Trading Co,
27 Sri Venketeswara & Co,
28 Surabi
29 Starwin College
30 Steelex Agencies
31 T. C. George
32 T. C Ninan
33 Theradapuzha Commercial Agencies
34 Vidyarthimitram
35 Yemkay Agencies

C. M. C Press, Guruvayur Road, Kunnamkulam.

With best compliments from:

# Jacob Koshy & Co.,

## KARIMBA

DEALERS IN:

***Raw Rubber and other Hill produce***

*Telephone:* 39 **Thachampara.**

WITH THE BEST COMPLIMENTS FROM:

*Phone: 4784*

**Theradapuzha Commercial Agencies**

(AGENTS FOR FACT LTD.)

12/706, **Kunnathurmedu**

***PALGHAT***

&

**T. C. Mathai & Company**

ENGINEERS & CONTRACTORS

THERADAPUZHA

**KUNNATHURMEDU**

***PALGHAT*** - *678013*

Phones: **3670, 4784**